2.24

ശ്രീരാമവർമ്മഗ്രന്ഥാവലി, നമ്പർ 43

ശ്രീ

പ്രഹ്ലാദചരിതം.

(കിളിപ്പാട്ട്)

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു

പ്രസിദ്ധപ്പെടുത്തുന്നതു്.

224

ശ്രീരാമവർമ്മഗ്രന്ഥാവലി, നമ്പർ 43.

ശ്രീ

പ്രഹ്ലാദചരിതം.

(കിളിപ്പാട്ട്)

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു

പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി 500

1114.

എറണാകുളം

സനാതനധർമ്മം അച്ചുക്കൂടത്തിൽ

അച്ചടിച്ചതു്.

പകർപ്പവകാശം കമ്മിററിക്കു മാത്രം] [വില 10 ണ

മുഖവുര.

'പ്രഹ്ലാദചരിതം' എന്ന ഈ പുസ്തകം, ഭാഷാപരിഷ്കരണക്കമ്മിററിവക പ്രസിദ്ധീകരണങ്ങളുടെ ആവശ്യത്തിലേയ്ക്കു, തൃപ്പൂണിത്തുറ ഗ്രന്ഥശാലയിൽ ശേഖരിച്ചിട്ടുള്ള പഴയ ഗ്രന്ഥങ്ങൾ പരിശോധിച്ചപ്പോൾ കണ്ടുകിട്ടിയതാണ്. ഈ കിളിപ്പാട്ട് കേരളത്തിലെ ഒന്നാംകിടശുകഗാനങ്ങളുടെ ഗണത്തിൽ പെടുത്തുവാൻ തക്ക കവിതാഭംഗിയോ ഉല്ലേഖചാതുര്യമോ ഉള്ളതല്ലെങ്കിലും, ആകപ്പാടെ ഒരൊഴുക്കും പ്രസന്നതയുമുള്ളതും വിശേഷിച്ച് പഞ്ചവിധഭക്തികളിൽ വെച്ച് സ്നേഹരൂപവും ക്രോധരൂപവുമായ ഭക്തികളുടെ പ്രകർഷം പ്രസ്ഫുരിക്കുന്നതുമായ ഒരു കൃതിയാകയാൽ, ഇതിന്റെ പ്രസിദ്ധീകരണം കമ്മിററിയിൽ നിന്നു ചെയ്യാൻ തീരുമാനിച്ചതാകുന്നു.

പ്രഹ്ലാദചരിതത്തിലെ ഇതിവൃത്തം ഭാഗവതമഹാപുരാണത്തിൽ പ്രസിദ്ധമാണല്ലോ. മൂലകഥയിൽനിന്നു പറയത്തക്ക വ്യതിയാനമൊന്നും കിളിപ്പാട്ടിൽ വരുത്തീട്ടില്ല. ഭക്തനായ പ്രഹ്ലാദന്റെ ഹിരണ്യകശിപുവിനോടുള്ള വചനങ്ങൾ, സഹപാഠികളോടുള്ള ഉപദേശം, വിഷ്ണുഭഗവാൻ പ്രത്യക്ഷീഭവിക്കുന്നത് എന്നു തുടങ്ങിയ ഭാഗങ്ങൾ ഈ കഥയിൽ അതിപ്രധാനമായ സന്ദർഭങ്ങളാണ്.

അവയുടെ വൎണ്ണനയിൽ ഈ കിളിപ്പാട്ടിൻെറ പ്രണേതാവും സവിശേഷം മനസ്സിരുത്തീട്ടുണ്ട്. ഹിരണ്യകശിപുവും പ്രഹ്ലാദനും തമ്മിൽ അനേകം തവണ കൂടിക്കാണുകയും സംസാരിക്കുകയും ചെയ്യുന്നുണ്ട്. ഈ കൂടിക്കാഴ്ചകൾ ഓരോന്നിലും ഹിരണ്യന്നു വിഷ്ണുഭഗവാൻെറ പേരിലുള്ള വിദ്വേഷവും തന്മൂലകമായ ക്രോധവും അധികമധികം വൎദ്ധിച്ചുവരുന്നു; അതുപോലെതന്നെ, പ്രഹ്ലാദന്ന് ഭഗവാൻെറ പേരിലുള്ള ഭക്തിസ്നേഹവിശ്വാസങ്ങൾ ഉത്തരോത്തരം ഉൽകടമായും വരുന്നുണ്ട്. ഭാവത്തിൻെറ ഈ ക്രമികമായ ആരോഹത്തെ കവി ലേശംപോലും പ്രതിബന്ധിച്ചിട്ടില്ലെന്നു വായനക്കാൎക്ക ബോധപ്പെടുന്നതാണ്. കവി വലിയൊരു പണ്ഡിതനല്ലെങ്കിലും രസജ്ഞനാണെന്നുള്ളതിലേയ്ക്ക് ഇതു ദൃഷ്ടാന്തമാകുന്നു.

ഹിരണ്യകശിപുവിൻെറ ആജ്ഞാകരന്മാർ ചെയ്ത മരണകാരകങ്ങളായ പലവിധം ശാരീരദണ്ഡങ്ങളിൽ നിന്നു പ്രഹ്ലാദൻ അത്ഭുതാവഹമായ വിധം രക്ഷപ്പെടുന്നു. അപ്രകാരം തന്നെ രക്ഷിക്കുന്നതു വിഷ്ണുഭഗവാനാണെന്ന് ആ ഭക്തൻ വിശ്വസിക്കുകയും ചെയ്യുന്നു. ഹിരണ്യകിങ്കരന്മാർ പ്രഹ്ലാദനെ കൊണ്ടുപോയി സമുദ്രത്തിൽ കെട്ടിത്താഴ്ത്തിയപ്പോൾ വരുണഭഗവാൻ പ്രത്യക്ഷീഭവിച്ച് ആ ബാലനെ കരയ്ക്കു കയററി രക്ഷിക്കുന്നു. ഈ അത്യാപത്തിൽ നിന്നു മുക്തനായപ്പോൾ പ്രഹ്ലാദൻ തൻെറ രക്ഷിതാവായ വിഷ്ണുഭഗവാനെ പ്രത്യക്ഷമായി കണ്ടാൽക്കൊള്ളാമെ

ന്നു കാംക്ഷിക്കുകയും, ഭക്താഭീഷ്ടത്തെ പൂരിപ്പിക്കുന്ന തിൽ ജാഗരൂകനായ ഭഗവാൻ ആ ബാലൻെറ മുമ്പിൽ പ്രത്യക്ഷീഭവിക്കുകയും ചെയ്യുന്നു. ആ സന്ദർഭത്തിലുള്ള വിഷ്ണുഭഗവാൻെറ വർണ്ണന ഈ പുസ്തകത്തിൽ സർവ്വോപ രി മനോഹരമായിട്ടുണ്ട്.

"സേവകനുള്ളഴൽ പോക്കുവനെന്നോർത്തു
ദേവനും വൈനതേയോപരി പൊങ്ങിനാൻ.
രണ്ടുപാടും ചാമരങ്ങൾ വീയിടവെ
വിണ്ടലർ പൂമലർകൊണ്ടു പൊഴിക്കവെ
കോടിചന്ദ്രാഭതേടും കുട പൊങ്ങവെ
പാടി നാകസ്ത്രീകളാടിക്കളിക്കവെ
ശംഖനാദം പല വാദ്യം മുഴങ്ങവെ
പങ്കജനാഭനമ്പോടെഴുന്നുള്ളിനാൻ"

എന്നു തുടങ്ങിയ ആ വർണ്ണന ഏതു സഹൃദയനേയും രസി പ്പിക്കുന്നതാണെന്നു പറയേണ്ടതില്ലല്ലോ.

ഈ കിളിപ്പാട്ടിൻെറ കവിതാരീതി ഒട്ടും വ്യഥാസ്ഥൂ ലമല്ല. എന്നാൽ അല്പം ചില ഭാഗങ്ങളുടെ ഔചിത്യ ത്തെക്കുറിച്ചു വായനക്കാൎക്ക് അഭിപ്രായഭേദം ഉണ്ടായി ക്കൂടായ്കയുമില്ല. ഉദാഹരണമായി ഹിരണ്യകശിപുവിന്നു ചാമരം വീശുന്ന സ്ത്രീകളുടെ അംഗവർണ്ണനയെ എടുക്കാ വുന്നതാണ്. കഥയിൽ വലിയ പ്രാധാന്യം അർഹിക്കാത്ത ഈ ചാമരഗ്രാഹിണികളുടെ കേശാദിപാദാന്തമായുള്ള വർണ്ണന കുറെ അനുചിതമായിപ്പോയില്ലയോ എന്നു സം ശയിക്കേണ്ടിയിരിക്കുന്നു.

സന്ദർഭത്തിന്നനുസരിച്ച രസസ്ഫൂർത്തിയും അലങ്കാരഭംഗിയും ഈ കിളിപ്പാട്ടിൽ മിക്ക സ്ഥലങ്ങളിലും കാണുന്നുണ്ട്.

"നെററിയായുള്ളൊരു മുററത്തിലാമ്മാറു
പാററിക്കളിക്കും കുരുൾനിരശോഭയും"
"ദന്തത്തിനോടുമധരബിംബത്തോടു-
മന്തരാ തോററിതു മുത്തും പവിഴവും
മാലയായിട്ടു ഗളതലമാശ്രിത്യ
ഞാലുവാൻ കാരണം മററേതുമില്ലഹോ"

ഇത്യാദി ഭാഗങ്ങൾ കൃഷ്ണഗാഥയിലേയും

"ഭാനുവിനെക്കണ്ടു പ്രഹ്ലാദനും തദാ
മാനിച്ചുകൊണ്ടിരുന്നീടിനാനാദരാൽ
ഉത്തമന്മാർ പരബ്രഹ്മമറിഞ്ഞിട്ടു
ചിത്തപത്മേ കണ്ടിരിക്കും കണക്കിനെ.
അർക്കൻ പ്രകാശിച്ച നേരം തമസ്സുക-
ളൊക്കയും നീങ്ങി മറഞ്ഞിതു ദൂരവേ
മാനസത്തിങ്കലുള്ളന്ധകാരങ്ങളും
ജ്ഞാനേന മാഞ്ഞുപോയീടും കണക്കിനെ.
വാരിജമെല്ലാം വിരിഞ്ഞു ശോഭിച്ചുതേ
ശൌരികഥ കേട്ട ചിത്തം കണക്കിനെ"

എന്നു തുടങ്ങിയ ചില ഭാഗങ്ങൾ ഭാഗവതം കിളിപ്പാട്ടിലേയും ചില വരികളെ ഓർമ്മപ്പെടുത്തുന്നവയാകുന്നു.

ഭക്തിരസപ്രധാനമായ ഈ കിളിപ്പാട്ടിൻെറ മുദ്രണ ത്തിൽ ഭാഷാപരിഷ്കരണക്കമ്മിററിക്ക് കുറയേറെ ക്ലേശ ങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഈ മുദ്രണത്തിന്നാ സ്പദമായ കയ്യെഴുത്തുപുസ്തകത്തിൽ ചില സ്ഥലങ്ങളിൽ ചില വരികളും മററു ചില സ്ഥലങ്ങളിൽ വരികളുടെ അം ശങ്ങളും വിട്ടുപോയിട്ടുണ്ട്. ആ വക സ്ഥലങ്ങളിൽ വരി കൾ വിട്ടുപോയിട്ടുള്ളതായി സൂചിപ്പിക്കുവാൻ രേഖയിടു കയല്ലാതെ വേറെ ഗതിയൊന്നും ഉണ്ടായിട്ടില്ല. മററു ചില ഇടങ്ങളിൽ അക്ഷരങ്ങളുടെ വൈശദ്യക്കുറവുകൊ ണ്ട് അൎത്ഥം മനസ്സിലാകുവാൻ പ്രയാസമുള്ള ചില പദ ങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ആ വക പദങ്ങൾക്കു നേരെ ചോദ്യചിഹ്നങ്ങൾ ഇടുവാൻ മാത്രമേ കഴിവുണ്ടായിട്ടുള്ളു. പ്രത്യക്ഷത്തിൽ അബദ്ധമെന്നു തോന്നിയ പദങ്ങളിലെ അക്ഷരപ്പിഴകൾ യഥാശക്തി നിവാരണം ചെയ്തിട്ടുണ്ടെ ന്നു വായനക്കാൎക്ക് കാണാവുന്നതുമാണ്.

മലയാളഭാഷയിലെ ഭക്തിരസപ്രധാനങ്ങളായ ഗ്ര ന്ഥങ്ങളുടെ കൂട്ടത്തിൽ ഈ കിളിപ്പാട്ടിന്നു മാന്യമായ ഒരു സ്ഥാനം കല്പിക്കാമെന്നുള്ള കാൎയ്യത്തിൽ ആൎക്കും അഭി പ്രായഭേദമുണ്ടാകുമെന്നു തോന്നുന്നില്ല. അപ്രകാരമുള്ള ഈ പുസ്തകത്തിൻെറ പ്രണേതാവ് ആരാണെന്നോ അ ദ്ദേഹം ഏതു കാലത്താണു ജീവിച്ചിരുന്നതെന്നോ പറയു വാൻ ഗ്രന്ഥത്തിൽ നിന്നു യാതൊരു സൂചനയും കിട്ടു ന്നില്ല. ഗ്രന്ഥാവസാനത്തിൽ "ഇതി ശ്രീമഹാഭാഗവ

തെ പ്രഹ്ലാദോൽപത്തി സമാപ്തം" എന്ന് എഴുതിക്കാണു ന്നതുകൊണ്ടു് ഈ കവി പക്ഷെ ഭാഗവതത്തിലെ മററു കഥാംശങ്ങളേയും ഇങ്ങനെ കിളിപ്പാട്ടായി നിർമ്മിച്ചിരി ക്കാമെന്ന് ഊഹിക്കുവാൻ വഴിയുണ്ടു്.

ഇതിൻെറ മുദ്രണത്തിൽ അത്യാവശ്യമെന്നു തോന്നി യ ചില പദങ്ങൾക്കു സംക്ഷിപ്തമായ ഒരത്ഥവിവരണം കൊടുത്തിട്ടുള്ളതു് വായനക്കാക്ക് ഉപകാരപ്രദമായിരിക്കു മെന്നു് വിശ്വസിക്കുന്നു.

ഈ പുസ്തകം ഇപ്രകാരം തെയ്യാറാക്കുന്നതിൽ പ്രൊ ഫസർ പി. ശങ്കരൻനമ്പ്യാരവർകളും ഭാഷാപരിഷ്കരണ ക്കമ്മിററി കാര്യദർശിയായ വിദ്വാൻ ഏ. ഡി. ഹരിശമ്മ അവർകളും വിലയേറിയ ഉപദേശസാഹായ്യങ്ങൾ ചെ യ്തിട്ടുണ്ടെന്ന് ഇവിടെ പ്രത്യേകം പ്രസ്താവിക്കേണ്ടിയിരി ക്കുന്നു.

എന്ന്,

കമ്മിററിപ്പണ്ഡിതർ,

കെ. വാസുദേവൻമൂസ്സത്.

എറണാകുളം
4—9—114

ശ്രീ

പ്രഹ്ലാദചരിതം.

കിളിപ്പാട്ടു്.

ലക്ഷ്മീപതേ! കൃഷ്ണ! ഗോവിന്ദ! കേശവ!
പക്ഷീന്ദ്രവാഹന! പത്മനാഭ! ഹരേ!
രക്ഷഃകുലാരേ! രഘുപതേ! ഗോപതേ!
മോക്ഷദായിൻ! മുകുന്ദാനന്ത! മാധവ!
കാരണപൂരുഷ! നീരജലോചന!
നാരദസേവിത! വാരണമോക്ഷദ!
നാരായണ! ഹരേ! നാരായണ! ഹരേ!
നാരായണ! ഹരേ! നാരായണ! ഹരേ!
ഇത്തരം നാമസങ്കീൎത്തനം ചൊല്ലുന്ന
തത്തേ! വരികരികത്തു മനോഹരേ!

സത്വരം പാൽ പഴം പഞ്ചസാരാദിയും
ചിത്തം തെളിവോളവും തരുന്നുണ്ടു ഞാൻ.
അല്ലലെല്ലാം കളഞ്ഞീടുവാനുള്ളൊരു
നല്ല കഥ പറഞ്ഞീടേണമോമലേ!
ചൊല്ലിനാളെന്നതു കേട്ടു തെളിവോടു
കല്യമോദം കിളിബാലികയും തദാ.

കുംഭിമുഖനായ തമ്പുരാൻ ചിത്തത്തി-
ലമ്പിൽ കുടികൊണ്ടരുളേണമെപ്പൊഴും
വമ്പിച്ച വാഴപ്പഴങ്ങളും ശക്കര
കൊമ്പിൽ പഴുത്ത പനസവുമപ്പവും

ചെങ്കരിമ്പുമിളന്നീരും വിരിപ്പവിൽ
* മാങ്കനിയും നാളികേരവുമെന്നിവ
നിങ്കഴൽതാരതിൽവച്ചു വണങ്ങുവ-
നെങ്കലുണ്ടായൊരു വിഘ്നമകററുവാൻ.
വാണിമാതേ! മമ നാവിലമ്പോടു നീ
കാണി പോലും പിരിയാതെയിരിക്കണം.
വൃഷ്ണികൾ നാഥനായ് വന്നു പിറന്ന ശ്രീ-
കൃഷ്ണനാമുണ്ണി തുണയ്ക്കേണമെപ്പൊഴും.
മുക്കണ്ണിൽ (?) മേവിന തമ്പുരാനെന്നുടെ
മുക്കണ്ണരും തിരുവുള്ളമായീടണം.

വ്യാസാദിമാമുനിമാരും ഗുരുക്കളും
ഭൂസുരന്മാരുമനുഗ്രഹിക്കേണമേ!
യോഗീശനാകിയ പ്രഹ്ലാദനാദിയാം
ഭാഗവതന്മാർ പരാശരരാദികൾ
എന്നതിൽ പ്രഹ്ലാദജന്മം പറവതി-
നെന്നാലെളുതല്ല; ചൊല്ലുവനെങ്കിലും:—
പാപഹരമായിരിക്കും കഥയിതു
ഭാഗവതമെന്നു ചൊല്ലപ്പെട്ടുന്നിതു.

നൈമിശാരണ്യം പ്രവേശിച്ചു ശൌനക-
മാമുനിമാർ മഹാസത്രസമാപ്തിയിൽ

* മാമ്പഴവിശേഷം (മാവിൻെറ കനി=മാങ്ങക്കനി, മാങ്കനി)

വന്നൊരു സൂതനെ വന്ദിച്ചിരുത്തീട്ടു
നിന്നവരോടുരചെയ്തിതു സൂതനും:
യോഗ്യരായുള്ളൊരു നിങ്ങളെക്കാണ്കയാൽ
ഭാഗ്യവാനായ് കൃതകൃത്യനായേനഹം;
ഇന്നു സഫലമായ്‌വന്നിതു ജന്മവു-
മിന്നു മൽഗോത്രം പവിത്രമായ് വന്നുതേ.
ഇത്തരം സൂതവാക്യം കേട്ടവർകളു-
മുത്തരമങ്ങവനോടു ചൊല്ലീടിനാർ:
മംഗലമായ് വന്നിതെത്രയും ഞങ്ങൾക്കി-
ന്നിങ്ങു ഭവാനാഗമിക്കകൊണ്ടു വിഭോ!

അന്യോന്യമിങ്ങനെ ചൊന്നോരു നേരത്തു
ധന്യരാം ശൌനകന്മാരപേക്ഷിക്കയാൽ
നേരേ സഭതൻ നടുവീന്നു സൂതനു-
മോരോ പുരാണങ്ങൾ കേൾപ്പിച്ചനന്തരം
പിന്നെയും ശൌനകരോടുമത്യാദരാൽ
വന്ദിച്ചു ചൊല്ലിനാൻ ഭാഗവതത്തെയും.
ഭൂപതിയാകിയ ശ്രീപരീക്ഷിത്തിന്നു
ശാപമകപ്പെട്ടു മാമുനിയാൽ പുരാ.
'ദഷ്ടനായ്പോക നീ തക്ഷകനാലഹോ
ദുഷ്ടത ചെയ്തതു മൂലമായ് ഭൂപതേ!'.

എന്നു മുനിശാപമേററതു കാരണം
ഖിന്നനായ് വാഴുന്ന നാളിൽ മഹീപതി
ഭാഗവതോത്തമനാകും ശുകമുനി
ഭാഗവതത്തെയവന്നു കേൾപ്പിച്ചുതേ.
കേട്ടുകൊണ്ടാലും മദീയവാക്യമിതു
വാട്ടമകന്നു ഭൂപാലേന്ദ്രരത്നമേ!

ശ്ശൂരരാകുന്നോരസുരരാജാക്കളെ
വൈരഭാവം പൂണ്ടു കൊന്നു ജഗൽപതി
ഭക്തപരായണനായ നാരായണൻ
മുക്തിപ്രദൻ മുകുന്ദൻ പുരുഷോത്തമൻ.

എന്നു മുനിയരുൾ ചെയ്തതു കേട്ടൊരു
മന്നവനും തൊഴുതിങ്ങനെ ചൊല്ലിനാൻ
ബന്ധുശത്രുപരനെന്നുള്ളതൊക്കയും
സന്തതം ദുർജ്ജനസമ്മതം മാമുനേ!
കാരുണ്യവാരിധിയാകുന്ന ദേവനു
വൈരമാരാനോടുമുണ്ടോ നിരൂപിക്കിൽ?
അങ്ങനെയുള്ള ഭഗവാനസുരരെ-
യങ്ങു സൃഷ്ടിച്ചു ഹനിച്ചതുമെന്തിനായ്?
ചോദ്യമരുതു കഥയിലെന്നാകിലും
ബോധ്യമെങ്കിൽ പറയേണമിതു മുനേ!

എന്നു ചൊല്ലും ധരിത്രീപതി തന്നോടു
മന്ദസ്മിതം പൂണ്ടു ചൊല്ലിനാൻ മാമുനി.
എങ്കിലോ കേൾക്ക ഭഗവാൻ പരൻ പുമാൻ
പങ്കജനാഭൻ പ്രളയകാലമതിൽ
സൃഷ്ടിക്ക വേണം ഭുവനത്തെ നാമെന്നു
പുഷ്ടമോദം മനതാരിൽ കരുതിനാൻ.
ലോകത്തെയുണ്ടാക്കിയുള്ളിൽ കടന്നുട-
നാകവേയങ്ങു നിറഞ്ഞുകൊണ്ടാൻ പരൻ
മൂലപ്രകൃതിയാം മൂന്നു ഗുണങ്ങളാൽ
തൈലം തിലത്തിലിരിക്കും കണക്കിനെ

സത്വഗുണത്തിനാൽ ഭക്തരെയൊക്കവേ
സത്വരം രക്ഷിച്ചുകൊണ്ടിരിക്കും ഹരി.

രാജസംകൊണ്ടു ഖലന്മാരെയൊക്കവേ
രാജീവലോചനൻ സംഹരിക്കുന്നതും
ഇങ്ങനെയുള്ള ഗുണാലൊരു ബന്ധുവു-
മങ്ങവനില്ലെന്നറിക നീ ഭൂപതേ!
അങ്ങനെയെന്നു വരികിലതിന്നു ഞാൻ
മംഗലാത്മാവേ! പറഞ്ഞിടുന്നുണ്ടെടോ,
കുംഭസ്ഥമാകും ജലത്തിൽ ഗഗനവു-
മമ്പിൽ വിളങ്ങുന്നതുപോലെയായിടും.

അന്തരീക്ഷം ഘടത്തിൽ കടന്നീടുമോ
ചിന്തയിൽ തോന്നിയതെന്നിയേ, മന്നവ?
സോമൻ ജലത്തിലിളകുന്ന പോലെയും
വ്യോമത്തിൽ നില്ക്കുന്നവനിളകീടുമോ?
എന്നാലസുരരെയെന്തിനു കൊന്നിതു
പന്നഗശായി താനെങ്കിലോ കേട്ടുകൊൾ.
രാജസൂയത്തെ യജിച്ചു യുധിഷ്ഠിരൻ
രാജാക്കളേയും ജയിച്ചുകൊണ്ടീടിനാൻ
നല്ലവൻ ചൊല്ലുകേട്ട നരപാലനും
മല്ലാരി തന്നെബ്ഭുജിപ്പിച്ചിതഗ്ര്യമായ്.

എന്നതു കേട്ടൊരു ചേദീശനും തദാ
വന്നു സഭ തന്നിൽനിന്നു ചൊല്ലീടിനാൻ:
“ഗോപാലനാകിയ കൃഷ്ണനിവിടെയി-
ബ്ഭൂപാലരോടുകൂടെ സ്ഥിതി ചേരുമോ?
അത്രയുമല്ല നല്ലോരു യാഗമിതി-
ന്നെത്ര കഷ്ടം വൃഥാ തന്നെയായ് വന്നിതേ.
ഉഗ്രരായുള്ള രാജാക്കളിരിക്കവേ-
യഗ്രമിവനെന്നു കല്പിച്ചതാരിഹ?

പൂതനയെക്കൊന്ന പാതകമെങ്ങുപോയ്,
മാതുലനെക്കൊന്ന പാതകമൊക്കുമോ?

ബാലനെന്നുള്ള നാളേ കട്ടു വെണ്ണയും
പാലും ഭുജിക്കുന്ന പാതകനാമിവൻ
ത്തെററന്നു ക്ഷത്രിയനായിപ്പിറന്നിട്ടു
മററൊരു ജാതിയിൽ മാഗ്ഗമായ്പുക്കതും
ദോഷങ്ങളിങ്ങനെയുണ്ടിവനെന്നതു
ഭോഷരേ! നിങ്ങളിങ്ങെന്തറിയാഞ്ഞതും?"
ഉന്നതനാകിയ മന്നവനിങ്ങനെ
ചൊന്നതു കേട്ടു കോപിച്ചു മല്ലാരിയും
വിക്രമം പൂണ്ടവൻ തന്നെയുമപ്പൊഴേ
ചക്രത്തിനാലെറിഞ്ഞിട്ടു കൊന്നീടിനാൻ.

അന്നേരമങ്ങവൻ ജീവനുമത്ഭുതം
നിന്നവരെല്ലാവരും കണ്ടിരിക്കവേ
മിന്നൽ പോലെ വിളങ്ങിപ്പുറപ്പെട്ടുടൻ
ചെന്നു മുകുന്ദനോടങ്ങു ചേരും വിധൌ
അന്നേരമങ്ങതു കണ്ടു ധമ്മാത്മജൻ
നന്ദിച്ചു നാരദനോടു ചൊല്ലീടിനാൻ:
"പഞ്ചമാപാതകം ചെയ്തവക്കും സദാ
വഞ്ചനം ചെയ്തവക്കും ദൂഷകക്കമേ
പാരമറുകൊല ചെയ്യും ജനത്തിനും
ധീരതയുള്ള ശഠനും കൃതഘ്നനും

നാരായണന്നുടെ നാമസ്മരണയാൽ
നേരേ വരും മുക്തിയെന്നു ചൊല്ലും വിധൌ
എല്ലായ്പ്പൊഴും ഭഗവാനേ നിന്ദി(?)യ്ക്കുന്ന
വല്ലാത പാപിയായുള്ള നരപതി

മല്ലാരി തന്നോടു ചേരുവാനല്ലൊരു
വല്ലഭ*മുണ്ടായതെന്തു മഹാമുനേ?
ധൎമ്മജൻ ചൊന്നതു കേട്ടു തെളിഞ്ഞുടൻ
നിൎമ്മലൻ നാരദനും പറഞ്ഞീടിനാൻ:—
ഭക്തിയും കാമവും ക്രോധം ഭയം സ്നേഹ-
മിത്ഥമഞ്ചു വിധം ഭക്തിയെന്നറി

ഓരോന്നിലെ ഫലങ്ങൾ പറഞ്ഞീടുകിൽ
നേരമനന്തമായിട്ടു വന്നീടുമേ
എന്നതിൽ വൈരഭാവത്തിന്നു നേരതാ-
യൊന്നുമില്ലെന്നതറി നീ നരപതേ!
എപ്പോഴുമുള്ളിൽ സ്മരിച്ചിരുന്നീടുകി-
ലപ്പോലെയായ് വരുമെന്നതു നിൎണ്ണയം.
കാണുമാറില്ലയോ വണ്ടു പുഴുവിനെ
പ്രാണനോടെ കൂട്ടിലിട്ടടച്ചിട്ടുടൻ
തന്നുടെ രൂപമാക്കിച്ചമയ്ക്കും പോലെ
വന്നു കൂടുന്നിതു ഭാവനയാലെടോ.

അല്ലാതെ പിന്നെയുമുണ്ടൊരു കാരണം
ചൊല്ലാം നൃപതിക്കുള്ളതു ധൎമ്മജ!
പണ്ടു വിരിഞ്ചനു പുത്രരായ് നാലു പേ-
രുണ്ടായിതു മഹാതാപസശ്രേഷ്ഠരായ്
ചൊല്ലുമവരെ സനകാദി (1) കളെന്നു
തുല്യരായുള്ളവരില്ലവരോടെടോ.
നാല്വരുമായി വൈകുണ്ഠലോകത്തിനു
ദേവമാലോകിതും പോകും ദശാന്തരേ

---

*ശക്തി, കഴിവ്. (1) സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ

ദ്വാരപാലൌ മുകുന്ദപ്രിയൌ ദണ്ഡിനൌ
സാരൌ ജയവിജയാഭിധാനാവുഭൌ

ഉൾപ്പുക്കു പോകുന്ന യോഗികളെക്കണ്ടു
നില്ലിനിങ്ങെന്നു ചൊല്ലിച്ചെറുത്തീടിനാർ.
വാരിതരാകിയ (1) താപസരും തദാ
പാരിച്ച കോപേന ചൊല്ലിനാരിങ്ങനെ:-
“കഷ്ടമീവണ്ണം തടുക്കയില്ലെങ്ങുമേ
ഇഷ്ടമായ് സഞ്ചരിച്ചീടുമെല്ലാടവും
ദുഷ്ടരേ! ഇന്നിതുകാരണമായ് ഭുവി
പെട്ടെന്നു ദൈത്യരായുത്ഭവിച്ചീടുവിൻ
ക്രൂരരായ് മൂന്നു ജന്മം കഴിഞ്ഞിട്ടുടൻ
ചേരുക വൈകുണ്ഠലോകമനന്തരം”

എന്ന ശാപത്തെയേററിട്ടവരപ്പൊഴേ
വന്നു പിറന്നിതു ദൈത്യരാജാക്കളായ്
മുമ്പിൽ ദിതിക്കു തനയരായിട്ടവ-
രമ്പിൽ ഹിരണ്യകശിപുവായൊന്നതിൽ
സോദരനെക്കൊല ചെയ്തിതു പന്നിയാ-
യാദരവിൽ ഭുവനേശ്വരൻ മാധവൻ
പിന്നെ ഹിരണ്യനും പ്രഹ്ലാദനാകിയ
തന്നുടെ പുത്രനെ ദ്വേഷിക്കമൂലമായ്
സിംഹരൂപം പൂണ്ടു തൂണിൽജനിച്ചിട്ടു
സംഹരിച്ചാനസുരേന്ദ്രനെയച്യുതൻ

രണ്ടാമതും പിറന്നാരവരും ദശ-
കണ്ഠനും കുംഭകർണ്ണനെന്നു ചൊല്ലുവോർ;

(1) തടയപ്പെട്ടവരായ.

അപ്പോൾ ദശരഥൻതന്നുടെ പുത്രനായ്
കെല്പോടു രാമനായ് നിഗ്രഹിച്ചു ഹരി;
ഇന്നു ശിശുപാലദന്തവക്ത്രരെന്നു
മൂന്നാമതും പിറന്നാർ നൃപശ്രേഷ്ഠരായ്;
കൃഷ്ണനായ് വന്നിവരെയൊടുക്കീടുവാൻ
വിഷ്ണു താൻതന്നെ വസുദേവപുത്രനായ്.
ഇത്തരം നാരദൻ ചൊന്നതു കേട്ടുടൻ
ചിത്തം തെളിഞ്ഞു ധർമ്മാത്മജനും മുദാ

സത്വരം മാമുനിതന്നെത്തൊഴുതുടൻ
ബദ്ധാഞ്ജലി പൂണ്ടു ചൊല്ലിനാനിങ്ങനെ
താപസശ്രേഷ്ഠ! നമോ നമസ്സന്തതം
താപങ്ങൾ നീങ്ങും തവ മൊഴി കേൾക്കിലോ
ഉണ്ടു മനതളിരിൽ വിഷാദമതു-
കൊണ്ടു ഞാൻ ചോദിച്ചിടുന്നു മഹാമുനേ!
ചിത്രം ഹിരണ്യാസുരൻ തനിക്കെങ്ങനേ
പുത്രനെ ദ്വേഷമുണ്ടായതു കേവലം?
പുത്രനേക്കാൾ വലുതായിട്ടു മറെറാരു
മിത്രമില്ലെന്നല്ലയോ വദിക്കുന്നതും?

എന്നുടെ പുത്രനെന്നുണ്ടഹോ വത്സനം (?)
തന്നുടെ പുത്രനെന്നുള്ളൊരു രാഗവും
അങ്ങനെയുള്ള തനയനിലെന്തിനാ-
യങ്ങസുരേന്ദ്രനു ദ്വേഷമുണ്ടായതും?
അക്കഥയൊക്കവേ കേൾപ്പതിനായെനി-
ക്കുൾക്കാമ്പിലെത്രയുമുണ്ടൊരു കൌതുകം
ധർമ്മജനിങ്ങനെ ചൊന്നതു കേട്ടുടൻ
നിർമ്മലൻ നാരദൻ പ്രീതി പൂണ്ടേററവും

മന്ദസ്മിതം പൂണ്ടു മാധവൻ തന്നെയും
വന്ദിച്ചു ധൎമ്മജനോടു ചൊല്ലീടിനാൻ.

വാരിജലോചനന്റെ കഥ ചൊല്ലുവൻ
പാരിലപൂൎവ്വമിതെന്നറിഞ്ഞീടു നീ
ഞാനതിലും ചുരുക്കമിതു കേൾപ്പവ-
രെന്നുള്ളതുമറിഞ്ഞീടു നീ ഭൂപതേ!
പുണ്ഡരീകാക്ഷചരിതാമൃതത്തിനു
പാണ്ഡുസുത! തവ ശ്രദ്ധയുണ്ടാകയാൽ,
പങ്കജനാഭപ്രിയൻ ധൎമ്മനന്ദന!
തിങ്കൾകുലദീപമേ! കുന്തിനന്ദന!
വിഖ്യാതനാകും ഹിരണ്യാത്മജൻകഥ-
യൊക്കവേ ചൊല്ലുവാനാമല്ലനന്തനും

ഒട്ടു ചുരുക്കമായിപ്പറഞ്ഞീടുവൻ
കേട്ടുകൊണ്ടാലും നരപതിരത്നമേ!
പണ്ടു ഹിരണ്യാക്ഷനാമസുരേന്ദ്രനും
കൊണ്ടുപോയിജ്ജലേ ഭൂമിയെത്താഴ്ത്തീനാൻ;
പാരിനെ വീണ്ടുകൊൾവാനന്നു പന്നിയായ്
നാരായണനുമവതരിച്ചീടിനാൻ.
മുങ്ങിക്കിടന്നോരു ഭൂമിയെ മെല്ലവേ
പൊങ്ങിച്ചു തേററമേൽ കൊണ്ടുപോരുംവിധൌ
നേരിട്ടെതിൎക്കും ഹിരണ്യാക്ഷനെത്തദാ
കീറിക്കളഞ്ഞു കൊന്നീടിനാനച്യുതൻ.

സോദരൻതന്റെ പരലോകകൎമ്മത്തെ-
യാദരവോടു കഴിച്ചു ഹിരണ്യനും;
അപ്പൊഴുതേ വൈരമുള്ളിൽ വൎദ്ധിച്ചിതു
ചില്പുമാനോടു ഹിരണ്യദൈത്യേന്ദ്രനും.

പിന്നെയസുരരെയൊക്കെ വരുത്തീട്ടു
ഖിന്നത വന്നതു ചൊല്ലിനിന്നീടിനാൻ.
നാരായണനനും നിരോധിച്ചു നമ്മെയും
ചാരേ ചതിച്ചതു ദേവകളല്ലയോ?
ഇങ്ങനെ ചെയ്യിച്ച വിണ്ടലരും പുന-
രെങ്ങു പോകുന്നതെന്നുമറിയാവതും.

വൈരികളാകിയ ദേവകളെയിനി
സ്വൈരമായ് വാഴ്വാനയയ്ക്കയില്ലൊട്ടുമേ.
നാരായണനെന്നൊരു ബലം കണ്ടിട്ടു
നേരേ ഞെളിയുന്നിതു മദം പൂണ്ടവർ.
ശാശ്വതമാകിയ ധർമ്മമത്രേ ഹരി-
ക്കാശ്രയമാകുന്നതും ധരിച്ചീടുവിൻ.
ഗോക്കളും ബ്രാഹ്മണരും സത്യമെന്നിവ-
യോർക്കിൽ ഹരിക്കു ബല;മതിനാലിനി
അന്തണരേയും പശുക്കളേയും പുന-
രന്തം വരുത്തുക, താപസന്മാരെയും;

ദേവാലയങ്ങളിടിച്ചു കളഞ്ഞിട്ടു
ദേവകളേയും പിടിച്ചു കെട്ടീടുവിൻ;
ഇങ്ങനെ ചെയ്യുന്ന നേരം ഹരിയുട-
നങ്ങു തേഞ്ഞീടുമപരപക്ഷം* പോലെ.
മായകൊണ്ടേററം മറഞ്ഞുകൊണ്ടങ്ങനേ
ന്യായവും ശക്തിയുമില്ലവനൊട്ടുമേ
വഞ്ചന കോലുമീയഞ്ജനവർണ്ണരെ-
ച്ചെഞ്ചെമ്മെ കണ്ടു കിട്ടീടുകിലിന്നു ഞാൻ

* കൃഷ്ണപക്ഷം

കണ്ഠം തെറിച്ചു കളഞ്ഞതെൻെറ വാളിനു
വേണ്ടുവോളം രക്തപാരണ നല്കുവൻ.

എന്നവരോടു പറഞ്ഞോരനന്തരം
ഖിന്നയാം മാതാവിനോടു ചൊല്ലീടിനാൻ.
"അമ്മേ! കരഞ്ഞതു പോരും,മടങ്ങുക
ചെമ്മേ കരഞ്ഞാൽ വരുവതുമെന്തിനി?
ഉണ്മയെച്ചിന്തിച്ചു കാണുന്നതാകിലോ
നിന്മനോദുഃഖത്തിന്നില്ലൊരു കാരണം.
ആത്മാവിനില്ല ജനനമരണമെ-
ന്നാത്മനി നന്നായുറച്ചുകൊള്ളേണമേ.
ദേഹത്തിനുണ്ടോ ജനനാമരണവും
മോഹമത്രേയിവ തോന്നുന്നതൊക്കെയും

കേൾക്ക മാതാവേയിതിഹാസമൊന്നിതു
പോക്കുക നിന്മനോദുഃഖമെപ്പേരുമേ.
പണ്ടൊരു രാജാ യുധിയെന്നു പേരതാ-
യുണ്ടായിതു മകരധ്വജതുല്യനായ്.
വൈരികളോടു പൊരുതു മരിച്ചവൻ
വീര്യസ്വർഗ്ഗം പ്രവേശിച്ചോരനന്തരം
അമ്മഹീപാലകദേവിമാർ ദുഃഖിച്ചു
സമ്മോദമോടു ശവത്തെയും പൂണ്ടുടൻ
കേഴുന്നതു കണ്ടു കാലനും വന്നിട്ടു
കോഴ തീർപ്പാൻ ബാലരൂപേണ ചൊല്ലിനാൻ:-

'കോടിയുഗം നിങ്ങൾ കൂടിക്കരകിലും
പാടേ വരികയില്ലാ മൃതനായവൻ
ഇത്ര വയസ്സു ചെന്നിട്ടു മരിക്കയെ-
ന്നെത്ര കഷ്ടം! വൃഥാ കേഴുന്നതെന്തിനായ്!

ദേഹമെന്നു പറയുന്നതു പാക്കിലോ
ഹാഹാ കണമാത്ര* മെന്നറിഞ്ഞീടുവിൻ.
ആത്മാവിനെയറിയായ്കനിമിത്തമാ-
യാത്മഖേദത്തിനു നിങ്ങൾക്കു കാരണം.
ആകയാൽ നിങ്ങളാരെക്കുറിച്ചിട്ടിനി-
ശ്ശോകിച്ചു കൊള്ളുന്നിതു, നൃപസ്ത്രീകളേ?

ദേഹത്തെയോ നിരൂപിച്ചു കേഴുന്നിതു?
ദേഹിയെത്തന്നെയോ? ചൊല്ലുകെന്നോടിദം.
ചത്ത ശവം പോലിരിക്കുന്നിതു ശവം
കൃത്യമെന്താകുന്നതും പറഞ്ഞീടുവിൻ
നിൎത്തുവിൻ നിങ്ങടെ ശോകത്തെയൊക്കയു-
മോൎത്തു കാണ്മിനഹോ നിങ്ങളുമെന്നെയും.
താതനുമില്ല ജനനിതാനുമില്ല
ഭ്രാതാക്കളും പുനരില്ലെന്നറിക മേ.
ആരുമില്ലാതെ ഞാനുമിഹ ഭൂമിയിൽ
ധീരനായ് സഞ്ചരിച്ചീടുന്നതിന്നുമേ.

വാക്കുകൾ മാമകം കേൾക്ക നാരികളേ!
പോക്കുക നിങ്ങടെ സങ്കടമൊക്കയും
പണ്ടൊരു വേടൻ വനത്തിലകംപുക്കു-
കൊണ്ടു വലയിൽ പിടിച്ചുകൊണ്ടങ്ങനെ
പെൺപക്ഷി തന്നെ വധിച്ചതു കണ്ടുട-
നാൺപക്ഷിയുമതു കണ്ടു കേണീടിനാൻ.
അയ്യോ! വിധിമതം വന്നിതു മാമകം
ചെയ്യുന്നതെന്തു ഞാനിന്നിതു ദൈവമേ?

* കണമാത്രം=നിസ്സാരം

അമ്മയെക്കാണാതെ കേഴുന്ന ബാലരേ
ചെമ്മേ ഭരിക്കുന്നതെങ്ങനെ ഞാനഹോ?

ദേഹത്തിലർദ്ധവും ഭാര്യതാനല്ലയോ
ഹാഹന്ത കേഴുമാറായി ഞാനിങ്ങനെ
എന്നതിലും മമ ഭാര്യ പതിവ്രതാ
എന്നിനിക്കാണുന്നിതെന്നുടെ പത്നിയെ?
ഇത്ര വലുതായ ബന്ധുവിനെപ്പിരി-
ഞ്ഞത്ര വാഴ്കെന്നതും കല്പിച്ചിതീശ്വരൻ
വല്ലഭയില്ലാത്ത പാപിയിവനെന്നു
ചൊല്ലുവാനോ വിധി കല്പനയായതും?
ഇത്തരം ചൊല്ലിക്കരയുന്ന പത്രിയെ- (1)
പ്പത്രി(2)കൊണ്ടെയ്തു കൊന്നീടിനാൻ വേടനും.

അപ്പോലെ കേഴുന്ന നിങ്ങളേയും യമൻ
കെല്പോടു കൊണ്ടുപോകാതെയിരിക്കുമോ?
വല്ലാതെ കേണു കാലങ്ങളെയിങ്ങനെ-
യെല്ലാം കളയാതെ നല്ലതോർത്തീടുവിൻ.
ചാകയെന്നുള്ളതു നിർണ്ണയമേവനും
പോകുംവഴിക്കുപായം നിനയ്ക്കേണ്ടതും.
ഈശ്വരനെസ്സദാ ചിന്തിച്ചു സേവിച്ചു
വിശ്വാസമോടു കഴിക്ക കാലമിനി.'
എന്നു ചൊല്ലി യമനും മറഞ്ഞീടവേ
ഖിന്നത നീക്കി തെളിഞ്ഞിതു നാരിമാർ.

അവ്വണ്ണമിന്നു നീ പുത്രശോകത്തെയും
ചൊവ്വോടെ പോക്കിക്കളക ജനനി നീ"

---

(1) പക്ഷിയെ (2) ശരം.

ഇത്തരം വാക്കുകൾകൊണ്ടു ഹിരണ്യനും
സത്വരം മാതൃദുഃഖമകററീടിനാൻ.
അത്തലെല്ലാമകലെക്കളഞ്ഞിട്ടവൻ
സ്വസ്ഥനായിട്ടിരുന്നീടിനാൻ ഭൂപതേ!
വമ്പനാകുന്ന ഹിരണ്യനനന്തര-
മൻപോടു മേൽവരും കാര്യമോർത്തിട്ടുടൻ
തന്നിലേ മെല്ലവേ ചൊല്ലിത്തുടങ്ങിതു
മുന്നമേ ചെയ്തുള്ള വിക്രമമൊക്കയും

ദിക്കുകളൊക്കെജ്ജയിച്ചു വഴിപോലെ
ദിൿപാലരേയുമാട്ടിക്കളഞ്ഞേനഹം
ദേവകളേയും ജയിച്ചിട്ടയത്നമായ്
ദേവനാരികളെക്കൊണ്ടിങ്ങുപോന്നതും
ഐരാവതത്തെയും കൊണ്ടുപോന്നീടിനേൻ
പോരതിലിന്ദ്രനേയും ജയിച്ചല്ലയോ?
കാലനെക്കൂടെജ്ജയിച്ചിട്ടവനുടെ
കാലദണ്ഡും പാശവും കൊണ്ടുപോന്നു ഞാൻ
അപ്പതി*യോടു പൊരുതു ജയിച്ചിട്ടു
കെല്പോടവൻപുരമൊക്കെക്കവർന്നതും

വീറോടളകാധിപനെജ്ജയിച്ചതി-
ലേറിയിരുന്ന ധനം ഗ്രഹിച്ചിട്ടുടൻ
കൈക്കൊണ്ടു പുഷ്പകമാം വിമാനത്തെയു-
മൊക്കവേ കിന്നരരും വശമായിതേ
പാതാളലോകത്തു ചെന്നു ജയിച്ചഥ
ഭൂമികളൊക്കെക്കവർന്നുകൊണ്ടന്നതും

* വരുണൻ (അപ്പിന്റെ പതി)

ഭീതിയാൽ സവ്വജനങ്ങളും വന്നിട്ടു
കൈതൊഴുതിട്ടു സേവിക്കുന്നു സന്തതം
ഇന്ദ്രപദം മഹാരാജപദങ്ങളും
ചന്ദ്രപദവുമടക്കിവാഴുന്നു ഞാൻ

ദാനവന്മാക്കു രാജാവു ഞാനായതും
ദീനരായ് സേവിച്ചിടുന്നു ദേവാദികൾ.
എന്തിതുകൊണ്ടു കാര്യമെനിക്കിങ്ങിനി-
യന്തമെന്നുള്ളതൊന്നുണ്ടായിരിക്കവേ?
ജന്മമുണ്ടാകയാലേ മൃതി നിണ്ണയം
കമ്മമൃതി വരായ്വാനെന്തു ചെയ്വു ഞാൻ?
സത്യലോകത്തിലിരിക്കും വിരിഞ്ചനും
സപ്തഷികളു (1)മശ്ശങ്കരൻ വിഷ്ണുവും
അഷ്ടവസുക്കളു (2) മാദിത്യരുദ്രരും
പെട്ടെന്നു ഗന്ധവ്വചാരണസാദ്ധ്യരും

കിന്നരർ കിമ്പുരുഷാദികളും ബത
ധന്യന്മാരാകും നവമഹഷികളും (3)
എന്നിയേ പിന്നെജ്ജഗത്തിൽ പ്രസിദ്ധരാ-
യൊന്നൊന്നിയേയുള്ള സവ്വജനങ്ങളും
പാരം തപസ്സുകൾ ചെയ്തുതുമൂലമാ-
യോരോപദത്തെ ലഭിച്ചുകൊണ്ടീടിനാർ.

---

(1) മരീചി, അത്രി, പുലഹൻ, പുലസ്ത്യൻ, ക്രതു, അംഗിരസ്സ്, വസിഷ്ഠൻ.

(2) ധരൻ, ധ്രുവൻ, സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ.

(3) കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിഹോത്രൻ, ദ്രവിഡൻ, പമസൻ, കരഭാജനൻ ഇവരെ നവയോഗികളെന്നും പറയും.

ഞാനമവ്വണ്ണം തപസ്സുചെയ്തീട്ടവൻ
നൂനമിനി മരണമകററീടുവാൻ
മദ്ധ്യേ തപസ്സിൽ മരിച്ചുപോയീടില-
ങ്ങുത്തമമാം പദവും ലഭിച്ചീടുമേ

ഇത്തരം ചിന്തിച്ചുറച്ചസുരേന്ദ്രനും
സത്വരമങ്ങു പുറപ്പെട്ടിതാദരാൽ
മെല്ലവേ നീളേ നടന്നു തപസ്സിനു
നല്ല നിലം വേണമെന്നതോൎത്തിട്ടവൻ
വിന്ധ്യാചലം കണ്ടു ചിത്തം തെളിഞ്ഞുടൻ
സന്തുഷ്ടനായിക്കരേറിനാനങ്ങതിൽ
ഇപ്പോലെ നന്നായൊരു നിലമില്ലിനി-
ക്കല്പതപസ്സധികം ഫലം നല്കുമേ
എന്നങ്ങുറച്ചു ഹിരണ്യാസുരൻ തദാ
പിന്നെസ്സമാധിയായിട്ടു നിന്നീടിനാൻ.

മന്നിലങ്ങുനിന്നു പാദമിളക്കാതെ
നന്നായുയൎത്തിത്തൊഴുതു കരങ്ങളാൽ
പഞ്ചാഗ്നിമദ്ധ്യഗനായി നിന്നിട്ടവൻ
ചഞ്ചലമെന്നിയേയൂൎദ്ധ്വനയനനായ്
അസ്ഥിയിൽ ശ്വാസമടക്കിപ്പരബ്രഹ്മ-
വസ്തുവെബ്ഭാവിച്ചുകൊണ്ടു നിന്നീടിനാൻ.
കണ്ടുമൃഗങ്ങളെല്ലാമവൻമേനിമേൽ
കണ്ടുമുരുമ്മീട്ടു സ്തംഭമെന്നോൎക്കയാൽ;
കാഷ്ഠമെന്നോൎത്തുടൻ പക്ഷിഗണങ്ങളും
ഗോഷ്ഠങ്ങൾകൂട്ടിയും കാട്ടിച്ചിരിക്കയും

പുററിനാൽ മൂടിച്ചിതലരിച്ചേററവും
മുററും ചില മരവും മുളച്ചു തദാ.

ചുററിയും പിന്നെ ലതയാലവനുടൽ
മററു പറഞ്ഞെന്തു കാരിയം, ഭൂപതേ?
അസ്ഥിമാത്രം പുനരങ്ങു ശേഷിച്ചിതു
അസ്ഥിയും മണ്ണിൽ മറഞ്ഞുപോയൊക്കവേ.
അക്കഥയങ്ങനെ പോക,തുകാലത്തു
മൃത്യരായുള്ള ദേവാദികളൊക്കയും
കാട്ടകംതോറും മറഞ്ഞുകിടന്നവർ
കൂടെയൊരുമിച്ചുകൊണ്ടുപോന്നീടിനാൻ.

നല്ലകാലം നമുക്കാഗതമായെന്നു
ചൊല്ലി മഹേന്ദ്രനോട്ടം കലൎന്നങ്ങനെ
വാനുലകംപുക്ക വാനവർമേവിടും
സ്ഥാനത്തു പിന്നെ വസിച്ചുകൊണ്ടീടിനാർ.
വിണ്ണവർനാഥനുമുള്ളിൽ നിരൂപിച്ചു
വിണ്ണവരോടു ചൊല്ലീടിനാനിങ്ങനെ.
ദുഷ്ടരാകുന്നോരസുരരെ നാമിനി
നാട്ടിൽനിന്നാട്ടിക്കളക വേണ്ടുന്നതും.
ദൈത്യേന്ദ്രനാൽ ധൃതമായ ധനങ്ങളും
പ്രീത്യാ നമുക്കിങ്ങു കൊണ്ടുപോരേണമേ.

പോരിനു പോകെന്നു ചൊല്ലിപ്പുറപ്പെട്ടു
നേരെയമരരും യുദ്ധസന്നദ്ധരായ്
ദാനവന്മാരോടെതിരിട്ടു ഘോരമായ്
മാനമോടേ പൊരുതീടുംദശാന്തരേ
പോരിൽ പരാജിതരായിട്ടസുരരും
പാരാതെ പാതാളലോകത്തൊളിച്ചിതേ.
ആട്ടിക്കളഞ്ഞസുരന്മാരെയൊക്കയും
കോട്ടയിലും കടന്നീടിനാർ വിണ്ടലർ.

മുമ്പിൽ ഹിരണ്യൻ കവൎന്ന ധനങ്ങളെ
വമ്പോടു വീണ്ടുകൊണ്ടാൎത്തുപുളച്ചവർ

ഘോരനാകുന്ന ഹിരണ്യാസുരന്നുടെ
ദാരത്തെ*യാരാഞ്ഞു കണ്ടുപിടിച്ചവർ
തേരിലേററിത്തെളിഞ്ഞെത്രയും ദേവകൾ
പോകുന്നനേരത്തു ദൂരവേ നിന്നുടൻ
'നാരായണ! ജയ' എന്നു പാടിക്കൊണ്ടു
നാരദൻ വീണയുമായി വരുന്നതു
കണ്ടതുനേരം മുനിവരൻപാദത്തി-
ലിണ്ടലകന്നു കുമ്പിട്ടിതു ദേവകൾ.
നന്ദിച്ചു മാമുനിയും മാൎഗ്ഗമദ്ധ്യത്തിൽ-
നിന്നു മഹേന്ദ്രനോടേവമരുളിനാൻ:—

"എന്തിതു തോന്നുവാനിന്നഹോ നിന്നുടെ-
യന്ധത പാൎത്തുകാൺകിൽ ചെറുതല്ലെടോ
മംഗലനാകിയ നിൻതൊഴിലൊക്കയു-
മിങ്ങനെയായ്‌വന്നതെന്തു, പുരന്ദര?
വൈരികളെജ്ജയിക്കുന്നതു യോഗ്യമാം—,
നാരികളെക്കൊണ്ടുപോവതു യോഗ്യമോ?
പണ്ടു നീ പെട്ട പാടെല്ലാം മറന്നിതോ?
ഉണ്ടോ കുറഞ്ഞൊരു ചിത്തഭ്രമം തവ?
മത്തനായുള്ള ഹിരണ്യാസുരന്നുടെ
പത്നിയിവളെന്നതുമറിഞ്ഞീലയോ?

നാരീമണിയാമിവളസുരപ്രിയ
നേരേ പതിവ്രതയെന്നറിഞ്ഞീടു നീ.

---

* നിത്യബഹുവചനാന്തമായ പദമാണിതു്. 'ദാരങ്ങളെ' എന്നാണു് ശരിക്കു വേണ്ടതു്.

ഇണ്ടലും പൂണ്ടു കരയുന്നിതേററവും
വണ്ടാർകുഴലിയാകും കമലേക്ഷണ
വൈകാതെയിന്നിവളേയയച്ചിട്ടു നീ
നാകപാല! പോക നല്ലതാകുന്നതും.”
എന്നു മുനിയരുളും മൊഴി കേട്ടുടൻ
പൊന്നിൻമുടിയൊന്നിളക്കി മഹേന്ദ്രനും
നാരദം പ്രേക്ഷ്യ മന്ദസ്മിതപൂർവ്വകം
ചാരുതരമിവണ്ണം പറഞ്ഞീടിനാൻ:—

“തിങ്കൾമുഖിയാം ദനുജാധിപപ്രിയ
പങ്കജലോചന ഗർഭിണിയാമിവൾ
ഗർഭസ്ഥനാകിയ ബാലനമെത്രയു-
മത്ഭുതം താതനേക്കാൾ പ്രബലനിവൻ
പാരിലിവൻ ജനിച്ചു വളർന്നീടുകി-
ലാരുമെതിരാകയില്ലെന്നു നിർണ്ണയം.
എന്നതുകൊണ്ടിവളെബ്ഭരിച്ചിട്ടിനി
നന്ദനനുണ്ടായ് വരുമളവും മുനേ!
പെററു വീണീടുന്ന ബാലനേയും കൊന്നു
തെറെറന്നിവളെയയച്ചിടുന്നുണ്ടു ഞാൻ.

അല്ലാതെ ഞാനയച്ചീടുകില്ലെന്നുമേ
ചൊല്ലാർന്ന മാമുനേ! പിന്നെയെന്നോടിദം.”
ദേവേന്ദ്രവാക്യം നിശമ്യ മുനിവര-
നേവം പറഞ്ഞിതു പിന്നെയും ഭൂപതേ!
“നാളെ ഹിരണ്യൻ തപസ്സും കഴിഞ്ഞിങ്ങു
വാളുമായ് വന്നതു കാണുന്നതാകിലോ
ഓരോ ദിശി പറന്നൊക്കവേ നിങ്ങളും
പാരാതെ പാതാളേ പോയൊളിക്കും ദൃഢം.

കാട്ടിൽ കരേറി മരത്തിലും മററിനി
മാട്ടിൻ മുകളിലും പോട്ടിലും പൂകുമേ.

തങ്ങളിൽ കാണാതെ വെവ്വേറെ വേറിട്ടു
പൊങ്ങിന ഭീതി കൊണ്ടെത്രയും ദീനരായ്
അക്ഷികൾ നട്ടുകൊണ്ടെങ്ങുമേ കാണാതെ
പക്ഷികൾ പോലെ പറക്കുമല്ലോ ദിശി.
ജീവിച്ചുകൊണ്ടാൽ മതിയെന്നു കല്പിച്ചു
സേവിച്ചുകൊണ്ടിരിക്കുന്നതും കണ്ടിടാം
ഇന്നുമുണ്ടൊന്നു പറയുന്നു നിന്നോടു
നന്നായിതു കേട്ടുകൊൾക സുരപതേ!
എന്നാലിനിക്കും നിനക്കുമവ്വണ്ണമേ
....

പങ്കജലോചനനും കമലസ്ഥനും
ശങ്കരനും മററുമുള്ളവർക്കും തഥാ
പാരിടംതന്നിലുള്ളോരു മർത്ത്യർക്കുമി-
ങ്ങീരേഴു ലോകത്തിലുള്ളവർക്കൊക്കെയും
സാക്ഷിയായിട്ടൊരു ദൈവമുണ്ടെന്നതും
സൂക്ഷ്മമായിട്ടറിഞ്ഞീടു നീ സന്തതം.
സർവ്വമറിഞ്ഞിരിക്കുന്നു ഞാൻ കേൾക്കെടോ;
പൂർവ്വദേവാധിപദേവിഗർഭസ്ഥിതൻ*
കീർത്തിമാനെത്രയും വിഷ്ണുഭക്തനിവൻ
വാഴ്ത്താവതല്ലിവൻതന്നുടെ വൈഭവം?

ലീലകളിലും ഹരിതന്നിലെന്നിയേ
ചാലേ മനം നിന്നു പോകയില്ലെന്നുമേ

* ദൈത്യേശപത്നിയുടെ ഗർഭത്തിലുള്ളവൻ

നിദ്ര ചെയ്യുമ്പൊഴുതും ഭുക്തിയിങ്കലും
ചിദ്രൂപസക്തനിവനെന്നറിക നീ
അല്ലും പകലും ഹരിഭക്തി മാനസേ
നല്ലവണ്ണം കുടികൊണ്ടിരിക്കും ദൃഢം.
സേവകന്മാക്കൊരു ക്ലേശമേശായ്വതി-
ദ്ദേവനും ചക്രിയായിട്ടു പാലിക്കുമേ
ഇങ്ങനെയുള്ളവൻ തന്നാലൊരിക്കലും
മംഗലമെന്യേ വിരോധമുണ്ടാകുമോ?

മല്ലാരിയാം മുകുന്ദൻ പുരുഷോത്തമ-
നെല്ലാവരേയും ഭരിച്ചുകൊള്ളും ദൃഢം.
നാരായണനൊടു നേരായി മററിനി-
യാരുമില്ലെന്നതിനെദ്ധരിച്ചീടു നീ.
ആകയാലിന്നിവളേയും ത്യജിച്ചു നീ
നാകലോകത്തിനു പോക പുരന്ദര!”
നാരദോക്ത്യാ ഹിരണ്യപ്രിയാം വാസവൻ
നേരേ പരിത്യജ്യ വാനിൽ വാണീടിനാൻ.
വാരിജലോചന തന്നോടു കൂടവേ
നാരദൻ പണ്ണശാലയ്ക്കെഴുന്നള്ളിനാൻ.

ഖിന്നയാകുമസുരഭാര്യതന്നോടു
പിന്നെയിവണ്ണമരുൾചെയ്തു നാരദൻ.
“ക്രൂരബുദ്ധികളെ വെച്ചുകളഞ്ഞിനി
നേരായി രക്ഷിക്കുമീശ്വരനെസ്സദാ
സന്തതം ചിന്തിച്ചുകൊണ്ടിരുന്നീടുകിൽ
സന്താപമെല്ലാമകലുമല്ലോ തവ
കാലേ പ്രഭാതേയെഴുന്നേററുകൊണ്ടുടൻ
ബാലേ! തിരുനാമമോതിയാവോളവും

പൊയ്കയിൽ ചെന്നു കുളിച്ചു ശുചിപൂണ്ടു
വൈകല്യവും മനഃപീഡയുമെന്നിയേ

മന്താരമോടു തുളസി ചേമന്തിയും
ചെന്താമര ചെത്തി പിച്ചകം കൊന്നയും
ചമ്പകം നന്തിയാർവട്ടവും മുല്ലയും
തുമ്പമലരുമശോകവും മല്ലിക
എന്നിവയാദിയായുള്ള പുഷ്പങ്ങളെ-
ച്ചെന്നു കൊണ്ടുവന്നുടനെത്രയും തുഷ്ടിയായ്
വിശ്വാസമോടു ഭഗവാനെയൎച്ചിച്ചു
വിശ്വകൎത്താവിനെക്കൈതൊഴുതീടു നീ
നാമത്തെയും ജപിച്ചീടുകയാവതു-
മാമയമെല്ലാമകന്നു പോകും ദൃഢം.

കാന്തൻ വരുമളവും കമലേക്ഷണേ!
സന്താപവും തീൎത്തു ഭീതിയുമെന്നിയേ
വാണീടുകയിങ്ങുതന്നെ ”യെന്നു ചിരം
വീണാധരനും തെളിഞ്ഞരുളീടിനാൻ.
മാമുനിവാചാ ഹിരണ്യാസുരപ്രിയ
കോമള ദുഃഖമകന്നുവാണീടിനാൾ.
ഇന്നിയും കേട്ടുകൊൾകെന്നഥ മാമുനി
മന്നവൻ ധൎമ്മജനോടു ചൊല്ലീടിനാൻ:—
ശൂരനായുള്ള ഹിരണ്യാസുരേന്ദ്രനും
ഘോരമായുള്ള തപസ്സു ചെയ്യുംവിധൌ

മൂലാഗ്നി*വൎദ്ധിച്ചു മൂൎദ്ധാവുതന്നിന്നു
ജ്വാലയെഴുന്നു തുടങ്ങീതു ഘോരമായ്;

* മൂലാധാരത്തിൽനിന്നു പൊങ്ങിയ അഗ്നി.

ലോകങ്ങളെല്ലാം ദഹിക്കുന്നതു കണ്ടു
ലോകവാസികളും ഭീതിപൂണ്ടീടിനാർ;
അർണ്ണവമേഴും കലങ്ങിമറിഞ്ഞുടൻ;
തിണ്ണം ജലദങ്ങളും മുറയിട്ടുതേ;
ഉള്ള മലകളെല്ലാമിളകീ തദാ;
തുള്ളിത്തുടങ്ങീതു സർവ്വജന്തുക്കളും;
പായും നദികളുമൊക്കെത്തിളച്ചങ്ങു
വായുവും വീശിത്തുടങ്ങീതു ഘോരമായ്;
അർക്കസോമന്മാർ നിജപദം കൈവിട്ടു;
നിർഗ്ഗമിച്ചാർ മറ്റുമുള്ള ഗ്രഹങ്ങളും;
ആർത്തരായേറ്റം മഹാമുനിവൃന്ദവും
വീർത്തുകൊണ്ടീടിനാർ വാനുലകത്തിലും;
നാകികളും ഭീതിപൂണ്ടു വിറച്ചുട-
നാകുലന്മാരാം മുനികളുമായുടൻ
"നാഥ! പരിപാഹി"യെന്നു ചൊല്ലി ദ്രുതം
വേധാവുതന്നുടെ കാൽക്കൽ വീണീടിനാർ
ഇണ്ടൽപൂണ്ടുള്ളോരു വിണ്ടലർതമ്മെയും
കണ്ടു വിരിഞ്ചനും വ്യാകുലചിത്തനായ്
കൈയുമുയർത്തി വിധാതാവുമപ്പൊഴേ
പയ്യവേ ദേവകളോടരുളിച്ചെയ്തു:—
"നിങ്ങൾ ഭയപ്പെടായ്വിനെന്തിനുമിഹ
മംഗലം നല്കുവാനുണ്ടു നാരായണൻ
ആമയം പോക്കുവാനിന്നു നമുക്കിങ്ങു
ദാമോദരനെന്നതോർത്തു കൊണ്ടീടുവിൻ
എന്നതുകൊണ്ടു ഭയത്തെക്കളഞ്ഞിഹ
വന്നതിൻകാരണം ചൊല്ലുവിനാദരാൽ

ദാനവന്മാരാലുപദ്രവമുള്ളതു
ഞാനറിഞ്ഞത്രേയിരിക്കുന്നു മുന്നമേ.
ഇപ്പോഴുമവ്വണ്ണമോ മററതെന്നിയേ
കെല്പോടു നാകലോകത്തെയകന്നിതോ?
കുററങ്ങൾ പററലരായവരെത്രയും
തെററന്നു ചെയ്യുവാറുണ്ടോ പുതുമയായ്?
ഇന്നതെന്നു പറഞ്ഞീടുവിൻ നമ്മോടു
പിന്നെയതിന്നുപായം നിരൂപിച്ചിടാം."
സ്രഷ്ടാവിവണ്ണമരുളും മൊഴി കേട്ടു
ധൃഷ്ടനാമിന്ദ്രനും ചൊല്ലിനിന്നീടിനാൻ:—
"നിന്തിരുവുള്ളത്തിനാൽ ജഗത്തൊക്കയും
സന്തതം സൃഷ്ടിപ്പതും ഭവാനല്ലയോ?
സ്ഥാനങ്ങൾ വെവ്വേറെയോരോ ജനങ്ങൾക്കു
ദീനതക്കൂടാതെ നൽകുന്നതും ഭവാൻ.
സൂക്ഷ്മജന്തു മുതലാദിയിലൊക്കയും
സാക്ഷിയായിട്ടിരിക്കും നിന്തിരുവടി.
ഈരേഴു ലോകം ധരിച്ചരുളുന്നതും
സാരസോൽഭൂതനാകും ഭവാനല്ലയോ?
എന്നതിലും വിശേഷിച്ചു ഭവാനഹോ
ഉന്നതമായ കരുണയുണ്ടെങ്ങളിൽ.
വിഖ്യാതനാകും ഹിരണ്യമഹാസുര-
നിക്കാലമങ്ങു തപസ്സു ചെയ്യും വിധൌ
ഉത്തമാംഗം പിളന്നിട്ടു മൂലാഗ്നിയാൽ
കത്തിയെഴുന്നു ദഹിച്ചു ലോകങ്ങളും.
ആടൽപൂണ്ടെങ്ങുമിരുന്നുകൂടായ്കയാ-
ലോടിവന്നു വയമത്ര ജഗൽപ്രഭോ!

എന്തെന്തവന്റെയഭിമതമെന്നതു
നിന്തിരുവുള്ളത്തിലേറവേണമിനി.
അല്ലായ്കിലോ ജഗത്തൊക്കെയുമിന്നിമേ-
ലില്ലാതെവന്നുകൂടും കരുണാനിധേ!
വിശ്രുതനാം പരമേഷ്ഠിൻ! നമോസ്തു മ-
റ്റാശ്രയമില്ല ഞങ്ങൾക്കു ജഗൽപതേ!"

നാകനാഥനിവണ്ണമുരയ്ക്കും വിധൌ
പോക നാമെന്നു പുറപ്പെട്ടു നാന്മുഖൻ.
രാജഹംസത്തിൻ കഴുത്തിൽ കരേറീട്ടു
രാജീവസംഭവനേറ്റം വിളങ്ങിനാൻ.
ചെന്നു ചൂഴും നിരന്നു മുദാ ദേവകൾ
വന്നു തുടങ്ങീ മുനികളുമാദരാൽ.
മറ്റും മഹായോഗികൾ സനകാദികൾ
മുറ്റും നിരന്നുകൂടീതജൻസന്നിധൌ.
'സ്വാമിൻ! ജയ! ജയേ'തി പുകഴ്ന്നേറ്റവു-
മാമോദമോടു ഗീതങ്ങൾ വാദിക്കയും

സാമവേദത്തെയുയരെജ്ജപിക്കയും
പൂമലർകൊണ്ടുടൻ വർഷം പൊഴിക്കയും
വെണ്മതി പോലെ കുടകൾ നിരക്കവേ-
യുണ്മയിൽ നാരദൻ വീണ വായിക്കയും
അപ്സരസ്ത്രീകൾ കൊണ്ടാടിക്കളിക്കയും
കെല്പോടു നാകികളൊക്കെപ്പുളയ്ക്കവേ
ഭേരി പടഹമുടുക്കു മുരശ്ശുകൾ
നേരേ തകിലുമിടയ്ക്ക തമ്മിട്ടവും
ആനകം ദുന്ദുഭി മദ്ദളം തപ്പുകൾ
ചീനക്കുഴൽ കൊമ്പു കാളവും വീണയും

ഉത്തമമാകുന്ന വാദ്യങ്ങളൊക്കയു-
മത്യന്തവും മുഴക്കിച്ചുകൊണ്ടിങ്ങനെ
വാരിജസംഭവൻമെഴുന്നള്ളിനാൻ
നേരേ ഹിരണ്യൻ വസിക്കുന്ന ദിക്കതിൽ.
ഈക്ഷണഗോചര*നല്ലാത്തസുരനെ-
സ്സൂക്ഷ്മദൃഷ്ട്യാ ദരിശിച്ചു വിരിഞ്ചനും.
പുണ്യമിയന്ന കമണ്ഡലുനീരിനാ-
ലംഭോജസംഭവൻ പ്രോക്ഷിച്ചു മെല്ലവേ.
പുററീന്നു സർപ്പം പുറപ്പെട്ടതുപോലെ
തെററന്നെഴുന്നേററുനിന്നിതു ദാനവൻ.

മുന്നമേ മാഞ്ഞുപോയോരു ശരീരവു-
മന്നേരമെത്രയും ചിത്രമായ് വന്നുതേ.
നീലാഞ്ജനഗിരിപോലേ വളൎന്നവൻ-
കോലത്തെ വാഴ്ത്തുവാൻ വേലയുണ്ടെത്രയും.
ചെമ്പിച്ച കേശവും മീശയുമങ്ങനെ
വമ്പിച്ച നെററിത്തടം ചില്ലിവല്ലിയും
ചെമ്പരത്തിപ്പൂവു പോലേ ചുകന്നുടൻ
വമ്പിച്ച കണ്മിഴി കാൺകിൽ ഭയങ്കരം
ഉന്നതനാസികയും കുഴ കാതതിൽ
മിന്നുന്ന കുണ്ഡലവും മകരോപമം

അമ്പിളിത്തെല്ലു പോലേ വളഞ്ഞേററവും
വമ്പിച്ച ദംഷ്ട്രങ്ങളുമതി ഭീഷണം
വൃത്തമൊത്തുള്ള ഗളത്തിലണിഞ്ഞുള്ള
മുത്തുരത്നങ്ങളെക്കൊണ്ടുള്ള മാലകൾ.

---

* കണ്ണുകൊണ്ടു കാണ്മാൻ വയ്യാത്തവൻ.

ഉന്നതമാകിയ തോളിന്നു തുല്യമായ്
കുന്നുപോലും പുനരില്ലെന്നു നിർണ്ണയം.
വണ്ണം തിരണ്ടു നീണ്ടുള്ള ഭുജങ്ങളിൽ
തിണ്ണം തിളങ്ങും തരിവള തോൾവള
കല്ലു വെച്ചുള്ള നല്ലംഗുലീയങ്ങളാ-
ലുല്ലസിച്ചീടും വിരലുകൾ പത്തിലും

വിസ്തൃതമാകിയ വക്ഷഃസ്ഥലങ്ങളിൽ
കസ്തൂരിയാദിയായുള്ള ലേപങ്ങളും
നേരേയുദരവും നാഭിപ്പുതുമയും
പാരമായുള്ള ജഘനവുമങ്ങിനെ
കാഞ്ചനകാഞ്ചികൾകൊണ്ടു മുറുക്കീട്ടു
പൂഞ്ചേലമീതേ നിരന്നുകൊണ്ടേററവും
ഊരുജാനുക്കളധികമിതെത്രയും
നേരേ ഞെരിയാണിയും പ്രപദങ്ങളും*
ഇങ്ങനെ നിന്നു വിളങ്ങുമസുരനെ-
യങ്ങു കണ്ടീടിനാർ വിണ്ടലരാദികൾ.

ഉന്നതനാകുമവനുമനന്തരം
മുന്നിലാമ്മാറു വിരിഞ്ചനെക്കണ്ടുടൻ
ദണ്ഡമാനേന v നമസ്കരിച്ചേററവും
തിണ്ണം തെളിഞ്ഞു പുകണ്ണു തുടങ്ങിനാൻ:
"നാന്മുഖായ നളിനാസനായ നമോ
മേന്മയേറും ബ്രഹ്മരൂപായ തേ നമഃ
ലോകകർത്ത്രേ നമോ ലോകഭർത്ത്രേ നമോ
ഏകനാകും പരബ്രഹ്മമൂർത്തേ! നമഃ

---

* പാദാഗ്രങ്ങൾ. v ദണ്ഡം കണക്കെ.

ആയിരം വട്ടം ചതുര്യ്യുഗം പോകിലേ
ആയിവരും പകലെന്നു ചൊല്ലും വിഭോ!

പിന്നെയൊരു സഹസ്രംകൊണ്ടു രാത്രിയാ-
മന്നാങ്ങു നിദ്രയാം കാലമതല്ലയോ?
നിദ്രയാം കാലം കഴിഞ്ഞു ജഗത്തെയും
ഭദ്രമായ് സൃഷ്ടിപ്പതും ഭവാനല്ലയോ?
കാത്തുകൊണ്ടീടുന്നതും ഭവാനെത്രയും
പേർത്തുമഹോ സംഹരിക്കുന്നതും ഭവാൻ.
മൂന്നു ഗുണത്തെയും (1) പൂണ്ടുകൊണ്ടേററവും
നന്നായ് തെളിഞ്ഞു കൊണ്ടീടുന്നതും ഭവാൻ
മായയ്ക്കധിപതിയായയഞ്ചു മാത്രമായ് (2)
നാനാകലാ (3) രൂപനാഥനായേകനായ്

പഞ്ചഭൂതനായ് (4) പ്രപഞ്ചസ്വരൂപനായ്
സഞ്ചിതപഞ്ചവിംശതത്വ (5) രൂപനായ്
വേദാന്തവേദ്യനായ് വേദസ്വരൂപനായ്
ആദിയുമന്തവുമില്ലാത്ത വസ്തുവായ്

---

(1) സത്വം, രജസ്സ്, തമസ്സ്.

(2) ശബ്ദതന്മാത്രം, സ്പർശതന്മാത്രം, രസതന്മാത്രം, രൂപതന്മാത്രം, ഗന്ധതന്മാത്രം, എന്നുള്ള പഞ്ചതന്മാത്രങ്ങൾ.

(3) ചന്ദ്രകലകൾ എന്നു പറയപ്പെടുന്ന ഷോഡശകലകളുടെ രൂപങ്ങൾക്കു നാഥൻ.

(4) പഞ്ചഭൂതമയൻ.

(5) ക്ഷിതി, ജലം, അഗ്നി, വായു, ആകാശം, ഗന്ധം, രസം, രൂപം, സ്പർശം, ശബ്ദം, നേത്രം, നാസിക, ജിഹ്വ, കർണ്ണം, ത്വക്ക്, ഹസ്തം, പാദം, മുഖം, പായു, ലിംഗം, പ്രകൃതി, മനസ്സ്, ബുദ്ധി, അഹങ്കാരം എന്ന ഇരുപത്തുനാലു തത്വങ്ങളിൽനിന്നു കവിഞ്ഞു് ഇരുപത്തഞ്ചാമത്തെ തത്വമായ സദാശിവതത്വം.

നാലു വേദത്തിനുമാലയമായുള്ള
നാലു മുഖവനാം തമ്പുരാനെ! ജയ.
വാണിമാതിൻ മണവാള! ജയ ജയ!
പ്രാണിപതേ! പത്മയോനേ! ജയ ജയ
ആരറിയും നിന്തിരുവടി തന്നുടെ
സാരമായുള്ള വിലാസങ്ങളൊക്കയും?

അന്ധനാകുന്നോരടിയനിങ്ങോൎക്കുകി-
ലെന്തറിയാം കമലാലയനാം വിഭോ!"
ഇങ്ങനെ ചൊല്ലി സ്തുതിച്ചു ഹിരണ്യനും
മംഗലപാദങ്ങൾ കൂപ്പി നിന്നീടിനാൻ.
എന്നവൻതന്നെ നോക്കിത്തെളിഞ്ഞേററവും
മന്ദസ്മിതം പൂണ്ടരുളിനാൻ നാന്മുഖൻ:
"സന്തുഷ്ടനായേനഹമസുരേശ്വര!
ചിന്തിക്കിൽ നിന്നോടു തുല്യരില്ലാരുമേ.
എത്രപേരുണ്ടു തപസ്സുചെയ്യുന്നവർ
ചിത്രം തവ തൊഴിലോൎത്തുകാണും വിധൌ.

ദേവവൎഷം ശതം ദേഹവും കൂടാതെ
കേവലമസ്ഥിയിൽ ജീവനെ വെച്ചു നീ.
ഉഗ്രമായിത്തപം ചെയ്യുന്നവരിൽ വ-
ച്ചുഗ്രനെന്നുള്ളതും നിൎണ്ണയം നീയെടോ.
ചിന്തിപ്പതിനെത്തരുന്നതുമുണ്ടു ഞാ-
നെന്തു വേണ്ടുന്നതു ചൊല്ലുകെന്നോടിനി".
പ്രീത്യാ വിരിഞ്ചനരുളും മൊഴി കേട്ടു
ദൈത്യനുമഞ്ജലി പൂണ്ടു ചൊല്ലീടിനാൻ
"ഇച്ഛിച്ച നൽവരം നല്കുന്നതാകിലോ
മെച്ചമായ് ചൊല്ലുന്നതുണ്ടു കൃപാനിധേ!

ജീവജന്തുക്കളായുള്ളവററാലുടൻ
രാവും പകലുമകത്തും പുറത്തുമേ
മംഗലനായ ഭവാനുടെ സൃഷ്ടിയിൽ
തങ്ങന്നവററാലവദ്ധ്യനായിട്ടുവാൻ
തന്നീടുക വര”മെന്നു കേട്ടിട്ടജൻ
തന്നേനിതെങ്കിൽ ഞാനെന്നരുളീടിനാൻ.
തന്നോടു കൂടി വന്നുള്ളമരന്മാൎക്കു
പിന്നെയജനും വിട കൊടുത്താദരാൽ
സത്യലോകത്തെഴുന്നള്ളിത്തെളിഞ്ഞുടൻ
സ്വസ്ഥനായിട്ടിരുന്നീടിനാൻ നാന്മുഖൻ.

കേട്ടുകൊൾക ഭൂമിപാലേന്ദ്രരത്നമേ!
വാട്ടമകന്നു ഹിരണ്യനനന്തരം
ഇഷ്ടമായുള്ള വരം ലഭിച്ചിട്ടുടൻ
തുഷ്ടനായ് തന്നുടെ നാട്ടിലും പൂകിനാൻ.
കാഴ്ച്ചയുമായ് വന്നു കണ്ടുകൊണ്ടീടിനാർ
വേഴ്ച്ചയിൽ വന്നുള്ള ദാനവരൊക്കയും.
എല്ലാവരുമൊത്തു കൂടി വണങ്ങീട്ടു
ചൊല്ലിനാരങ്ങവനോടുമസുരകൾ:-
“നാഥനായുള്ള ഭവാനെ വയമിഹ
പ്രീതിപൂൎവ്വം ദരിശിച്ചുകൊണ്ടീടുവാൻ

എത്രയും പുണ്യമുണ്ടായ് വന്നതുകൊണ്ടു
ചിത്രമത്രേ വരുവാനിഹ കാരണം.
അംഭോജസംഭവനും പ്രീതിപൂണ്ടുടൻ
തിണ്ണം വരം തന്നതും ഭാഗ്യമല്ലയോ?
ഇന്നുമുണ്ടൊന്നു പറയുന്നു ഞങ്ങളും
ഖിന്നത വന്നതുമൊക്കവേ കേൾക്കഹോ

അങ്ങു തപസ്സിന്നു പോയോരു നേരത്തു
സംഗരത്തിന്നു*വന്നീടിനാർ ദേവകൾ
പോരിൽ ജയിച്ചു പുരന്ദരൻ നിന്നുടെ
ഭാര്യയെക്കൊണ്ടു പോകുന്നതു കണ്ടുടൻ

നാരദനാകും മുനിവരൻ തന്നുടെ
ഗീരുക്കൾകൊണ്ടു വീണ്ടീടിനാൻ മെല്ലവേ.
തന്നുടെ പർണ്ണശാലയ്ക്കൽ വച്ചിട്ടുടൻ
ഖിന്നത തീർത്തു പാലിച്ചുകൊണ്ടീടിനാൻ"
എന്നവർ ചൊന്നതു കേട്ടു ദൈത്യേന്ദ്രനും
നന്നായ് ചുവന്നിതു കണ്ണുകളേററവും
പല്ലും കടിച്ചു വിറപ്പിച്ചു മീശയും
ചില്ലിത്തലയൊന്നിളകി വളഞ്ഞുതേ
ഓഷ്ഠാധരവും വിറച്ചതിഭീമമാ-
യട്ടഹസിച്ചു ചൊല്ലീടിനാനിങ്ങനെ:

"നമ്മുടെ വർത്തമാനത്തെ മറന്നിതോ
ചെമ്മെ വനത്തിലൊളിച്ചു നടന്നതും
ആണ്മയില്ലാതവൻ തന്നെയിന്നെന്നുടെ
കൺമുന്നിലാമ്മാറു കണ്ടു കിട്ടീടുകിൽ
പാരാതവനെയും കൊണ്ടു വന്നിട്ടു ഞാൻ
നേരേ പിടിച്ചു കെട്ടിച്ചമച്ചീടുവൻ
കേൾപ്പിനസുരകളേ ഇന്നു തൊട്ടിനി-
ക്കെല്ലോട്ടു കാണുകിലെന്നോടു ചൊല്ലുവിൻ
അല്ലായ്കിലോ നിങ്ങൾ കൊല്ലുകിലും മതി
വല്ലായ്മയുണ്ടാമതല്ലയെന്നാകിലോ".

---

* യുദ്ധത്തിന്

എന്നു നിയോഗിച്ചു പിന്നെ ഹിരണ്യനും
തന്നുടെ സേനയോടുമൊരുമിച്ചുടൻ
നാകലോകം പ്രവേശിച്ചു ജയിച്ചവ-
നാകവേ പിന്നെയടക്കീ ഭുവനവും
ഭാര്യയോടും കലൎന്നേററം തെളിഞ്ഞവൻ
നേരേയമരാവതിയിൽ വാണീടിനാൻ.
അച്യുതനെക്കൊന്നു യോഗ്യമെടുപ്പതിൽ
മെച്ചമേ ചിന്തയും പൂണ്ടുകൊണ്ടാദരാൽ
ഇന്ദ്രലോകത്തു യഥാസുഖമാംവണ്ണ-
മിന്ദ്രാരിയും വാണു കൊണ്ടിരുന്നീടിനാൻ.

പാണ്ഡവ! കേട്ടുകൊൾ ദാനവവീരനും
വിണ്ണിൽ സുഖിച്ചിരിക്കും പ്രകാരങ്ങളും.
മാണിക്യജാലങ്ങൾകൊണ്ടു നിൎമ്മിച്ചുള്ള
ചേണുറെറഴും മതിലേഴുണ്ടു ചൂഴവും.
ഓരോ മതിലിനും നാലുണ്ടു ഗോപുരം
മേരുശൃംഗോപമം സൂൎയ്യസമപ്രഭം.
പുത്തൻ മണിനിര കൊണ്ടു പടുത്തുള്ള
രത്നസോപാനമാൎഗ്ഗമതിമോഹനം
പൊന്മയമായ് പ്രകാശിച്ചുകൊണ്ടേററവും
നിൎമ്മലമായ തെരുവുകളൊക്കയും

ചിത്രങ്ങൾകൊണ്ടു ചമച്ചുള്ള ഭിത്തിക-
ളെത്രയുമത്ഭുതം പാൎത്തുകണ്ടോളവും.
വെണ്മതിപോലവേ നിന്നു ശോഭിച്ചേഴും
വെണ്മാടജാലങ്ങളിങ്ങു ചൊല്ലാവതോ?
തോരണംകൊണ്ടു നിറഞ്ഞ വഴികളും
പാരമുയൎന്നു മിന്നും കൊടിക്കൂറകൾ

വാരണശാലകൾ വാജിശാലകളും
ചാരുവാം നാടകശാലകളെന്നിവ
ആളിമാരോടു കലന്നു തരുണിമാർ
കേളികോലും ഭവനങ്ങളും മോഹനം.

ഉത്തമമാകിയ നൽപുരിതന്നുടെ
മദ്ധ്യത്തിൽ മേവും മഹാരാജധാനിയും
വിത്തങ്ങൾകൊണ്ടു നിറഞ്ഞു വഴിഞ്ഞുട-
നെത്രയും മോഹനം പാൎത്തുകണ്ടോളവും
ഇന്ദ്രനീലക്കല്ലുകൊണ്ടുമിടയിടെ-
ച്ചന്ദ്രശിലയാൽ ചമച്ച മുററങ്ങളും
മാളികയും മഹാമണ്ഡപജാലവും
നീളമുള്ളോരു സ്തംഭങ്ങൾ പലതരം
കല്പകദാരുക്കൾകൊണ്ടു ശോഭിച്ചെഴും
ശില്പംകലന്നുള്ള പൂങ്കാവനങ്ങളും

പുഷ്പങ്ങൾകൊണ്ടു നിറഞ്ഞ ലതകളു-
മെപ്പൊഴും വീയി നില്ക്കുമിളന്തെന്നലും
മന്ദം മുരളുന്ന വണ്ടിൻകുലങ്ങളു-
മന്നങ്ങളാദിയായുള്ള പക്ഷികളും
സാരസംകൊണ്ടു ശോഭിച്ചുമേവീടുന്ന
വാരുററു നില്ക്കും സരസ്സുകളൊക്കയും
ഇങ്ങനെയുള്ള രാജ്യത്തിലസുരനും
പൊങ്ങിനമോദേന വാണുകൊണ്ടീടിനാൻ.
എന്നതുകണ്ടുള്ള ദേവകളൊക്കയും
നന്നായസുരനെസ്സേവിച്ചു മേവിനാർ.

അംബരചാരികളായവരും തദാ
തുംബുരുനാരദന്മാരും സ്തുതിക്കണം.

രംഭ മുതലായ നാരിമാരൊക്കയും
വമ്പോടു നൃത്തമാടേണം മഹീപതേ!
സപ്തമുനികളെല്ലാം വന്നു നിത്യവും
സാത്വികരായ് പുരാണങ്ങൾ കേൾപ്പിക്കണം.
കാലത്തു വന്നു ബൃഹസ്പതി നിത്യവും
കാലഫലങ്ങളെല്ലാം പറഞ്ഞീടണം.
പാവകദേവൻ പരിചോടശനങ്ങൾ
കേവലം വച്ചുകൊള്ളേണമനുദിനം.

വായുവുമെങ്ങുമടിച്ചു കോരീടണം,
തോയപനല്ലോ തളിച്ചു കൊള്ളുന്നതും.
പുഷ്പങ്ങൾ കൊണ്ടുവന്നീടേണമാദരാൽ
കെല്പോടു കാനനദേവതമാരുമേ.
എങ്ങു കണ്ണാടിയെന്നു പറയുന്നേര-
മങ്ങു ശശി മൂർത്തിമാനായി നില്ക്കണം.
ഏറെപ്പറഞ്ഞെന്തു കാരിയം ഭൂപതേ!
നേരേ ത്രിമൂർത്തികളേയൊഴിച്ചൊക്കയും
തന്നുടെ ചൊൽക്കലടക്കി ലോകങ്ങളും
നന്നായൊരു കുടകീഴിൽ വാണീടിനാൻ.

കേട്ടുകൊണ്ടാലും നരപതേ! ദാനവൻ
വാട്ടമകന്നു പാലിക്കും പ്രകാരവും.
മേദിനി തന്നിൽ വിതച്ച വിത്തൊക്കയും
മോദമോടക്ഷയമായി വർദ്ധിച്ചിടും.
തിങ്ങളിൽ മൂന്നു മഴ പൊഴിഞ്ഞീടണ-
മെങ്ങുമേ നല്ല നിറവിളവാകണം.
ആറും മല കടലും തെളിഞ്ഞേറവും
വീറോടു ദിവ്യരത്നങ്ങൾ നല്കീടണം.

ചഞ്ചലമെന്നിയേ പൂങ്കാവിലെങ്ങുമേ
തേഞ്ചോരിഞ്ഞീടണം പൂത്തു നിന്നോററവും.

കാലത്തു പൂത്തു കായ്ക്കേണം തരുക്കളും
ബാലികമാരും പ്രസവിക്ക വേണമേ.
ചൊൽക്കൊണ്ടു നിന്നുള്ള ദാനവനിങ്ങനെ
വിഖ്യാതപൌരുഷം വാഴും ദശാന്തരേ
ആടൽ പൂണ്ടീടിന ദേവകളൊക്കയും
കൂടി നിരൂപിച്ചു ചൊല്ലി നിന്നീടിനാർ:
"എത്ര കാലമിവൻചൊല്ലുകൾ കേട്ടു നാ-
മത്ര വസിക്കുന്നതുമഹോ ഖിന്നരായ്!
മല്ലാരിതൻ ചരണാംബുജമെന്നി മ-
ററില്ലൊരാലംബം നമുക്കു ചിന്തിക്കിലോ.

എല്ലാവരുമായി വൈകാതെ ദേവനോ-
ടല്ലലെല്ലാമുണത്തിക്ക വേണ്ടുന്നതും.
പന്നാഗശായി താനല്ലയോ നമ്മുടെ
ഖിന്നത തീൎത്തു പാലിച്ചതു മുന്നമേ?"
മേന്മയോടിങ്ങനെ ചൊല്ലീട്ടു ദേവകൾ
നാന്മുഖനോടുമൊരുമിച്ചു ചെന്നുടൻ
പാലാഴി പുക്കു പുരുഷസൂക്തംകൊണ്ടു
ചാലവേ നിന്നു പുകണ്ണോരനന്തരം
മോദിതനായ മുകുന്ദനുമമ്പിനോ-
ടാദിതേയാൻ സ്മിതപൂൎവ്വമൂചേ മുദാ:

"നിങ്ങളുടെ വ്യസനങ്ങളെല്ലാമഹ-
മിങ്ങറിഞ്ഞത്രേയിരിക്കുന്നു മുന്നമേ.
ഞാനറിയാതെ കണ്ടൊന്നുമില്ലെങ്കിലും
ദീനതയൊക്കെയറിഞ്ഞുപോരുന്നതേ.

എന്നാലുദാസീനമെന്തിനാണെങ്കിലോ
നന്നായതു കേട്ടുകൊള്ളുവിൻ നിങ്ങളും.
കാലമല്ലോ സകലക്ഷമോർത്തീടുകി-
ലാലംബമായിട്ടു പോരുന്നതെത്രയും.
കാലം വരുമളവും പാർത്തുകൊണ്ടിനി
വേലകളഞ്ഞു വാണീടുക വേണ്ടതും.

ആരണർ തമ്മെയും ദ്വേഷിച്ചു കർമ്മങ്ങൾ
നേരെ മുടക്കിച്ചമച്ചുകൊണ്ടേററവും
പാതിവ്രത്യംപൂണ്ട യോഷിജ്ജനത്തെയും
പ്രീതിപൂർവ്വം മദംകൊണ്ടു പുണർന്നുടൻ
കേഴമാറാക്കിക്കുലസ്ത്രീജനത്തെയും
പാഴായ്മയിത്തരംചെയ്തു വസിക്കയാൽ
ജീവന്മൃതനായിരിക്കുമിപ്പാഴനെ-
ക്കൊൽവതിനായ് മമ ദണ്ഡമില്ലൊട്ടുമേ.
പുത്രനൊരുവൻ പിറക്കുമിവൻ തനി-
ക്കെത്രയും ഭക്തിമാനായും വരും മയി.

പിന്നെയവനോടു വൈരമുണ്ടാമിവ-
നന്നു ഞാൻ സിംഹമായ് സംഹരിച്ചീടുവൻ"
എന്നരുൾചെയ്തു മറഞ്ഞു മുകുന്ദനും
ഖിന്നതനീക്കിത്തെളിഞ്ഞു വാനോർകളും
ദാനവൻതന്നെ മൃതനെന്നു നന്നായി
മാനസംതന്നിലുറച്ചു വാണീടിനാർ.
അക്കഥ നില്ക്കട്ടെ ദാനവപത്നിക്കു
ഗർഭംതികഞ്ഞു നോവുംതുടങ്ങീ തദാ.
ധർമ്മം പ്രകാശിക്കവേണമെന്നും നല്ല
കർമ്മഫലമിവണ്ണം വരുമെന്നതും

ദേവകൾക്കുണ്ടായ സങ്കടംപോക്കുവാൻ
മേവും ഹരിയുടെ നാമഫലത്തിനും
ശ്രീപതിനാമസ്മരണംചെയ്യുന്നവ-
ൎക്കാപത്തണയുകയില്ലെന്നതിന്നുമേ
നിശ്ചലമായുള്ള ഭക്തിയുണ്ടാകിലി-
ങ്ങച്യുതൻ രക്ഷിക്കുമെന്നുള്ളതിന്നുമേ
ഭക്തരെ ദ്വേഷിപ്പവൎക്കതിന്റെ ഫലം
വ്യക്തമായ്തന്നേ ഭവിക്കുമെന്നുള്ളതും.
ചൊല്ലുള്ള ദാനവവീരനു മേന്മയിൽ
നല്ല ഗതി വരുവാനുമങ്ങാദരാൽ

ചേററിൽ മുളച്ചുള്ള താമരപ്പൂവുപോൽ
തെററന്നു പുത്രരത്നം ജനിച്ചു മുദാ.
പുത്രനുണ്ടായെന്ന വൃത്തമിങ്ങപ്പൊഴേ
ചിത്രമായ് ദാനവനോടു ചൊല്ലീടിനാർ.
ഉണ്ണിയുണ്ടായെന്ന വാൎത്തകേട്ടിട്ടവ-
നെണ്ണമില്ലാത സന്തോഷം മുഴുത്തുടൻ
ചൊല്ലിനിന്നീടുന്നവൎക്കു കനിവോടു
നല്ല പുടവയുമാഭരണങ്ങളും
തന്നുടെ മെയ്യിലണിഞ്ഞവയൊക്കയു-
മൊന്നൊഴിയാതെ നല്കീടിനാൻ പ്രീതനായ്.

ഭംഗി പൂണ്ടീടിനോരംഗനമാർകളും
മംഗലപാണികളായി വന്നാദരാൽ
നാലു ദിക്കിങ്കലും ദീപവും വച്ചുട-
നാലയമെല്ലാമലങ്കരിച്ചീടിനാർ.
സ്വൎണ്ണങ്ങൾകൊണ്ടു ചമച്ചുകൊണ്ടുള്ളൊരു
പൂൎണ്ണകുംഭങ്ങൾ നിരത്തിനാരെങ്ങുമേ.

ദാനവരാജനു പുത്രനുണ്ടായെന്നു
മാനിനിമാരും പറഞ്ഞു നിന്നീടിനാർ.
എന്നതു കേട്ടുള്ള ദേവികളൊക്കയും
ഖിന്നഭാവം കളഞ്ഞു തെളിഞ്ഞു മുദാ.

നന്ദനനുണ്ടായ വാർത്ത കേട്ടെത്രയും
നന്ദിതരാകിയ മന്ത്രികളൊക്കയും
ദൈതേയവീരനരികത്തു ചെന്നുടൻ
പൈതലുണ്ടായ തോഷം പറഞ്ഞീടിനാർ.
സന്തോഷവാരിധിയിൽ മുങ്ങിയസുരനും
ചിന്ത തെളിഞ്ഞു പൂരിച്ചിതു ദേഹവും
മെയ്യും മറന്നു ചെയ്യേണ്ടും കരുമങ്ങൾ *
പയ്യവേയൊന്നുമറിയാതിരുന്നുടൻ
പൊന്മയമാകിയ സിംഹാസനത്തിന്നു
ചെമ്മെയിറങ്ങി നടന്നുടനാദരാൽ

സ്നാനവും ചെയ്തങ്ങു മണ്ടി വന്നിട്ടുടൻ
ദാനങ്ങൾ ചെയ്തു ഭൂദേവരുമായ് മുദാ
മംഗലമാകിയ വേദധ്വനിയോടു-
മങ്ങു തൻ മന്ദിരം പുക്കു സന്തുഷ്ടനായ്
എന്നുടെ വംശം തഴപ്പിപ്പതിന്നാശു
വന്നുള്ള പുണ്യമാകുന്ന കുമാരനെ
കൊണ്ടു വരികെന്നു കേട്ടോരു നേരത്തു
കൊണ്ടുവന്നാളൊരു കൊണ്ടൽവേണീമണി.
പട്ടു പുടവയിൽ വെച്ചുകൊണ്ടന്നവൾ
പെട്ടെന്നു ദാനവൻ കൈയിൽ നൽകീടിനാൾ.

* കർമ്മങ്ങൾ.

താങ്ങിപ്പിടിച്ചുകൊണ്ടാദരവോടവൻ
പാങ്ങാകവേ മടിയിൽ കൊണ്ടിരുന്നുടൻ
മന്ത്രങ്ങൾ ചൊല്ലിത്തലയിൽ മുകൎന്നിതു
തന്ത്രികളായുള്ള ഭൂദേവർ ചൊല്ലിനാൽ.
ജാതകൎമ്മം കഴിച്ചിട്ടു ഹിരണ്യനും
മാതാവു കൈയിൽ കൊടുത്തു തനയനെ
ആരണർ ചൊല്ലിനോരാശിയും കേട്ടു കേ-
ട്ടാശ തെളിഞ്ഞിരുന്നു സുരവൈരിയും.
നാമകരണം കഴിച്ചു കുമാരന-
ങ്ങാമോദമോടു പ്രഹ്ലാദനെന്നാദരാൽ.

നേരേ പറഞ്ഞുകൂടായിന്നവനുടെ
സാരമായുള്ള ഗുണങ്ങൾ ഭൂപാലക!
സൎവ്വലോകത്തിനുമാധാരഭൂതനായ്
സൎവ്വകൎമ്മത്തിനും സാക്ഷിയുമായവൻ.
ഭൂദേവരെന്നുള്ള പേരു കേട്ടീടുകി-
ലാദരവോടു വണങ്ങി നിന്നീടുവോൻ.
ഇന്ദ്രിയമായുള്ള വൈരികൾക്കെന്നുമേ
തന്ദ്രി * ക്കുമവ്വണ്ണമേ വശമല്ലവൻ.
തന്നുടെ ജീവനെപ്പോലെ തന്നേ സദാ
നന്നായനുകമ്പയുണ്ടു ജന്തുക്കളിൽ.

സത്തുക്കളായവരെക്കണ്ടതെങ്കിലോ
ചിത്തമോദേന കൈകൂപ്പി നിന്നീടുവോൻ.
മാനസംതന്നിൽ കരുണയുണ്ടേറവും
ദീനരെക്കാണുന്നതാകിലോ ഭൂപതേ!

* മടി

ആചാൎയ്യനെദ്ദൈവമെന്നു കല്പിച്ചുട-
നാചരിച്ചീടുവോൻ വിശ്വാസമോടവൻ.
(1)ആറായ ശത്രുക്കളെജ്ജയിച്ചീടുവാ-
നേറും ബലം പാൎത്തുകാണുന്നതാകിലോ.
ശത്രുക്കളെ പ്രശംസിക്കുമവനുടെ
ചിത്രമായുള്ള ഗുണങ്ങൾ കാണും വിധൌ

നാരായണൻ തിരുനാമമവനോടു
പാരാതെ ചെന്നങ്ങു ചേരുകമൂലമായ്
കാരിയമായുള്ളതെന്തെന്നറിയാതെ
പാരമാമാനന്ദവാരിയിൽ മുങ്ങുവോൻ.
ദീനഭാവംപൂണ്ടു കേഴുമിടയിടെ
മാനസേ മോദം കലൎന്നു ചിരിക്കയും
ഊണു തുടങ്ങിയിട്ടുള്ള കരുമങ്ങൾ
കാണിപോലുമറിഞ്ഞീടുകയില്ലവൻ.
ചിത്തഭ്രമംപൂണ്ടു മത്തനായേററവും
ബദ്ധമോദേന നിലവിളിച്ചീടുവോൻ.

എന്നതു കണ്ടുള്ള മാലോകർ തങ്ങളിൽ
നിന്നു പറഞ്ഞു തുടങ്ങിനാരിങ്ങനെ:-
ബാധിതനായിതു വയ്യനാ (?) ലെന്നതു
ബോധമേ ഭ്രാന്തിയത്രേയെന്നിതു ചിലർ.
ചൊല്ലാം പിറവിഗുണമെന്നുതേ ചില-
രല്ലെടോ ദൃഷ്ടതമെന്നു തന്നേ ചിലർ.
ഭീഷണമാകും പുലിയുടെ ഗൎഭത്തിൽ
മൂഷികഘാദക (2) നുണ്ടായതു. പോലെ

(1)ആറുശത്രുക്കൾ=കാമക്രോധലോഭമോഹമദമാത്സൎയ്യങ്ങൾ (2) മാൎജ്ജാരൻ

ശ്ശൂരനാകുന്നോരസുരരാജാവിനി-
ദ്ദാരക(1)നൊട്ടുമേ ചേരുവോനല്ലെടോ!

ഇത്തരം ഭാഷണം ലോകർ ചൊല്ലുന്നതും
സത്വരം കേട്ടു പ്രഹ്ലാദനാം ബാലനും
ദോഷമില്ലാത നമുക്കിവയൊക്കയും
ഭൂഷണമെന്നു ചിന്തിച്ചുകൊണ്ടീടിനാൻ.
ഭക്തിക്കു വിഘ്നം ഖലസേവയെന്നതും
വ്യക്തമായ് ചൊല്ലുന്നു ശാസ്ത്രങ്ങളാദരാൽ
സത്തുക്കളോടു വേണം ചേൎന്നു കൊള്ളുവാൻ
മുക്തി വരേണമെന്നാകിലങ്ങേവനും.
ഇന്നിവനും പുനരിങ്ങനെയായതു
മന്നവ! ശങ്കയുണ്ടാകിൽ ഞാൻ ചൊല്ലുവൻ.

അൎഭകനായ് ഗൎഭപാത്രമതിൽ പുന-
രുത്ഭവിച്ചുള്ള നാളേ ഭക്തിമാനിവൻ.
ദുഷ്ടനാകും ഹിരണ്യാസുരമന്ദിരേ
പുഷ്ടമോദേന വളൎന്നു പ്രഹ്ലാദനും.
(2) വാരിരാശൌ മകരേണ (3) സമന്വിതം
നേരേ മണി വസിച്ചീടും കണക്കിനെ.
എല്ലായ്പ്പൊഴും ഹരിയെ സ്മരിച്ചാദരാ-
ലല്ലലകന്നു വളൎന്നുകൊണ്ടീടിനാൻ.
വിത്തു ചെറുതായിരിക്കിൽ വൃക്ഷങ്ങളു-
മോൎത്തുകാണ്കിൽ ചെറുതായ് വന്നുകൂടുമോ?

നല്ല പ്രണവം(4)ചെറുതായിരിക്കിലും
ചൊല്ലാവതല്ലതിന്റെ ഫലമേവനും.

---

(1) പുത്രൻ. (2) കടലിൽ. (3) മകരമത്സ്യത്തോടു്. (4) ഓംകാരം.

അങ്ങനെ തോന്നുമജ്ഞാനികൾക്കൊക്കെയും
മങ്ങാത ബാലനെന്നാകിലും ഭൂപതേ!
പാരമായുള്ളോരു ഭക്തിയുണ്ടാകയാ-
ലാരുമെതിരവനോടില്ല നിർണ്ണയം.
നാരായണനായ കല്പകശാഖിയെ
നേരോടു ചിന്തയിൽ ചിന്തിച്ചിരിക്കയാൽ
ഭക്തിയായുള്ളോരു വല്ലിയെസ്സർവ്വദാ
സക്തിയോടുമാശ്രയിച്ചതു മൂലമായ്

നല്ല ഫലങ്ങളെ നല്കി നിന്നീടുമേ
മല്ലാരിഭക്തിയായുള്ളോരു വല്ലിയും.
ഭക്തിയായുള്ള മാതാവിനെച്ചിന്തയിൽ
നിത്യവും വിശ്വസിച്ചിട്ടു വസിക്കയാൽ
ജ്ഞാനമായുള്ള മുലപ്പാലു തന്നെയും
മാനിച്ചു നല്കി വളർത്തു മാതാവു താൻ.
ചങ്ങാതിമാരോടു കൂടിക്കളിക്കിലും
മംഗലമായ നാമസ്മൃതിയെന്നിയേ
മററൊന്നിലും ചെന്നു ചിത്തമൊരിക്കലും
പററുകയില്ലതു സൽസ്വഭാവമെടോ!

ദിവ്യഗുണമുള്ള ദൈത്യകുമാരനും
ചൊവ്വോടിളന്തിങ്കൾ പോലെ വളർന്നുതേ.
കേൾക്ക മഹീപതേ! ബാലനു വത്സര-
മാക്കമോടഞ്ചാറു ചെന്നോരനന്തരം
ഗർവ്വിതനായ ഹിരണ്യനക്കാലത്തു
കാവ്യ * നാകും ഗുരു തന്നെ വരുത്തിനാൻ

---

* ശുക്രൻ

സൽക്കാരപൂർവ്വമിരുത്തീട്ടു തന്നുടെ-
യുൾക്കാമ്പിലുള്ള മനോരഥമൂചിവാൻ:
"ഭൂപതിയായ് മദം പൂണ്ടുകൊണ്ടേററവും
താപമകന്നു വാണീടുന്നവർക്കഹോ

ഭൂതിയായുള്ളോരജ്ഞാനേന മാനസേ
നീതിയായുള്ളതു തോന്നുകില്ലൊട്ടുമേ.
മൽകുലദേവതയും ഗുരുവും ഭവാ-
നോക്കിൽ തവ ദാസനത്രേയടിയനും
പുത്രനു വിദ്യ പഠിപ്പിയാത്തുള്ളോരു
ശത്രുക്കൾ മാതാപിതാക്കളാകുന്നു പോൽ
പുന്നാമമായ x നരകത്തിൽ വീഴാതെ-
യെന്നെ രക്ഷിപ്പതിന്നായ പ്രഹ്ലാദനെ
വിദ്യ പഠിപ്പിക്ക വേണം ഭവാനിനി-
യുദ്യൽകരുണയാ ശിക്ഷയോടേററവും.

യൌവനാരംഭം വരുമളവും പാർത്തു
പയ്യവേ താൻ യുവരാജ്യവും നല്കണം
ആത്മജൻ ലോകം ഭരിപ്പതു കണ്ടട-
നാത്മമോദേന വസിക്കവേണം മമ".
ഇത്തരം ദാനവചിത്താഭിലാഷങ്ങൾ
സത്വരം കേട്ടു ശുക്രൻ പറഞ്ഞീടിനാൻ
"അങ്ങനെ തന്നെയൊരന്തരമില്ലിതി-
നിങ്ങിതെന്നാൽ കുറവുണ്ടാകയില്ലെടോ!"
എന്നരുൾചെയ്തു സോത്ഥാനം y പ്രവേശിച്ചു
നന്ദിതനായിരുന്നീടിനാൻ കാവ്യനും.

x പുത്ത് എന്നു നാമമായ y ഉത്ഥാനത്തോടെ (എഴനീററ്)

ചൊന്നവണ്ണംതന്നെ പ്രഹ്ലാദനും തദാ
ചെന്നു ഗുരുവരൻചാരത്തിരുന്നുടൻ
ബാലകന്മാർ പലരോടുമൊരുമിച്ചു
കാലേ പഠിച്ചുതുടങ്ങിനാൻ വിദ്യകൾ.
കാവ്യങ്ങൾ നാടകാലങ്കാരമൊക്കയും
ദിവ്യമാം നീതിശാസ്ത്രം ലക്ഷണങ്ങളും
ഭൂപതിമാൎക്കു വേണ്ടുന്ന ഗുണങ്ങളും
ചാപം തുടങ്ങിയുള്ളായുധവിദ്യയും
പട്ടാഭിഷേകത്തിനുള്ള വിധികളും
വാട്ടമെന്യേ ലോകരക്ഷ ചെയ്യുന്നതും

തന്നിലധികരായുള്ളവർ(1)തമ്മോടു
നന്നായ് നിരന്നു (2) ചേരേണ്ടും പ്രകാരവും
തുല്യരായുള്ളവരോടു യുദ്ധംചെയ്തു
വെല്ലുവാനുള്ള സമൎത്ഥതയൊക്കയും
പഞ്ചതന്ത്രവും (3) ചതുരുപായങ്ങളും (4)
ചെഞ്ചമ്മേ ഭോഗം ഭുജിക്കും പ്രകാരവും
പുണ്യകൎമ്മങ്ങൾ ചെയ്യേണ്ടും വഴികളും
വൎണ്ണാശ്രമങ്ങൾ ധൎമ്മങ്ങളിതൊക്കയും
മന്നവന്മാൎക്കു വേണ്ടുന്ന ധൎമ്മങ്ങൾ മ-
റ്റന്യങ്ങളായുള്ളതുമഭ്യസിച്ചുടൻ

ഒക്കെപ്പഠിച്ചു വിരക്തിവന്നിട്ടു ത-
ന്നുൾക്കാമ്പിലിങ്ങനെ ചിന്തിച്ചു തന്നിലേ:

---

(1) തന്നെക്കാൾ ബലമേറിയവർ (2) യോജിച്ചു് (3) മിത്രഭേദം, മിത്രസംപ്രാപ്തി, കോകിലോലൂകീയം, ലബ്ധപ്രണാശം, അപരീക്ഷിതകാരകം എന്ന അഞ്ചു തന്ത്രങ്ങൾ. (4) സാമം, ദാനം, ഭേദം, ദണ്ഡം.

"സന്തതം വിദ്യ പഠിച്ചു കാലം വൃഥാ
ഹന്ത പോകുന്നു ഹരിസ്മൃതിയെന്നിയേ
കണ്ണൻതിരുനാമമില്ലാത്ത ശാസ്ത്രങ്ങൾ
വെണ്ണീറ്റിലാഹുതി ചെയ്യുന്നപോലെയാം
മുന്നമേ തന്നെയറിയാത്ത മൂഢരെ-
പ്പിന്നെയും വൻകുഴിക്കാക്കുമിശ്ശാസ്ത്രവും
മുന്നമേതന്നെ മൃതനായവൻതന്നെ-
ക്കൊന്നീടുമാറുമുണ്ടോ പുനരേവനും?

അന്ധനായുള്ളവൻതന്നെയും കൂപത്തി-
ലുന്തീടുമോ പുനരേവനും പാൎക്കിലോ?
താതനൊന്നുമറിയായ്ക കൊണ്ടല്ലയോ
നീതിശാസ്ത്രം പഠിപ്പാൻ നിയോഗിച്ചതും?
എന്നാലുമീശ്വരനല്ലോ മമ പിതാ
വന്ദിതനല്ലോ നിരൂപിച്ചു കാണ്കിലോ.
എപ്പൊഴും കാത്തു രക്ഷിച്ചുകൊള്ളും നാഥ-
നിപ്പോൾ മനസ്താപമൊക്കെക്കളകമേ"
എന്നിവയെല്ലാം നിനച്ചു പ്രഹ്ലാദനും
നന്നായ് സുഖിച്ചു വാണീടിനാൻ ഭൂപതേ!

രാജാവൊരിക്കൽ നവരത്നമണ്ഡപേ
* രാജമാനനുദയാദ്രൌ തരണിവൽ
രത്നസിംഹാസനം പ്രാപ്യ സന്തുഷ്ടനായ്
രത്നമാല്യാഭരണം പൂണ്ടു ശോഭയാ
ആലവട്ടങ്ങൾ വെഞ്ചാമരമെന്നിവ
ബാലതരുണിമാർ നിന്നു വീശീടവേ

* രാജമാനൻ=ശോഭിക്കുന്നവൻ.

പൂവേണിമാരുടെ രൂപഗുണങ്ങളെ
നാവിനാൽ വാഴ്ത്താവതല്ല നരപതേ!
വണ്ടിൻനിരകളും കൊണ്ടലുമിണ്ടലാൽ
മണ്ടുമേ കുന്തളകാന്തി കാണും വിധൌ

പഞ്ചമിച്ചന്ദ്രനും നെഞ്ചകത്തെപ്പൊഴും
ചഞ്ചലം നല്കും നിടിലവും മോഹനം
നെററിയായുള്ളൊരു മററത്തിലാമ്മാറു
പാററിക്കളിക്കും കുറുനിര ശോഭയും.
നീളത്തിലുള്ള കുറികളതിനുള്ളിൽ
മേളം കലൎന്ന തിലകാഭ ചൊൽവതോ?
മുല്ലബാണനുടെ വില്ലിനെ വെല്ലുന്ന
ചില്ലിക്കൊടിയിണയ്യൊപ്പു ചൊൽവാൻ പണി
വാരിജം വെല്ലുന്ന ലോചനം പാൎക്കിലോ
മാരനു നല്ലൊരു ബാണങ്ങളായ്‌വരും.

കണ്ണാടിയോടു തിറ*കൊണ്ടുപോരുന്ന
ഗണ്ഡത്തിലാമ്മാറു മിന്നുന്ന കുണ്ഡലം
എൾപ്പൂവിനുമഴലുൾപ്പൂവിലുണ്ടല്ലൊ
കെല്പോടു നാസികയ്യൊപ്പമല്ലാഴ്കയാൽ
ദന്തത്തിനോടുമധരബിംബത്തോടു-
മന്തരാ തോററിതു മുത്തും പവിഴവും
മാലയായിട്ടു ഗളതലമാശ്രിത്യ
ഞാലുവാൻ കാരണം മറെറതുമില്ലഹോ
സുന്ദരമാം മുഖകാന്തികണ്ടേററുതേ
ഇന്ദുവും പങ്കജവുമൊരുമിച്ചുടൻ

---

* കപ്പം

അല്ലും പകലും പൊരുതുകൊണ്ടീടുവാൻ
വല്ലഭമില്ല നിന്നീടുവാനേകനായ്
കംബുവും കണ്ഠത്തിനോടു തോററിട്ടു പോ-
യംബുധിതന്നിൽ മുഴകി നടന്നുതേ
ചെമ്പൊൽക്കരങ്ങളാത്തുമ്പിക്കരത്തിനു
കമ്പം വരുത്തി മേവീടുമങ്ങേററവും
മിങ്കൈ v തരിവളകൊണ്ടു ശോഭിച്ചുകൊ-
ണ്ടംഗുലീയങ്ങളണിഞ്ഞതിമോഹനം
ചാരുവായുള്ളൊരു പൊൽക്കലശങ്ങളും
നേരോടെതിരില്ല കൊങ്കകളോടെടോ!

ആലിലപോലെ വിലസുമുദരവും
നീലിമ പൂണ്ട രോമാളിയും മോഹനം
മുഷ്ടിതന്നുള്ളിലടങ്ങുന്ന മദ്ധ്യവും
പട്ടുടയാടയും രത്നകാഞ്ചികളും
പൊൽത്തൂണുപോലെ വിലസും തുടകളും
പുത്തനാം ചെപ്പിനെ വെല്ലും മുഴങ്കഴൽ
മോഹനം ജംഘ കണങ്കാൽ പുറവടി
മോഹനമെത്രയും കാണുന്നതാകിലോ.
സൌന്ദര്യമെന്നു ചൊല്ലും സമുദ്രമതിൽ
മന്ദമായ് നീന്തിക്കളിക്കും കണക്കിനെ

കാണും ജനങ്ങൾ തൻ കണ്ണിനു ചന്ദന (?)
വാണിമാരിങ്ങനെ നിന്നു മേവീടിനാർ.
കൈവളകൾ കിലുങ്ങീടുമാറങ്ങനെ
പയ്യവേയാലവട്ടങ്ങൾ വീയീടിനാർ

v മിന്നുന്ന കൈ.

പിന്നെയൊരു തരുണീമണി ചെന്നുടൻ
മന്നവൻചാരത്തു നിന്നുടനാദരാൽ
പാക്കു പഴുക്കയും ഖണ്ഡിച്ചു മേളമാ-
യാക്കമോടങ്ങവൻകയ്യിൽ നല്കീടിനാൾ
വീടിക*തന്നെക്കൊടുപ്പതിനായിട്ടു
തേടിയവസരവും പാൎത്തു മേവിനാൾ

അന്യയും വെള്ളികൊണ്ടുള്ള കാളാഞ്ചിയെ-
ത്തന്നുടെ കയ്യിനാൽ താങ്ങിനിന്നീടിനാൾ
ഓരോ പുരികളെ രക്ഷിപ്പതിന്നു താൻ
നേരേ നിയോഗിച്ചസുരപ്രവരരും
തങ്ങടെ വൎത്തമാനം ധരിച്ചീടുവാ-
നങ്ങെഴുതീടിന വാചകമൊക്കയും
കേൾപ്പിപ്പതിന്നവന്നുള്ള മന്ത്രികളും
ക്ലുപ്പിയൊരു ഭാഗമേ നിരന്നീടിനാർ.
വല്ലഭമേറുന്ന മല്ലരും വന്നിട്ടു
മല്ലുകൾ കാട്ടിക്കളിച്ചു നിന്നീടിനാർ.

മത്തഗജത്തിൻ കഴുത്തേറി വന്നുള്ള
ശക്തരും കൈ തൊഴുതിട്ടു പിൻവാങ്ങിനാർ
അശ്വോപരി വന്ന വിശ്രുതച്ചേവകർ
വിശ്വാസമോടു വണങ്ങി നിന്നീടിനാർ.
മററുള്ള കാലാൾപ്പടകളും വന്ദിച്ചു
തെററന്നു വാങ്ങിനിന്നീടിനാർ ദൂരവേ
ആരണരാശിയും നല്കിനിന്നീടിനാർ

....

* വെററിലച്ചുരുൾ

ഗായകന്മാരും സ്തുതിക്കും ജനങ്ങളും
മായമകന്നുള്ള നൎത്തകരാദിയും
ദൂതപുരോഹിതന്മാരുമമാത്യരും
പ്രീതിപൂൎവ്വം വണങ്ങീട്ടു നിന്നീടിനാർ.
എത്രയും പ്രാഭവമോടസുരാധിപൻ
ചിത്രസഭാന്തേ മരുവും ദശാന്തരേ
ശുക്രം വിലോക്യാഥ മന്ദസ്മിതത്തോടു
* ചക്രീശനേവം ജഗാദ മന്ദം മുദാ:
"മൽക്കുലജാതനായുള്ള പ്രഹ്ലാദനി-
ങ്ങൊക്കവേ പാഠമായ്‌വന്നിതോ വിദ്യകൾ?
ചൊന്നതെല്ലാം ഗ്രഹിച്ചീടുവാൻ പാത്രമോ
ഇന്നിയുമൊട്ടു നാളഭ്യസിക്കേണമോ?
എത്രയും പാരം പ്രയത്നമല്ലോ മുനേ!
പാത്രമല്ലാതവനെപ്പഠിപ്പിക്കയും"
ദൈത്യേന്ദ്രനിങ്ങനെ ചൊന്നതു കേട്ടുടൻ
പ്രീത്യാ ഭൃഗുസുതനും പറഞ്ഞീടിനാൻ:
"നന്ദനൻതന്നെപ്പഠിപ്പിച്ച വിദ്യക-
ളിന്നവനോടു ചോദിച്ചു കേട്ടീടു നീ"
എന്ന നേരം സുതൻതന്നെ വരുത്തുവി-
നെന്നു നേരേ നിയോഗിച്ചിതു ദൂതരെ.
മോദേന ചെന്നറിയിച്ചാരവസ്ഥകൾ
സാദരം ദാനവർ ദേവിയോടപ്പൊഴേ
എന്നതു കേട്ടോരു സുന്ദരഗാത്രിയും
നന്ദനനോടു ചൊല്ലീടിനാളാദരാൽ:

---

* ചക്രവൎത്തി?

“പ്രീതരായ് നിൻപിതാവിൻനിയോഗത്തിനാൽ
*താത! വന്നാരിവരെന്നറിഞ്ഞീടു നീ
ഇന്നിവരോടുമൊന്നിച്ചു നീ വൈകാതെ
ചെന്നു പിതാവിനെ വന്ദിക്കവേണ്ടതും”
എന്നു പറഞ്ഞു കുമാരനെയമ്പോടു
നന്നായ് മണമിയലുന്ന തൈലത്തിനാൽ
തേച്ചു കുളിപ്പിച്ചു മേളമായങ്ങനെ
നൽച്ചേലതന്നെയും ചാർത്തിച്ചു മേളമായ്

ചേർച്ചയായുള്ള സുഗന്ധങ്ങൾ ചേർത്തു ന-
ല്ലിച്ചയാ ചന്ദനത്താൽ കുറിചേർത്തുടൻ
പൊന്മയമായോരുരുമാല്യതന്നെയും
നന്മയോടേ ധരിപ്പിച്ചിതു മോഹനം
കർണ്ണങ്ങളിൽ കല്ലു വെച്ചുള്ള കുണ്ഡലം
തിണ്ണം വിളങ്ങുമാറങ്ങു ചേർത്തീടിനാൾ
ഉൽപലതുല്യമാകും നയനമതിൽ
ശില്പമാമഞ്ജനവും ചേർത്തു മെല്ലവേ
ചാരുവാകുന്ന പുലിനഖമോതിരം
ഹാരവും വിദ്രുമവും പതക്കങ്ങളും

കാഞ്ചനമായ ക്രുപ്പാസ*മതിന്നുമേൽ
ചെഞ്ചമ്മേ മാലകൾകൊണ്ടു നിറച്ചുടൻ
അങ്കണം (?) കങ്കണം നൂപുരമെന്നിവ
കിങ്കിണിയും കാഞ്ചിയും ചേർത്തു മേളമായ്
തണ്ടചിലമ്പും മണികളും കാഞ്ചനം-
കൊണ്ടു ചമച്ചുള്ളതൊക്കയും ചേർത്തുടൻ

* വത്സ!

പാലും പഴവുമായിബ്ഭുജിപ്പിച്ചു തൻ-
ബാലകൻതന്നൊപ്പുണന്നു സന്തുഷ്ടയായ്
ഉത്തമാംഗേ മുകൎന്നേററം സുതനോടു
ചിത്തം തെളിഞ്ഞിവണ്ണം പറഞ്ഞീടിനാൾ

"ബാല! നീ ചെന്നു പിതാവിനെക്കണ്ടിട്ടു
കാലേ വരികെ"ന്നനുജ്ഞനൽകും വിധൌ
കെല്പോടു ബാലകനും ജനനീപദം
കൂപ്പിനാൻ മെല്ലേ നടന്നാൻ മഹീപതേ!
പോകുന്ന നേരത്തു തന്മനതാരതി-
ലാകവേ ചിന്തിച്ചു ചൊല്ലിനാൻ തന്നിലേ:
"ചന്തമാകുന്നോരു ഭൂഷണമിന്നിവ-
യെന്തിനിനിക്കു ചിന്തിച്ചു കാണും വിധൌ?
ഭൂഷണം നാരായണേ ചിരം തങ്ങുന്ന
ദോഷമകന്നുള്ള ഭക്തി താനല്ലയോ?

ദാമോദരപദത്തിങ്കൽ നമിപ്പതും
കോമളപാദപുഷ്പം ധരിക്കുന്നതും
താമരമൊട്ടു പോലെ കരം കൂപ്പിനി-
ന്നാമോദമോടു ശിരസി വെക്കുന്നതും
എന്നതെല്ലാം ശിരോഭൂഷണമായതു-
മിന്നു കിരീടമല്ലെന്നതു നിൎണ്ണയം.
ചേതസാ നാരായണചരിതാമൃതം
കാതിനാൽ കേൾക്കയല്ലോ കൎണ്ണഭൂഷണം.
നാവിനു നല്ല രസങ്ങളാകുന്നതു
....

---

* കുപ്പായം

മൂക്കിന്നമോക്കിൽ സുഗന്ധമാകുന്നതു
പാൽക്കടൽവർണ്ണപാദതുളസീദളം
തൽപാദപത്മത്തിലച്ച്നംചെയ്യതു
ശില്പമോടേ കരത്തിന്നലങ്കാരമാം.
നാരായണാലയത്തിങ്കൽ ഗമിപ്പതും
നേരായലങ്കാരമാം പദങ്ങൾക്കഹോ!
ശൌരിയെച്ചിന്തിച്ചുകൊള്ളുന്നതാകിലോ
പാരാതെയുണ്ടാം പുളകവും മേൽക്കുമേൽ.
അങ്ങനെയുള്ള കൃപ്പാസമതെന്നിയേ
ഇങ്ങനെയുള്ളവ കമ്മമത്രേ ദൃഢം."

എന്നിവണ്ണം നിരൂപിച്ചു പ്രഹ്ലാദനും
തന്നുടെ താതനെക്കൈവണങ്ങീടുവാൻ
മന്ദം നടന്നങ്ങു ചെല്ലുന്നതു കണ്ടു
നന്ദനൻതന്നെ ഹിരണ്യനുമാദരാൽ
പ്രാഭവമോടു സിംഹാസനമണ്ഡപേ
ശോഭയോടുമിരുന്നീടും ദശാന്തരേ
ദൂരാൽ സുതാഗമം വീക്ഷ്യ സന്തുഷ്ടനായ്
പാരമായാനന്ദവാരിയിലാണ്ടുടൻ
കാരുണ്യമോടു തനയനെക്കണ്ടിട്ടു
പാരം തെളിഞ്ഞിവണ്ണം നിനച്ചീടിനാൻ:

"മത്തഗജമോ വരുന്നതുമെന്നുടെ
ചീർത്തൊരു പുണ്യമാം മൽക്കുലദീപമോ?
എന്നുടെ വേദന പോക്കി നിന്നീടുവാൻ
വന്നൊരു ഭാഗ്യമോ കാണുന്നതിങ്ങനെ?
സ്കന്ദനോ കന്ദർപ്പനോ മററതെന്നിയേ
ഇന്ദുവോ മന്ദം നടന്നു വരുന്നതും?"

എന്നവൻ മാനസേയോർക്കും ദശാന്തരേ
വന്നു വണങ്ങിനാൻ പ്രഹ്ലാദനാദരാൽ.
കാലു രണ്ടും പിടിച്ചിട്ടു നമിച്ചോരു
ബാലകൻതന്നെയെടുത്തു ഹിരണ്യനും
സ്നേഹപരവശനായിട്ടു തന്നുടെ
ദേഹത്തിനോടൊന്നണച്ചു പുൽകീടിനാൻ
വൈകാതവണ്ണം മടിയിലിരുത്തീട്ടു
കൈകളാലേ തലോടീടിനാൻ മെല്ലവേ.
ശീഘ്രം സുകുമാരമൌലിമേലമ്പിനോ-
ടാഘ്രായ * മന്ദമൂചേ സുതനോടവൻ:
"താത! നീയെത്രയും ബുദ്ധിമാനെന്നു നി-
ന്മാതാ ഗുരുവും പറഞ്ഞു കേൾപ്പുണ്ടു ഞാൻ
ആത്മജ! നീ പഠിച്ചോരു വിദ്യകളി-
ലാത്മവിശ്വാസം വരുന്നതിന്നായ് മമ
സാരാംശമായുള്ളതു പറഞ്ഞീടണം
ചാരത്തു നില്ക്കും മഹാജനം കേൾക്കവേ"
എന്നതു കേട്ടു പ്രഹ്ലാദനുമമ്പോടു
മന്നിലുള്ളോർ തൊഴും പന്നഗശായിയെ
ചേതസാ വാചാ ശരീരത്തിനാലുടൻ
പ്രീതിപൂർവ്വമൊരുമിച്ചു കൂപ്പീടിനാൻ.
"കേട്ടുകൊണ്ടാലും മദീയവാക്യമിതു
വാട്ടമകന്നസുരാധിപതേ! ഭവാൻ
പന്നാഗത്തിൻെറ ഫണത്തിൻ നിഴലതിൽ
നിന്നു തളച്ച്പോക്കീടുകില്ലേവനും

---

* മുകർന്നിട്ടു്.

എന്നപോലേ ഭവ*മെന്ന സുഖങ്ങളും
നന്നായറിഞ്ഞു നിരാശനായ് വാഴ നീ.
വിഷ്ണുകഥയാം നദിയിൽ കുളിച്ചിട്ടു
തൃഷ്ണയാം സംസാരതാപം കളകിലോ
എന്നതോളം സാരമായിട്ടു മററിനി-
യൊന്നുമില്ലെന്നു തോന്നുന്നിതെൻ മാനസേ"
ഉക്തികളിങ്ങനെ കേട്ടു ഹിരണ്യനും
കത്തിന ചിത്തമോടും പറഞ്ഞീടിനാൻ
"ലക്ഷണമില്ലാത്ത ബാലകനിന്നു വ-
ന്നിക്ഷണം ചൊന്നതെല്ലാവരും കേട്ടിതോ?
ഒട്ടുമേ ശങ്കിയാതേ മമ വൈരിയെ-
പ്പുഷ്ടമോദേന പുകണ്ണു ചൊല്ലീടിനാൻ:"
തന്നുടെ മാനസേ പൊങ്ങിന വേദന
പിന്നെയാരുമറിയാതെ മറച്ചവൻ
സന്തോഷഭാവവും ഭാവിച്ചു ദാനവ-
നന്തരാvതൻമകനോടു ചൊല്ലീടിനാൻ:
"എന്തു പറഞ്ഞതിനിയൊരിക്കലതു
ചന്തമായിട്ടു കേൾക്കേണമല്ലോ മമ
ഞ്ഞുകാതെയാക്കിയാൽ x കല്യമാകാതെയായ്
പോകുമെന്നുണ്ടൊരു കേളിയുമിങ്ങനെ.
പ്രത്യക്ഷമായിട്ടു കാണുമാറായിതു
സത്യം തവ മൂലമായിട്ടിനിക്കഹോ!
സക്തിയോടും ഹരിയെ സ്മരിക്കെന്നുള്ള
ഭക്തിമാർഗ്ഗത്തെപ്പഠിപ്പിച്ചതാരെടോ?

---

* സംസാരം v ഇടയിൽ x കല്യം=നല്ലതു്

സൎവ്വവും നമ്മുടെ ചൊൽക്കലൊകുന്നിതിൽ
പൂൎവ്വമെല്ലാവരും ചൊല്ലുവോരിങ്ങനെ”
മൂർഖനാം ദാനവൻ വിഷ്ണുവെച്ചിന്തിച്ചു
മൂക്കിൽ കരാംഗുലം വെച്ചതിചിന്തയാ
v കോടയിടി മുഴങ്ങീടും കണക്കിനേ
പാടവമോടു ചിരിച്ചോരനന്തരം

മംഗലനാകിയ പ്രഹ്ലാദയോഗിയു-
മങ്ങതു കേട്ടു പരിഭ്രമിച്ചഞ്ജസാ
തന്നുടെ താതനോടായിട്ടു പിന്നെയു-
മന്നേരമൊന്നു പറഞ്ഞിതു മന്ദമായ്:
“അല്പം സ്മരിക്കിലോ ദോഷങ്ങളൊക്കെയും
കെല്പോടകററും ഭഗവാനെയിങ്ങനെ
പാരം പരിഹസിച്ചീടുന്നതാകിലോ
നേരായ് വരികയുമില്ലുടനാൎക്കുമേ
ശാർങ്ഗിയെ നിന്ദിപ്പവൎക്കുള്ള കല്മഷം
ഗംഗയിൽ മുങ്ങുകിലും പോകയില്ലല്ലോ.

നാരായണനെ നിന്ദിച്ചുള്ള ദോഷങ്ങൾ
ദൂരവേ നീങ്ങുവാനായിട്ടു കേവലം.
അഞ്ചുരു നാമം ഹരിഹരിയെന്നിനി-
ച്ചെഞ്ചെമ്മെ ചൊല്ലുക വേണ്ടുന്നതും ദൃഢം
പാവയെക്കൊണ്ടു കളിപ്പിക്കുമപ്പോലെ
ദേവശക്ത്യാ ഭവിച്ചീടുമതു ഭവാൻ.
എന്നതുകൊണ്ടിനിയൊട്ടുമേ മാനസേ
പന്നഗശായിതന്നെദ്ദുഷിച്ചീടൊലാ.

---

v മഴക്കാലത്തെ ഇടി

ആൎയ്യനല്ലോ ഭവാൻ കോപമുണ്ടാകൊലാ
കാൎയ്യമത്രേ പറഞ്ഞീടുന്നതുമഹം

കല്മഷമൊക്കവേ വേരറുത്തീടുവാൻ
ചിന്മയപാദപത്മം സ്മരിക്കേണമേ”
ഇത്ഥം സുതൻ പറഞ്ഞീടും ദശാന്തരേ
ചിത്തകോപേന ചൊല്ലീടിനാൻ ദാനവൻ:
“എന്നുടെ ചാരത്തു നിന്നിവ ചൊന്നതു
പിന്നെയൊരുവനെന്നാകിലെൻവാളിനാൽ
വെട്ടുകൊണ്ടററു പിടഞ്ഞു കിടന്നവൻ
കൊട്ടയിൽ വാഴുവാനാളായിവന്നിടും
പുത്രനെന്നിച്ഛയായ്പോററിവളൎത്തതു-
മെത്രയും കഷ്ടം വൃഥാതന്നെയായിതേ”

എന്നു പറഞ്ഞു കോപം മുഴുത്തിട്ടവൻ
പിന്നെബ്ഭൃഗുസുതൻതന്നോടു ചൊല്ലിനാൻ:
“അന്തണനായ നീയും മമ ബാലക-
മെന്തുമൂലമിവണ്ണം പഠിപ്പിച്ചതും?
ഗൎവ്വംകൊണ്ടൊന്നുമറിഞ്ഞുകൂടായ്കയോ
ഉൎവ്വിയിൽ വാഴുവാനും കൊതിയില്ലയോ?
ഏറും മദമുള്ളിലുണ്ടായിരിക്കിലോ
വേറൊന്നതായ്‌വരുത്തീടുന്നതുണ്ടു ഞാൻ”
കോപേന ദാനവൻ ചൊല്ലും ദശാന്തരേ
വേഗേന ഭാൎഗ്ഗവനും പറഞ്ഞീടിനാൻ:

“ദാനവരാജ! ജയിക്ക ജയിക്ക നീ
വാനുലകത്തെജ്ജയിച്ചവനല്ലയോ?
നിന്നുടേ ബാലകനിങ്ങനെ ചൊൽവതു-
മെന്നുടെ കൎമ്മഫലമെന്നറിക നീ”

എന്നു പറഞ്ഞു പ്രഹ്ലാദനെ നോക്കീട്ടു
നിന്നു ഭൃഗുസുതനരുളീടിനാൻ
"ശിക്ഷിച്ചു നിന്നെപ്പഠിപ്പിയാതേ ദിനം
ഭിക്ഷയേററീടുകിൽ നന്നായിരുന്നിതും"
എന്നു ചൊല്ലീട്ടു കോപേന നോക്കീടിനാൻ
ധന്യനാകുന്നവനെദ്ധരിത്രീപതേ!

"എന്തിനു കോപിച്ചിടുന്നു മമ ഗുരോ!
ചിന്തിക്ക ലോകത്തിലുള്ള വക്കൊക്കയും
അങ്ങു ഭവാനുമെനിക്കുമൊരു ഗുരു
മംഗലദൻ ഭഗവാനെന്നതും ദൃഢം.
ഇങ്ങനെയുള്ള ഗുരുവിനെ വിശ്വാസ-
മങ്ങില്ലയായ്കിൽ വസിപ്പതുമെന്തിനായ്?
തുഷ്ട്യാ തിരുനാമമുച്ചരിച്ചീടാത
ദുഷ്ടരെച്ചൊല്ലാം കൃതഘ്നരെന്നുള്ളതും.
എന്നോടുപദേശമോതിനാനിങ്ങിവ-
നെന്നു നിരൂപിക്കരുതു മഹാമുനേ!

വല്മീകസീമ്നി*പൂജ്യർ കരം ചേക്കിലോ
നന്മയല്ലെന്നു ചൊല്ലീടുവോർ കണ്ടവർ"
പ്രീതനാകേണമെന്നെക്കുറിച്ചെന്നവൻ
താതാംഘ്രി കൈവണങ്ങീട്ടു നിന്നീടിനാൻ
സൂനുതന്നോടു പറഞ്ഞാനനന്തരം
മാനിയാകും ഹിരണ്യാസുരനും മുദാ:
"എന്തു ബാല! നിനക്കിമ്മഹാമോഹങ്ങ-
ളന്തണക്കുള്ള തൊഴിലെന്നറികെടോ!

* ചിതൽപ്പുററിൻെറ മദ്ധ്യത്തിൽ

*ശൌരിയമില്ലാത ഭൂസുരരൊക്കയും
ശൌരിയെന്നുണ്ടു ചൊല്ലീടുന്നുപോൽ പുരാ.

ആരണ്ണരോടുള്ള സംഗത്തെയിന്നിമേൽ
ദൂരെ ത്യജിക്ക നീ വേണ്ടുന്നതുമെടോ!
vസ്വച്ഛമാകുന്നതിങ്കൽ ചുവപ്പുമോടു
മെച്ചമേ ചേക്കിൽ ചുവന്നു കാണ്മീലയോ?
അപ്പോലെ സംഗദോഷത്തിനാൽ വന്നതു
കെല്പോടു താവകം മാനസമിങ്ങനെ.
മത്സുതനായ് ജനിച്ചിട്ടു മമ ബലം
വത്സ! നീയുമറിയുന്നതില്ലൊട്ടുമേ
പാൎത്തു കാണെന്നുടെ വൈഭവമൊക്കയു-
മോൎത്തു കാണ്കിൽ പുനരാരെതിരെന്നതും.

....

സാരനാം ഭൂപാലനായതു ഞാനെടോ!
ആരൊരുത്തൻ മഹാവീരനാകുന്നതും
പാരിലവനീശ്വരനെന്നറിക നീ.
+അല്പകന്മാരാമമരക്കു ദൈവമാ-
യുല്പലനേത്രനുണ്ടെന്നു ചൊല്ലും ബലാൽ
മായയെന്ന്യേ ബലമില്ലവനൊട്ടുമേ
നീയറിഞ്ഞീടുകിലിങ്ങനെ ചൊല്ലുമോ?
മല്ലാരിതന്നെ ക്ഷണം കണ്ടു കിട്ടുകിൽ
കൊല്ലാതയയ്ക്കയില്ലെന്നറിഞ്ഞീടു നീ.

മാമകശൌൎയ്യപരാക്രമം കണ്ടിട്ടു
ദാമോദരൻതാൻ മറഞ്ഞുകൊണ്ടീടിനാൻ.

---

* ശൌൎയ്യം v വെള്ളത്തിൽ + ക്ഷുദ്രന്മാർ

വൈരികളാകിയ ദേവമൃഗങ്ങൾക്ക
വീരനാം ഞാനൊരു സിംഹമാകുന്നതും.
മൽകീൎത്തിയെന്നിയേ ലോകത്തിലുള്ളവ-
രിക്കാലമുണ്ടോ പറഞ്ഞു കേട്ടിട്ട നീ?
പന്നാഗശായി നമുക്ക രിപുവെന്നു
മുന്നേ പറയായ്ക തന്നേ നിമിത്തമായ്
നിന്നുടേ കുററമല്ലേതുമേ മാനസം-
തന്നിൽ വിചാരിച്ചറിഞ്ഞുകൊണ്ടേനഹം
ശത്രുവായുള്ളവനെയിന്നു തൊട്ടിനി-
പ്പുത്ര! കീൎത്തിച്ചു കൊണ്ടീടരുതൊട്ടുമേ."
ഇത്തരം ദാനവൻ ചൊന്നതു കേട്ടതി-
ന്നുത്തരം ബാലകനും പറഞ്ഞീടിനാൻ:
"ലോകത്തിനീശ്വരൻ ഞാനെന്നു ചൊന്നതി-
ങ്ങേകമൊട്ടൊക്കുമെന്നുള്ളതറിഞ്ഞു ഞാൻ.
ഈശ്വരാംശം ഭുവി ജന്തുക്കളെന്നതി-
ലീശ്വരത്വം ഭൂമിപാലരിലേറുമേ.
പിന്നെയൊരു വാക്ക ചൊന്നതിങ്ങൊട്ടുമേ
നന്നല്ല ദൈത്യേന്ദ്രനാം ഭവാനിന്നഹോ!
വിപ്രസംഗം ത്യജിക്കേണമെന്നുള്ളതു-
മപ്രിയമല്ലയോ പാൎത്തു കണ്ടോളവും?
അന്ധകാരേ ഗമിക്കുമ്പോൾ വിളക്കിനെ-
യന്തരാ ചാട്ടവാൻ ചൊല്ലും കണക്കിനെ.
വിപ്രരെക്കാൾ വലുതായൊരു ദൈവവു-
മിപ്രപഞ്ചത്തിലുണ്ടോ നിനച്ചീടുകിൽ?
ഇജ്ജനത്താൽ നൃണാം ദുൎഗ്ഗതിയായതും
സജ്ജനമല്ലയോ സൽഗ്ഗതിയായതും?

ഈപ്രപഞ്ചം ഹരിതന്മയമെങ്കിലും
വിപ്രരും ഗോക്കളും ബന്ധുക്കളല്ലയോ?

സൎപ്പിഷാ (1) ഹോമിപ്പതെങ്കിലമരരു-
മുൽപന്നമോദം ഭുജിക്കുമതപ്പൊഴേ.
പാപസമുദ്രം ജഗത്തിങ്കലൊക്കവേ
വ്യാപിച്ചിടാതെ തടുപ്പതു സജ്ജനം.
അന്ധത നീക്കി വിജ്ഞാനത്തെ നല്കുവാ-
നന്തണരെന്നതു ചിന്തയിലില്ലയോ?
വാസുദേവന്റെ മഹിമകളൊക്കവേ
ഭൂസുരരെന്നി മററാരറിയുന്നതും?
സജ്ജനമാന്യവിധിയിരിക്കുന്നതു
ദുൎജ്ജനം താനറിയുന്നതുമെങ്ങനെ?

നിന്ദിക്കരുതു സ്വപ്നേപി സത്തുക്കളെ
നിന്ദിക്കിൽ നന്നായ് വരികയില്ലെന്നുമേ?”
വാക്കുകളിങ്ങനെ കേട്ടോരു ദാനവൻ
മൂക്കിൽ കരം വെച്ചു ചൊല്ലിനാനിങ്ങനെ:
“കഷ്ടമായുള്ളോരു കാലമേ നമ്മുടെ
ദുഷ്ടനീവണ്ണം പറയുന്നതു മുദാ.
മാൎജ്ജാരനാഖുവിനോടു (2) ചേരുംപോലെ
നിൎജ്ജരദാസനായ് വന്നിതു ദാനവൻ.
തേൻമാമ്പഴം ഭുജിച്ചീടും കിളികളും
(3) നിംബഫലം കൊതിച്ചീടും കണക്കിനെ

തെററന്നു ഭാഗ്യമില്ലായ്കകൊണ്ടല്ലയോ

....

(1) നെയ്കൊണ്ടു് (2) എലിയോടു് (3) വേപ്പിൻകായ്.

നിർഗ്ഗുണനാകിയ ഗോവിന്ദനോടു നീ
നിർഗ്ഗമിച്ചീടുന്ന മാർഗ്ഗമായ് കേവലം.
കൃഷ്ണ കൃഷ്ണേതി ചൊല്ലുന്ന നീയെപ്പൊഴും
കൃഷ്ണനാകുന്നവനേവൻ ജളമതേ!
മൂർത്തിയില്ലാത്തവൻ തന്നെ വാഴ്ത്തുന്നതു
കീർത്തിഹീനൻ ചിത്രലേഖനം പോലെയാം.
ഉണ്ണിയാകുന്ന നീ കണ്ടുവെന്നാകിലോ
കണ്ണനെ ഞങ്ങളും കാണാഞ്ഞതെന്തെടോ?"

ഇത്തരം ദാനവൻ ചൊല്ലുന്ന നേരമ-
ങ്ങുത്തരം ബാലകനും പറഞ്ഞീടിനാൻ:
"നന്മുനിമാർ മുതലാർക്കും മുകുന്ദനെ-
ക്കാണ്മാൻ പണിയെന്നറിഞ്ഞു കൊള്ളണമേ
* മാച്ചേറിടും മുകുരത്തിൽ നോക്കീടുകിൽ
കാഴ്ചയുണ്ടോ പുനരെന്നതു പോലെയാം.
സന്തതം ചിത്തപത്മത്തിലിരിപ്പവ-
നന്തരാ കാണ്മതിനെന്തെളുതായതും?
ശ്രീപതിഭക്തിയായുള്ള ജലത്തിനാൽ
പാപമാം പങ്കമെല്ലാം കളഞ്ഞാദരാൽ

നല്ല ഹരിഭക്തിയാം സുഗന്ധത്തിനാൽ
മെല്ലവേ തേച്ചുതേച്ചങ്ങുപാർക്കും വിധൌ
മണ്ഡപമാം മനംതന്നിലെൻതമ്പുരാൻ
പുണ്ഡരീകാക്ഷനെക്കാണുമല്ലോ തദാ.
അർണ്ണോജനേത്രനെക്കാണുന്നതാകിലോ
പർണ്ണം ഭുജിച്ചു തപസ്സതിനായതും.

---

* മാച്ച്=ചളി.

മായയുടനുടൻ വന്നുമറയ്ക്കയാൽ
തോയജനേത്രനെക്കാണുമാറില്ല ഞാൻ"
പെട്ടന്നു പ്രഹ്ലാദനിങ്ങനേ ചൊന്നതു
കേട്ടു ഹിരണ്യനും കോപം മുഴക്കയാൽ

പല്ലും കടിച്ചു തനയനെ നോക്കീട്ടു
ചൊല്ലിനാൻ പിന്നെയുമെത്രയും ക്രുദ്ധനായ്:
"ഇങ്ങനെ ചൊല്ലുകിൽ തന്നുടെ ഗർവ്വം ക-
ളിങ്ങനേ പോകയില്ലെന്നതു നിർണ്ണയം.
ഇത്തരം വാക്കിനു ശിക്ഷിച്ചിടായ്കയാൽ
മത്തനായുത്തരം ചൊല്ലുന്നിതിങ്ങനെ.
മൽസുതനെന്നുള്ള വാഞ്ഛ കളഞ്ഞിവൻ-
ദുഃസ്വഭാവം പോമളവും മഹാമുനേ!
മുന്നമേ പോലെ പഠിപ്പിക്ക"യെന്നവൻ
നന്നായ് നിയോഗിച്ചകത്തു പുക്കീടിനാൻ.

കാവ്യനും ബാലകനോടൊരുമിച്ചുടൻ
ദിവ്യമാമാലയം തന്നിലും പൂകിനാൻ.
നൽക്കണിയത്രേ നമുക്കിന്നു കേവലം
മൽക്കണ്ണിനുമിന്നു മംഗലമായതും.
എന്നു ചിന്തിച്ചു ദൈത്യേന്ദ്രകുമാരകൻ
തന്നോടു ശുക്രമുനിയരുളീടിനാൻ:
"എത്രയും ബുദ്ധിമാനാകിയ നീ മമ
പുത്രസമാനൻ പ്രധാനശിഷ്യനെടോ!
ചൊല്ലരുതൊട്ടും ഗുരുവോടസത്യങ്ങൾ
ചൊല്ലുകിൽ*പഞ്ചമാപാപമുണ്ടായ്‌വരും.

---

* പഞ്ചമഹാപാപം.

നാരായണങ്കലെബ്ഭക്തിമാൎഗ്ഗങ്ങളെ-
പ്പാരാതെ താതനെക്കേൾപ്പിച്ചതൊക്കയും
നിന്നുടെ മാനസേ തോന്നുകയോ ബത
പിന്നെയാരാനും പറഞ്ഞു ഗ്രഹിക്കയോ?"
കെല്പോടു ഭാൎഗ്ഗവൻ ചൊന്നതു കേട്ടട-
നപ്പൊഴുതേ പറഞ്ഞാനസുരാത്മജൻ:
"മാതാവിനെക്കണ്ട ബാലകനെപ്പോലെ
ചേതോ മദീയം ഗമിക്കും ഹരിപദേ
മറെറാരുവൻ പറഞ്ഞിട്ടു ഹരിസ്മൃതി
പററുകയില്ലെന്നറിഞ്ഞുകൊള്ളേണമേ"

എന്നനേരം ഭൃഗുനന്ദനൻ ബാലനേ-
യൊന്നു മിഴിച്ചു നോക്കീട്ടു ചൊല്ലീടിനാൻ:
"രാജപുത്രനെന്നു മാനിക്കയൊല്ലടൻ
വ്യാജങ്ങൾ ചൊല്ലുന്നതിന്നുണ്ടുപായവും
നല്ല കോലിങ്ങു കൊണ്ടുവന്നീടുവിനിനി-
ക്കൊല്ലുക വേണം പ്രഹരിച്ചിവനെ നാം.
എള്ളോളമില്ല ഭയമിവനാരെയും
കള്ളൻ * കുലപാംസകനതികശ്മലൻ"
എന്നു ചൊല്ലിബ്ഭയം നൽകീട്ടു പിന്നെയും
മുന്നമേപോലെ പഠിപ്പിച്ചിതൊക്കയും

നാനാകലകൾ ഗ്രഹിക്കും ദശാന്തരേ
ജ്ഞാനമാകും കല വൎദ്ധിച്ചു പിന്നെയും
ഈശ്വരാനുഗ്രഹാൽ ബ്രഹ്മത്തെയുമവൻ
വിശ്വാസമോടുമറിഞ്ഞുകൊണ്ടീടിനാൻ.

---

* കുലം കെടുത്തുന്നവൻ.

കേശവഭക്തിയുണ്ടാകുന്നവന്നു മ-
റ്റൊശാത വസ്തുവുണ്ടോ നിനച്ചീടുകിൽ?
എല്ലാമറിഞ്ഞിരിക്കുന്നവൎക്കും തഥാ
വല്ലാത മൂഢരായുള്ള ജനത്തിനും
ബോധിച്ചൊരു കാൎയ്യമുണ്ടതുമെന്നിഹ
(1)മേധയാം ചിന്തിച്ചുകാണ്കിൽ ധരാപതേ!

കായബലം കുറഞ്ഞുള്ളവനും തഥാ
മേയമല്ലാത രോഗം പൂണ്ട മൎത്ത്യനും
അഞ്ജസാ ദിവ്യൌഷധംകൊണ്ടൊരു ഫലം
(2) വ്യഞ്ജിതമായിട്ടു വന്നീടുമോ ഭുവി?
മേദിനീപാലൎക്കു വേണ്ടുന്ന വിദ്യക-
ളാദരവോടു പഠിപ്പിച്ചു ശുക്രനും
പ്രീത്യാ കുമാരനോടും കൂടവേ ചെന്നു
ദൈത്യേന്ദ്രനെദ്ദൎശിച്ചു കൊണ്ടീടിനാൻ
വന്ദിച്ചുനില്ക്കും തനയനെക്കണ്ടിട്ടു
നന്ദിച്ചു ദാനവേന്ദ്രൻ പറഞ്ഞീടിനാൻ:

“മുന്നേതിലേറ്റം വിളങ്ങുന്നിതെത്രയും
മന്ദത പോയെന്നു തോന്നുന്നു മാനസേ
നേരേ (3) തുഷാരമകന്നിട്ടു സൂൎയ്യനും
പാരം തെളിഞ്ഞു വിളങ്ങും കണക്കിനെ
ദുൎമ്മതി പോകകൊണ്ടല്ലയോ കേവലം
നന്മകൾ വന്നു ഞായം പുനരേവനും
ആദികാലത്തു നിന്നെപ്പോലെ ഞാനെടോ!
ബോധഹീനം പല കാലം നടന്നതേ.

---

(1) ബുദ്ധി (2) വ്യക്തം (3) മഞ്ഞ്.

കെല്പോടു പിന്നെസ്സകലമറികയാൽ
ദുർബ്ബുദ്ധി തന്നെ ത്യജിച്ചു കളഞ്ഞു ഞാൻ

പുത്ര! നീ ലോകം ഭരിപ്പതു കാണ്മതി-
ന്നെത്രയും കൌതുകമുണ്ടു മന്മാനസേ.
അഞ്ചു വയസ്സിന്നകത്തു ശിശുക്കളും
കിഞ്ചന സഞ്ചരിച്ചീടും ദശാന്തരേ
കൊഞ്ചിപ്പറയുന്ന വാക്കുകളൊക്കയും
തൻചെവിക്കെത്രയുമിമ്പമായ് വന്നിടും.
കയ്യിനാൽ പൈതൽ വാരീടുമന്നത്തെയും
പൊയ്യല്ല പീയൂഷമെന്നു ചൊല്ലേണ്ടതും
മാനസേ മോദം വളർപ്പതിനേററവും
സൂനുവെക്കാളൊരു ബന്ധുവുണ്ടോ ഭുവി?

രാജനീതികളിൽ സാരാംശമെന്നോടു
വ്യാജമെന്യേ ഗ്രഹിച്ചേടം പറകെടോ!
അപ്പോഴതേ താതനോടു ചൊല്ലീടിനാ-
നല്പലനേത്രഭക്തൻ തെളിഞ്ഞാദരാൽ:
"ഊഢമോദം കേട്ടുകൊണ്ടാലുമെങ്കിലോ
കോടി ശാസ്ത്രങ്ങളിലുള്ള സാരത്തിനെ
വൈകുണ്ഠനെ ത്രിവിധകരണത്തിനാൽ *
വൈകല്യമെന്നിയേ ഭക്തിയോടും മുദാ
കൂപ്പുന്നതിന്നു സമം നിനച്ചീടുകി-
ലപ്പോലെ സാരമില്ലൊരു ചൊല്ലുന്നതേ:

പിച്ചയാം ബാലവാക്യം ചെവിക്കിമ്പമെ-
ന്നാച്ചോ പറഞ്ഞുതെല്ലോ ഭവാൻ മുന്നമേ.

* കായവാങ്മാനസങ്ങളാൽ.

എന്നതു നാരായണൻകഥ കേൾക്കിലോ
വന്നുകൂടുമതു ചൊന്ന കണക്കിനെ
നാടകമാം പതക്കത്തിന്നു നല്ലൊരു
കൈടഭാരിതിരുനാമങ്ങൾ രത്നമാം.
വല്ലാതെ ചൊല്ലുന്നതാകിലും കേവലം
മല്ലാരിനാമമുണ്ടാകിൽ നന്നായ്‌വരും.
ശാസ്ത്രം പഠിച്ചാൽ വരും ഫലമെന്തിഹ
ചിത്രമായ് വിത്തങ്ങളാൎജ്ജിക്കയെന്നിയേ?

വിത്തത്തിനാലഹംകാരമുണ്ടായ്‌വരു-
മോൎത്താൽ പരസുഖമെന്നു ചൊല്ലുന്നതേ.
ഭൂതിയുണ്ടാക്കുവാൻ ശാസ്ത്രം പഠിപ്പവ-
നാധിക്കു പാത്രമാം മൂഢനവനഹോ!
ഐഹികലോകേ സുഖിച്ചുകൊള്ളാമെന്ന
മോഹേന ശാസ്ത്രങ്ങളഭ്യസിച്ചീടുവാൻ
നീൎപ്പോളമാത്രമുണ്ടോ ശരീരമിതു
വീൎപ്പെന്നിയേ പുനരില്ല കാണ്മാനഹോ!
വിത്തം നിനച്ചു ശാസ്ത്രം പഠിയാതെക-
ണ്ടുത്തമശ്ലോകനെക്കീൎത്തിക്ക വേണ്ടതും

സൎവ്വജ്ഞനായ് സകലക്ഷ്മാധാരമാ-
യുൎവ്വീധരനായുലകിന്നു നാഥനായ്
സച്ചിന്മയനായ് കൃപാലുവാമെന്നുടെ-
യച്യുതനെ സ്തുതിയാത്തവനാരഹോ!"
ഇങ്ങനെ ചൊല്ലുന്ന നേരത്തസുരനും
പൊങ്ങിന കോപം പൊറുത്തുകൂടായ്കയാൽ
ക്ഷിപ്രം ഭൃഗുസുതനേയൊന്നു നോക്കീട്ടു
വിപ്രനെച്ചെന്നടിക്കയെന്നു ചൊല്ലീടിനാൻ.

പെട്ടെന്നിവണ്ണം പറയുന്ന നേരത്തു
കേട്ടു വിറച്ചു ശുക്രൻ പറഞ്ഞീടിനാൻ:

"ഞാനറിഞ്ഞീലഹോ! നിന്നുടെ ബാലകൻ-
മാനസത്തിങ്കലെച്ചിന്തിതമൊന്നുമേ.
ആരെച്ചതിപ്പാനിവൻനിനവെന്നതിൻ
കാരണമൊന്നുമേ തോന്നീല മാനസേ.
എന്നുടെ ദുഷ്കൃതമത്രേ ബലാലിവൻ-
തന്നെപ്പഠിപ്പിപ്പതിന്നു തുനിഞ്ഞതും
എമ്പിഴ നീ പൊറുത്തീടുകെ"ന്നിങ്ങനെ
വമ്പിച്ച ദാനവനോടു ചൊല്ലുംവിധൌ
മാനസേ ചിന്ത കലൎന്നു ദൈതേയനും
സൂനുവിനോടു ചൊല്ലീടിനാനഞ്ജസാ:

"കഷ്ടമാമിത്തൊഴിലൊക്കയും നിന്നോടു
ദുഷ്ടബുദ്ധേ! ചൊന്നതാരെടോ സാദരം?
പാലു കൊടുക്കിലും പന്നഗജാതിക്കു
*ഹാലാഹലം ഭവിച്ചീടും കണക്കിനെ
ഇത്തരമായുള്ള വിദ്യ പഠിച്ച നിൻ
ചിത്തത്തിലിങ്ങനെ തോന്നിയതെന്തഹോ!"
ശ്രുത്വാ പിതൃവചനം ഹിരണ്യാത്മജൻ
നത്വാഥ മാന്യം ജനകനെസ്സത്വരം
പ്രീതിപൂൎവ്വം പിന്നെയും പറഞ്ഞീടിനാ-
നാദരവോടുടൻ നല്ല മൊഴികളെ:

"ചൊല്ലിക്കൊടുത്തു വരുവതുണ്ടോ ഭുവി
മല്ലാരിഭക്തിമാൎഗ്ഗത്തെയങ്ങേവനും?

---

* ക്രൂരവിഷം

മുന്നമേ താനറിഞ്ഞീടാതവൻ പുന-
രന്യനോടെങ്ങനെ ചൊല്ലുന്നു കേവലം?
അന്ധനു മറെറാരന്ധൻ വഴി കാട്ടുമോ
ചന്തത്തിലോർത്തുകാൺക ഭവാനൊക്കയും.
എങ്ങനെ ഭക്തിയുണ്ടാമെന്നു ചൊൽകിലോ
മംഗലമായ സൽസംഗമേ കാരണം.
സത്തുക്കളായതാരെന്നു ശങ്കിക്കിലോ
നിത്യവും നാമസങ്കീർത്തനമോതുവോർ.

നാമസംകീർത്തനം കേൾക്കുന്നതാകിലോ
കോൾമയിർക്കൊള്ളുമെല്ലാ ശരീരത്തിലും
ഭാഗവതനോടു ചേർന്നുകൊണ്ടീടിലോ
വേഗേന വന്നു കൂടും ദൃഢം ഭക്തിയും"
ഏവം പറഞ്ഞതു കേട്ടു ദൈത്യൻ പരി-
ദേവനം*പൂണ്ടു കോപിച്ചു ചൊല്ലീടിനാൻ:
"പുത്രനെന്നിട്ടു നിരൂപിച്ചിരുന്നതു
ശത്രുവെന്നുള്ളതുമിപ്പോളറിഞ്ഞു ഞാൻ.
പാരാതെ ദേഹത്തിലുള്ള രോഗത്തെയും
കീറിക്കളകിൽ വസിച്ചുകൊള്ളാം ചിരം.

എന്നുടെ പുത്രനുമല്ല മേലിലിവൻ-
തന്നുടെ താതനുമല്ല ഞാനാദരാൽ
നല്ലവനല്ലിവനൊന്നുകൊണ്ടുമിനി-
ക്കൊല്ലുക വൈകാതവണ്ണമസുരരേ!
എന്നുടെ മുന്നീന്നു കൊണ്ടുപോയീടുവിൻ"
എന്നു നിയോഗിച്ചനന്തരം ഭൂപതേ!

---

* വിലാപം

ദുഷ്ടരായുള്ളോരസുരരുമപ്പൊഴേ
പെട്ടെന്നു പ്രഹ്ലാദനാകിയ ബാലനെ
ചൊട്ടച്ചുരിക കടുത്തില വാളുക-
ളീട്ടി മുസലം പരിഘ ചക്രങ്ങളും

....

ദണ്ഡു ശൂലം ചാപമെന്നിവററാലുടൻ
ചൂഴം വളഞ്ഞുടൻ വെട്ടിയും കുത്തിയും
കോഴപ്പെടുക്കും ദശാന്തരേ ബാലകൻ
* ഉഷ്ണീഷമായന്നവനെന്നറികെടോ!
വിഷ്ണുസ്മരണയായുള്ളോരു മാനസം.
വീരവരായുധമേല്ക്കും ദശാന്തരേ
നാരായണൻ തലോടുന്നപോൽ ബാലനെ
അന്നേരമങ്ങു പരായുധമൊക്കവേ
ഭിന്നങ്ങളായിപ്പൊടിഞ്ഞു തെറിച്ചുതേ.

പാരം ചിതറുന്ന ശസ്ത്രം തറച്ചുടൻ
കീറിയസുരകളും പതിച്ചീടിനാർ.
വിസ്മയമെന്നു ചിന്തിക്കിലാം ഭൂപതേ!
വിസ്മയമല്ല ഭക്തന്മാക്കിവയെടോ!
ബാലനെക്കൊല്ലരുതാഞ്ഞിട്ടവർകളു-
മാലസ്യമോടസുരേന്ദ്രനൂചേ ഭയാൽ:
"കൊന്നുകൂടാ ഭവാൻതന്നുടെ ബാലനെ-
യിന്നാടിയങ്ങളാലെന്നറിയേണമേ."
കേട്ടു കോപേന താമ്രാക്ഷോ ഹിരണ്യനു-
മഷ്ടനാഗങ്ങളെ വിളിച്ചിട്ടു ചൊല്ലിനാൻ

* ഉഷ്ണത്തെ നശിപ്പിക്കുന്നതു്

“യൂയം മമാത്മജം ദാശ്യ (?) കൊന്നീടുവി-
നായുധത്താലെല്ലതല്ലെന്നു കേട്ടു ഞാൻ.
കാണാമിവന്റെ വിഷ്ണു താൻ വന്നിട്ടു
പ്രാണനെപ്പാലിച്ചുകൊള്ളുന്നതുമിഹ”
എന്നു പറഞ്ഞതു കേട്ടു നാഗങ്ങളും
ചെന്നു കടിച്ചുതുടങ്ങീതു ഘോരമായ്
അപ്പോളവനിരുന്നീടും പ്രകാരങ്ങൾ
കെല്പോടു കേട്ടുകൊണ്ടാലും മഹീപതേ!
(1) കംബുവിൽ നിന്നിട്ടു ധാരയായ് വന്നീടു-
മംബുവിൽ മുങ്ങുന്ന പോലേ ഭവിച്ചുതേ.

ചിത്തപത്മേ ഗരുഡാധിരൂഢം പുരു-
ഷോത്തമം ധ്യാനിച്ചുകൊണ്ടിരുന്നീടിനാൻ.
സർപ്പങ്ങളും കാളകൂടവിഷങ്ങളെ-
ദ്ദർപ്പേണ തുകയും ചുററിക്കടിക്കയും
തങ്ങളാലാവതെല്ലാം പണിപ്പെട്ടട-
നങ്ങേവൻമേനിമേലേററതില്ലേതുമേ.
പല്ലുകളെല്ലാമൊടിഞ്ഞു രക്തം വീണു-
മല്ലലോടേ നയനങ്ങളും നട്ടു പോയ്.
കേട്ടുകൊണ്ടാലും നരപതേ! അന്നേര-
മോട്ടമായ് വന്നു കൊണ്ടാൻ ഖഗരാജനും.

വട്ടമിട്ടു വരും താർക്ഷ്യനെക്കണ്ടുട-
നഷ്ടനാഗങ്ങളും .... (?)
.... (?)
ഗീർവ്വാണവൈരി തന്നോടു ചൊല്ലീടിനാർ:

(1) കംബു=ശംഖം.

"തുംഗനാം നിന്മകൻ ബാലകനെങ്കിലു-
മെങ്ങൾ ജീവിച്ചതും ഭാഗ്യമത്രേ തുലോം
ശ്വാസത്തിനാൽ സമുദ്രത്തെ വരട്ടുവാൻ
വാസനയുള്ളോർ വയമെന്നറികെടോ!
ദന്തങ്ങൾ തട്ടുന്നതാകിൽ ഗിരികളു-
മെന്തഹോ! ഭസ്മമായീടുമല്ലോ ദൃഢം.

അസ്മൽബലത്തിനു തുല്യമില്ലെങ്കിലും
യുഷ്മാകം ബാലനെക്കൊന്നുകൂടാ വിഭോ!"
എന്നവൻ തന്നോടുരചെയ്തു വേഗേന
പന്നഗന്മാരും മറഞ്ഞുകൊണ്ടീടിനാർ
സർപ്പങ്ങൾ പോയോരനന്തരം ബാലനെ-
ക്കെല്ലോടു കൊൽവാൻ നിനച്ചസുരേന്ദ്രനും
ചിന്ത കലർന്നിരുന്നീടും ദശാന്തരേ
മന്ത്രികളും പറഞ്ഞീടിനാരാദരാൽ
"അല്പമതിയായ ബാലനെക്കൊല്ലുവാൻ
കല്പിച്ചതു വിധിയല്ലെന്നറിക തേ

(1) ഷഡ്വൃത്തികളും ചതുരുപായങ്ങളു-
മെണ്ണി വേണം പുനരൊന്നു ചെയ്വാൻ നൃപ!
ഇന്നവർക്കിന്നതെന്നോരാതെ കണ്ടു മ-
റ്റന്യഥാ ചെയ്കിൽ വിരോധമായും വരും"
എന്നവർ ചൊന്നതു കേട്ടോരു ദാനവൻ
തന്നുടെ ബാലകനോടു ചൊല്ലീടിനാൻ
"ഉണ്ണീ! മകനേ! വരിക നീയുമിനി-
ദ്ദണ്ഡ്യനല്ലെന്നതുമിപ്പോളറിഞ്ഞു ഞാൻ

(1) ഷഡ്വൃത്തികൾ=സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം

ആയുധത്താലുരഗത്തിനാൽ നിന്നുടെ
കായത്തിനന്തരമില്ലാഞ്ഞതത്ഭുതം.

ഇങ്ങനെ ഞാനുമിരിക്കുന്ന നേരത്തു
ശാർങ്ഗിയോടുള്ള സംപർക്കം ത്യജിക്ക നീ.
എന്നോടു തുല്യരായാരുമില്ലെങ്കില-
മെന്നോടു തുല്യതയുണ്ടു നിനക്കെടോ!
നേരോടൊരു മരത്തിൻപഴം തന്നിന്നു
വേറൊരു പാദപമുത്ഭവിച്ചീടുമോ?
എന്നതുകൊണ്ടു കൃപയുണ്ടു മാനസേ
നിന്നിലെനിക്കെന്നറിഞ്ഞുകൊള്ളണമേ.
മത്തഗജംപോലെ നിന്നുടെ ശക്തിയെ-
ച്ചിത്തത്തിലോരാത്തതെന്തു നീ ബാലക!

ഗോവിന്ദനാമമെൻകർണ്ണങ്ങൾ കേൾക്കവേ
കേവലം ചൊല്ലായ്ക വേണമിനിയെടോ!"
എന്നവൻവാക്കു കേട്ടപ്പൊഴുതേ മുദാ
പന്നഗശായിപ്രിയൻ പറഞ്ഞീടിനാൻ:
"ഉത്തമമാകും നദിയോടു ചേർന്നു ചെ-
ന്നൊത്താതവണ്ണം ചമയ്ക്കുന്ന വൈരികൾ
കാമാദികളെജ്ജയിച്ചവനല്ലയോ
ദാമോദരപ്രിയനെന്നു ചൊല്ലേണ്ടതും.
* ആത്മമാതരം കുടുംബിനി ചൊല്ലിയാൽ
പാപ്മവാൻ ദൂരെ ത്യജിക്കും കണക്കിനെ

മല്ലാരിയാകിയ വൈരിക്കൊരു ഗുണ-
മില്ലെന്നതു കരുതീടുക മാനസേ.

* തന്റെ മാതാവിനെ

കാമാദികൾക്കു വശനാകമൂലമായ്
പൂമകൾകാന്തനെക്കൈവെടിഞ്ഞു ഭവാൻ
ആതപമാകിയ താപത്രയമേററു
മാധവനാമസരസി മുങ്ങീടുവാൻ
ഓൎക്കുന്ന നേരത്തു തോയം കുടിക്കുന്ന
ഗോക്കളെയാട്ടുന്ന പാപികളെപ്പോലെ.
ആറു രിപുക്കളായുള്ളവ തമ്മെയും
നേരേ ജയിച്ചുകൊള്ളുന്നവൻ ശക്തിമാൻ

ഓരാത്തതെന്തു തവ ബലമെന്നു മാം
നേരേ പറഞ്ഞുതല്ലോ താതനും പുരാ
എന്നുടെ ശക്തിയെ ഞാനറിഞ്ഞീടിനേ-
നിന്ദിരാവല്ലഭനെന്നതു കാരണം.
നാമവും രൂപവുമില്ല പാൎക്കം വിധൌ
ദാമോദരനെന്നറിഞ്ഞുകൊള്ളേണമേ..
ദൂഷണമായ് ഭവാൻ ശൌരിയെച്ചൊന്നതു
ദൂഷണമല്ല പുരുഷോത്തമനതും.
ബ്രഹ്മത്തിനാദിയുമന്തവുമില്ലെന്നു
നിൎമ്മലന്മാർ പറഞ്ഞീടുന്നു സന്തതം.

ഭേദമില്ലാത്ത പരബ്രഹ്മരൂപിയെ-
ബ്ബോധം വരുത്താവതോ പറഞ്ഞേവനും?
തന്നുടെ വായ്ക്കൂടങ്ങാത ഫലത്തിനെ
മന്നിലാരാനും വിഴുങ്ങി നിന്നീടുമോ?
നാവിനെള്ളപ്പമായിട്ടിരുന്നീടുന്ന
ഗോവിന്ദനാമത്തിനുണ്ടോ കുറവുകൾ?
പൃഥ്വിയിലുള്ള മണൽത്തരിയെണ്ണിലു-
മുത്തമനാമഫലം പറയാവതോ?

ദേവലോകം ദാനമായിക്കൊടുക്കിലും
ദേവദേവൻനാമമൊന്നിനോടൊക്കുമോ?

നാരായണനാൽ നിയുക്തയാം മായയെ-
ന്നോരാതെ കണ്ടുഴലുന്നു ഭവാനഹോ!
പിച്ഛ്യയാമിന്ദ്രജാലം കണ്ടു മാനസേ
നിശ്ചയമെന്നു തോന്നീടും കണക്കിനെ.
രൂപഭേദേന ലോകമിദം മാധവൻ
താപം കളഞ്ഞു ഭരിക്കുന്നു സന്തതം.
അങ്ങനെയുള്ള മുകുന്ദനെച്ചിന്തിക്കി-
ലെങ്ങനേ ശോകം ഭവിച്ചുകൂടുന്നിതു?
ചക്രവാകത്തെപ്പഴിക്കുന്ന കാകവൽ
ചാക്രപാണിം പഴിച്ചീടരുതൊട്ടുമേ”.

ഇത്തരമായുള്ള വാക്കുകൾ ബാലകൻ
സത്വരം ചൊന്നതു കേട്ടു ഹിരണ്യനും
ഇണ്ടൽ മുഴുത്തിട്ടു ചൊന്നാ“നമാത്യരേ!
കണ്ടിതോ കാലദോഷം നിങ്ങളേവരും?
സ്നേഹേന താൻ വളർത്തീടും വൃഷഭവും
ദേഹത്തിൽ വന്നു പാഞ്ഞീടും കണക്കിനെ
മററുള്ള മാനുഷരെക്കാളിവനുള്ളി-
ലേററമറിഞ്ഞോ പറയുന്നതിങ്ങനെ?
വൃദ്ധതയോ മഹാരോഗമുണ്ടാകയോ
ചിത്തേ വിരക്തി ഭവിച്ചതെന്തിപ്പൊഴേ?

മൽപുത്രനായിജ്ജനിച്ചുകൊണ്ടീടുവാ-
നല്പപുണ്യേന ലഭിക്കാവതല്ലെടോ!
രംഭാപതിയാം നപുംസകവൽ·തഥാ
വമ്പിച്ച രാജഭോഗം ത്യജിക്കെന്നതും

സുന്ദരിമാരോടു ചേൎന്നു ദിനംപ്രതി
കന്ദൎപ്പലീലാരസത്തെ നീ കാങ്കിലോ
പിന്നെപ്പരബ്രഹ്മചിന്തയുണ്ടാകയി-
ല്ലെന്നതു നിൎണ്ണയമെന്നറി മാനസേ.
കണ്ടീടുക മമ പ്രാബല്യമൊക്കയും
വേണ്ടാ വൃഥാ യൌവനം കളകെന്നതും

ഭോഗങ്ങളാവോളവും ഭുജിച്ചീടുക
യോഗികൾക്കുള്ള തൊഴിലെ ത്യജിക്കെടോ!”
എന്നവൻ ചൊന്നതു കേട്ടു പ്രഹ്ലാദനും
വന്നിതു ഭക്തിക്കു വിഘ്നമെന്നോൎത്തവൻ
ചിത്തപരവശനായിട്ടു താതനോ-
ടുത്തരമായുടൻ ചൊല്ലിനാനാദരാൽ.
“സാധുവായുള്ള ഭക്തി ഭുവനമതിൽ
നാഥ! ലോകത്തിലൊരുത്തനുണ്ടാകിലോ
പാരാതെ വിഘ്നമവനു ചേൎത്തീടിലോ
നേരേ ഭഗവൽകൃപയാ ജയിച്ചിടും.

സ്നേഹമെന്നിൽ ഭവാനുണ്ടെങ്കിലെന്നോടു
മോഹേന ഭോഗം ഭുജിക്കെന്നു ചൊല്ലുമോ?
ഘോരവിഷയമാം വഹ്നിയിൽ വീഴാതെ
നേരേ ഭരിപ്പവൻ സൽഗുരുവായതും
പാവകേ* കൈതന്നെ നീട്ടുന്ന ബാലനെ-
യേവനും വഹ്നിയിൽ തള്ളിവിട്ടീടുമോ?
തേനും പഴവും ഭുജിക്കും കണക്കിനെ
ന്നൂനം സുഖദുഃഖവും ഭുജിച്ചീടുമേ.

* തീയിൽ

ഓരാതെ കണ്ട സുഖം ഭുജിച്ചീടുകിൽ
പാരാതെ ദുഃഖമനുഭവിക്കും ദൃഢം.

ആദികാലേ ഹരിയെബ്ഭജിക്കായ്കിലോ
വേദനാകാലത്തിലാവതുമില്ലഹോ!
ദൂരം വഴി തുണയെന്നിയേ പോയിട്ടു
വൈരിയെക്കണ്ടുകൊണ്ടാൽ ഫലമെന്തഹോ!
സത്സംഗമില്ലായ്കകൊണ്ടുതന്നേ ഭവാൻ
മത്സരമച്യുതനോടു തുടരുന്നതും.
എന്നും ഹരിയെ ത്യജിക്കയില്ലിങ്ങു ഞാ-”
നെന്ന ചൊൽ കേട്ടുടൻ കോപിച്ചു ദാനവൻ
മാനേന ദിഗ്ഗജാനാഹൂയ * തന്നുടെ
സൂനുവെക്കൊൽവാൻ നിയോഗിച്ചരുളിനാൻ.

മത്തഗജങ്ങളുമപ്പൊഴേ ചെന്നിട്ടു
കുത്തിനാർ കൂർത്തുമൂർത്തുള്ള ദന്തങ്ങളാൽ.
തുമ്പിക്കരത്താലെടുത്തുയരത്താശു
സംഭ്രമത്തോടെറിവാൻ തുടങ്ങും വിധൌ
വിശ്വമൂർത്തിം പുരുഷോത്തമം മാനസേ
വിശ്വസിച്ചിട്ടിരുന്നീടിനാൻ ബാലനും
നേരേ ഗിരികളെയമ്മാനമാടുന്ന
സാരരായുള്ള ഗജങ്ങൾക്കു ബാലനെ
ഒട്ടുമനക്കരുതാഞ്ഞിട്ടു ഖിന്നരായ്
വട്ടത്തിൽ നിന്നുഴന്നീടിനാരാർത്തരായ്.

ദാനവനോടു ചൊല്ലീടിനാർ “നിന്നുടെ
സൂനുവെക്കൊല്ലുവാനാവതല്ലെങ്ങളാൽ”

---

* വിളിച്ച്

എന്നതു കേട്ട കോപേന ദനുജനും
പിന്നെയും ഭൃത്യജനത്തോട്ട ചൊല്ലിനാൻ
"ദൂതരാം നിങ്ങൾ പ്രഹ്ലാദനാം ബാലനെ
പ്രേതാധിപപുരത്തിന്നയച്ചീടുവിൻ
ശിക്ഷയാ കാലും കരങ്ങളും ബന്ധിച്ചു
പ്രക്ഷേപണം ചെയ്ക തീക്കുഴിയിലിനി
അല്ലാതെ കണ്ടിവൻതന്നെയിന്നാക്ഷമേ
കൊല്ലാവതല്ലേ"ന്നു ചൊല്ലും ദശാന്തരേ
ചൊന്നവണ്ണംതന്നെ ബന്ധിച്ചു ദൂതരും
വഹ്നികുണ്ഡത്തിലാമ്മാറു ചാട്ടീടിനാർ.
തൈലവുമാജ്യവും കൊണ്ടുവന്നിട്ടവർ
ബാലനു മീതേ ചൊരിഞ്ഞു നിന്നീടിനാർ.
സന്തോഷമോടവർ ചെന്നു ചൊല്ലീടിനാർ
വെന്തു പോയെന്നു ദൈത്യേന്ദ്രനോടാദരാൽ
സന്തുഷ്ടനായിത്തെളിഞ്ഞസുരേന്ദ്രനും
ചിന്തയും തീൎന്നു തെളിഞ്ഞു മരുവിനാൻ.
കേൾക്ക മഹീപതേ! ബാലനനന്തരം
തീക്കുഴി തന്നിൽ വീണിടും ദശാന്തരേ
പാൽക്കടലിൽ മഹർദ്വീപേ വിമോഹനേ
ആക്കമേറും നവരത്നമാം മണ്ഡപേ
ഭോഗിതല്പേ ഭൂരമാപരിശോഭിതം
ലോകനാഥം ഹരിം ചിന്തിച്ചു മാനസേ
വഹ്നിയുമെത്രയും ശീതളമായിട്ടു
ചന്ദനമെന്നപോലേ ചമഞ്ഞു തദാ.

* താപത്രയാഗ്നിയെ വെന്ന ജനങ്ങൾക്കു
ദീപിക്കുമഗ്നിയാൽ ഭീതിയുണ്ടാകുമോ?
പാവകൻതന്നിന്നു ബാലനമത്ഭുതം
ജീവിച്ചു പോന്നതു കണ്ടു ഹിരണ്യനും

ഭീഷണമായ് കരവാളുമിളക്കീട്ടു
രോഷേണ ബാലനെ വെട്ടുവാൻ ചാടിനാൻ.
എന്നതു കണ്ടു ഗുരുവുമമാത്യരും
ചെന്നു കോപം തളത്തിട്ടു ചൊല്ലീടിനാർ
"മങ്ങാത ബാലനോ വീരനാം നിന്നുടെ-
യിങ്ങനെയുള്ള കോപത്തിനാളായതും?
സ്വല്പം കടക്കൺ ചുവന്നതെന്നാകില-
ന്നപ്പൊഴുതേ കടലേഴും വരണ്ടുപോം
കീർത്തി കേട്ടിട്ടു രിപുക്കളെങ്ങൊക്കെയു-
മാർത്തരായോടി മറഞ്ഞു കൊണ്ടീടിനാർ

എത്രയുമേററം പുകഴുടയോരു നീ
പുത്രനെക്കൊൽവതനുചിതമെന്നറി
ഇന്നിയുമൊട്ടു ബോധിപ്പിച്ചുകൊള്ളു ഞാ-
മൊന്നിലുമാവതല്ലെങ്കിൽ വധിച്ചിടാം."
എന്നവർ ചൊല്ലിക്കുമാരനെ വീണ്ടുടൻ
പിന്നെയുമഭ്യസിപ്പാൻ നിയോഗിച്ചുതേ.
ധന്യനാം ബാലനെക്കൊണ്ടുപോയ് കാവ്യനും
മുന്നമേപോലെ പഠിപ്പിച്ചു മേവിനാൻ.
മംഗലനാകിയ പ്രഹ്ലാദബാലനും
ചങ്ങാതിമാരുമായഭ്യസിക്കും വിധൌ

---

* ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം എന്ന ത്രിവിധതാപങ്ങളാകുന്ന അഗ്നി.

അപ്രയുക്തം ഭൃഗുണാ ന യഥാ തഥാ (1)
സബ്രഹ്മചാരികൾ ചോദിച്ചരുളിനാർ:
"കല്യാണരൂപിൻ! സഖേ! പറഞ്ഞീടണ-
മുള്ള് വണ്ണം നിന്മഹിമകളൊക്കയും
എള്ളോളമില്ലിഹ ലോകത്തിലാശ താ-
നുള്ളിലെന്നുണ്ടു നിനച്ചു സന്തോഷവും
രാജാവു ചെയ്യിച്ച ഹിംസകളൊക്കയും
വ്യാജഹീനം നിനക്കേലാഞ്ഞതെന്തഹോ!
ഞങ്ങളോടു പറയാമെന്നിരിക്കിലോ
മംഗലാത്മാവേ! പറയേണമൊക്കയും."

ആദരവോടവർ ചോദിച്ച നേരമ-
ങ്ങാദിദേവപ്രിയനും പറഞ്ഞീടിനാൻ.
"ദാനവപുത്രരേ! കേട്ടുകൊണ്ടീടുവിൻ
മാനേന ഞാൻ പറഞ്ഞീടുന്നതൊക്കയും.
ഓർക്കുന്ന നേരമിജ്ജന്മമെന്നുള്ളതും
സൌഖ്യമെന്നല്ലയോ തോന്നുന്നു മാനസേ?
നിശ്ചലമെന്നു നിനയ്ക്കൊല്ലാ ചെറ്റുമേ
പിച്ചകളൊക്കയും കേട്ടുകൊണ്ടീടുവിൻ.
ഉണ്ടൊരു ചക്രം ജനനമരണമെ-
ന്നിണ്ടലായിട്ടു ജീവാത്മാവിനെത്രയും.

ആദികാലേ മാതൃഗർഭപാത്രമതിൽ
വേദനയോടു ജനിക്കുമജ്ജീവനും
മൂത്രപുരീഷങ്ങളോടു കലർന്നുടൻ
ഗാത്രമെന്നിട്ടൊരു(2) പാത്രമുണ്ടായ്‌വരും.

---

(1) ഗുരുവിന്റെ പ്രേരണ കൂടാതെ, (2) ഗാത്രമെന്ന ഒരു.

കശ്മലമാം മലമൂത്രഗന്ധങ്ങളും
വിസ്മയമാം ചില പാമ്പും പുഴക്കളും
അമ്ലകടുലവണാദികളെന്നിവ-
യമ്മതാൻ രൂക്ഷമായ് ഭക്ഷിപ്പതൊക്കയും
ജാഠരവഹ്നിസന്താപമൊരു പുറം
കൂടെക്കൃമിബാധകൾ മറെറാരു പുറം

അത്രയുമല്ല ജരായുവെന്നുള്ളൊരു
ചിത്രമായുള്ളൊരുറപ്പയിൽ ബദ്ധനായ്
നാലു മുഴമാം സിരയാലെയേററവും
ചാലവേ കെട്ടിപ്പുരവശം പൂണ്ടുടൻ
ക്ഷുത്തൃഡാദികളാലേററമുപദ്രവ-
മിത്തരമെല്ലാം പറഞ്ഞുകൂടീടുമോ?
ഹന്ത വ്യഥകൾ പറഞ്ഞിടും തന്നുടെ
ചിന്തയിലും ബഹു ചിന്തയുണ്ടായ്‌വരും.
പൂർവ്വജന്മങ്ങളിൽ ചെയ്തുള്ള കർമ്മങ്ങൾ
സർവ്വവുമപ്പോളറിയായ്‌വരുമഹോ!

മുന്നിൽ ഞാൻ ചെയ്ത കർമ്മത്താൽ ഭവിച്ചിതു-
മിന്നി ഞാനീശ്വരസേവ ചെയ്തീടുവൻ
ഭക്ത്യാ മുകുന്ദനെസ്സേവിച്ചു കൊണ്ടിനി
മുക്തി വരുത്തുവനില്ല കില്ലേതുമേ
ഇത്തരം ചിന്തിച്ചു ദുഃഖിച്ചു കേവലം
മത്തനായ് ഗർഭപാത്രേ വസിക്കും ചിരം.
മാതാവുതന്നുടേ ഗർഭത്തിൽ നിന്നുടൻ
ജാതനാകിൽ ഹരിയെ * സ്മരിച്ചൂട്ടിനി

---

* സ്മരിച്ചിട്ടിനി

ദാനധർമ്മാദികൾ ചെയ്യുന്നനുദിനം
പാനീയശാലകളും ചമച്ചീടുവൻ

ഉത്തമവൃക്ഷങ്ങൾ *പദ്ധതിക്കന്തികേ
ബദ്ധമോദം ചമയ്ക്കുന്നതുമുണ്ടു ഞാൻ
ഭിക്ഷുകന്മാരെ വരുത്തി മാനേന ഞാൻ
ഭിക്ഷയും മാർഗ്ഗമായിക്കൊടുത്തീടുവൻ
സേതു മുതലായ തീർത്ഥങ്ങളൊക്കയു-
മാദരപൂർവ്വമാടീടുന്നതുണ്ടു ഞാൻ
ഭക്തരോടും സദാ ചേർന്നുകൊണ്ടീടുവൻ
ഭക്തിമാർഗ്ഗത്തെയുമാചരിപ്പേനഹം
ഇത്തരമൂമ കണ്ടുള്ള കിനാവുപോൽ
ചിത്തേ നിനച്ചിട്ടിരിക്കും ബഹുവിധം.

നിർബ്ബന്ധമെല്ലാം നിനവോടനുഭവി-
ച്ചുൾക്കനത്തഭവിച്ചീടും ധരിത്രിയിൽ.
മൂർച്ഛിതനായ് വശംകെട്ടു പുഴപോലെ
മെച്ചമേ രോദനംചെയ്യുമല്ലോ സദാ.
ഘോരമാകുമുദരോപദ്രവമിവ
പാരാതെ കേട്ടുകൊൾവിൻ നിങ്ങളേവരും.
ധാത്രിതന്നിൽ ജനിച്ചാലുള്ള വേദന-
യെത്രയും ഘോരമത്രേ നിനച്ചോളവും
വ്യാധികളുണ്ടു പലതരം പൈതലെ-
ബ്ബാധിപ്പതിന്നു വിധിവശത്താലഹോ!

ഈച്ചയുറുമ്പു കടിക്കുന്ന നേരത്തു
വാച്ച ദുഃഖേന രോദിക്കും തെരുതെരെ.

---

* പദ്ധതി=വഴി

വ്യാമോഹമോടു കരയുന്ന നേരത്തു
വേദനയുണ്ടുദരത്തിനെന്നമ്മയും
ഔഷധം നല്കുന്ന നേരമുള്ളോരഴ-
ലേഷ ചൊൽവാൻ പണിയെന്നറിഞ്ഞീടുവിൻ.
വേദന പൂണ്ടു കരയുന്ന നേരത്തു
മോദേന നല്കുവോർ പാലന്നമെന്നിവ
തന്മലമൂത്രമണിഞ്ഞുകൊണ്ടാർത്തനായ്
സമ്മോഹമോടു കരഞ്ഞു വിറയ്ക്കയും.

തന്മേനിതന്നിൽ കടിക്കുന്ന നേരത്തു
ചെമ്മേ കരമെടുക്കാവതല്ലാഞ്ഞഹോ
രോദിതനായ് വശംകെട്ടുടൻ പൈതലും
വേദനയെന്നിയേ സൌഖ്യമില്ലൊട്ടുമേ.
ശൈശവമീങ്ങനെ പോകുമനന്തര-
മെത്തീടുമപ്പോഴേ കൌമാരകാലവും.
അക്കാലമുള്ളഴൽ ചൊല്ലേണമെങ്കിലോ
വാക്കിനാലിന്നു വദിച്ചുകൂടീടുമോ?
പാലും പഴവും ഭുജിക്കേണമെന്നോർത്തു
ബാലനും മാതാവിനോടു ചൊല്ലുംവിധൌ

ഖേദം മുഴുത്തു നല്കുവാനില്ലാഞ്ഞു
മാതാവു ചൊല്ലും മൊഴി കേട്ടു പൈതലും
പാർത്തലംതന്നിലുരുണ്ടും മുറയിട്ടു-
മാർത്തനായ് ഭൂതലത്തിൽ തലതല്ലിയും,
ഇച്ഛയായുള്ളതു കിട്ടാഞ്ഞിതാകിലോ
മെച്ചമേ രോദനമുണ്ടാം സതതവും
പമ്പരമോണവില്ലെന്നിവയാദിയാ-
മമ്പതു കൂട്ടം ചമച്ചുകൊണ്ടങ്ങനെ

സാരമായുള്ള പുരുഷാൎത്ഥമെന്നോൎത്തു
ഘോരമായുള്ള കാററും വെയിലേല്ക്കയും,

കാട്ടുകൾ കാട്ടി നടന്നു വിവശനാ-
യാടലോടേ കഴിഞ്ഞീടും ദശാന്തരേ
അക്ഷരാഭ്യാസേ നിയോഗിച്ചു ചെയ്യുന്ന
ശിക്ഷകളെല്ലാം പറഞ്ഞാലൊടുങ്ങുമോ?
ഒട്ടുമറിയാത കാലത്തു വേദന
പെട്ടന്നിവണ്ണമനുഭവിച്ചിട്ടുടൻ
യൌവനകാലത്തിലുള്ള ദുഃഖത്തെയും
ചൊവ്വോടു ചൊല്ലുവാൻ *വല്ലുകില്ലൊട്ടുമേ.
മന്മഥബാണം തറച്ചു വിവശനായ്
സമ്മതമല്ലാത കൎമ്മങ്ങൾ ചെയ്കയും,

പഞ്ചേന്ദ്രിയങ്ങൾ മനസ്സിനെ വല്ലാതെ
ചഞ്ചലമാക്കിച്ചുമച്ചു വലിക്കയും,
സൌഖ്യമായോരോന്നു വേണമെന്നോൎക്കയാൽ
ദുഃഖമല്ലാതേ സുഖലേശമില്ലഹോ!
ദുൎജ്ജനത്തോടു സഖിത്വമുണ്ടാകയും
സജ്ജനത്തോടു ചേരാതേയിരിക്കയും,
വിത്തമാൎജ്ജിക്കേണമെന്ന നിനവിനാൽ
സത്തുക്കളോടു ധനങ്ങൾ പറിക്കയും,
തന്നുടേ ദാരത്തിനൊന്നും കൊടാതെ മ-
ററന്യദാരത്തിനെക്കാമിച്ചു കൊൾകയും,

മോഹമോടും ധനമെന്നോൎത്തു തന്നുടെ
ദേഹത്തെയും മറന്നിട്ടു നടക്കയും,

---

* വല്ലുകില്ല=ശക്തനാകയില്ല

പാട്ട പെട്ടൊന്നുമേ കിട്ടാഞ്ഞു സന്തത-
മാടലോട്ടുമിരുന്നീട്ടും ദിവാനിശം.
ആര്യനാകുന്നതു് ഞാനെന്ന മാനസേ
കാര്യമായുള്ളതെന്തെന്നുമറിഞ്ഞിടാ.
കണ്ടവരോട്ട കയത്തു് പലതര-
മിണ്ടലായിക്കഴിയും കാലമത്രയും.
ആൎത്തിയോടക്കാലമങ്ങനെ പോയിട്ടും
വൃദ്ധതയും വന്നുകൂട്ടുമനന്തരം.

ചൊല്ലാവതല്ല വാൎദ്ധക്യത്തിലുള്ള ഴ-
ല്ലുള്ളിൽ നിനപ്പിനസുരകുമാരരേ!
കൈകാൽ തളൎന്നു ബലവും കുറഞ്ഞുട-
നാകവേ രോമങ്ങളും വെളുത്തേററവും
പല്ലുമതിൻ ചൊല്ലുമിഴന്നിണ്ടലാ-
യെല്ലുകളും പ്രകാശിച്ചുകൊണ്ടങ്ങനെ
നേത്രത്തിൽ നിന്നു നീരുമൊഴുകിസ്സദാ
ഗാത്രവും ശുഷ്കിച്ചുകൊണ്ടു വിവശനായ്,
ശ്വാസങ്ങൾ മുട്ടി ശ്വസനൻ കുപിതനായ്
കാസവും പൂണ്ടു വീൎത്തത്രയുമാൎത്തനായ്

ദാരിദ്ര്യവും ചൊല്ലു കേളാത്ത മക്കളും
ദാരവും നിന്ദചെയ്യും പുനരേററവും
മാനസേ ദാരസുതരെന്നൊരാശയാ
വാനരം പോലെ കുപിതനായ് കേവലം
ഭക്ഷണമോരോന്നിലാശയുണ്ടാമതു
ഭക്ഷിക്കിലൊട്ടുമേ കുക്ഷിക്കു ചേൎന്നിടാ.
ആധികൾ വ്യാധികളെന്നിവയൊക്കയും
ബോധിച്ചു കൂടീട്ടുമോ പറഞ്ഞീടുകിൽ?

ന്നൂറു വയസ്സു പുരുഷായുസ്സെന്നതു
* ക്രൂരം ചിലർ നൂററിരുപതെന്നും ബലാൽ
എന്നതിൽ പാതിയും നിദ്രയായ് പോയിട്ടു-
മൊന്നുമറിയാതെ പൈതലായൊട്ടു നാൾ
സ്നാനാശനാൎത്ഥമായ് പോം ചില കാലവും
മാനേന മററുള്ള കാലവും പോയിടും.
പുണ്യകൎമ്മം ചെയ്വതിന്നു കാലം ന്യൂനാ-
മെണ്ണുകിലില്ലെന്നു വന്നു കൂടുന്നതേ.
കാലം ദിവസംപ്രതി കഴിയുന്നതും
കാലൻ വരുന്നതുമോൎക്കയില്ലൊട്ടുമേ.
പെട്ടന്നിഹലോകദുഃഖമിച്ചൊന്നതു;
കേട്ടുകൊൾവിൻ പരലോകദുഃഖമിനി.
സൽകൎമ്മഹീനം വസിക്കും ദശാന്തരേ
x അൎക്കജദൂതരണഞ്ഞീടുമപ്പൊഴേ.
തൊണ്ടയിൽ ശ്ലേഷ്മവും ബന്ധിച്ചുകൊണ്ടഹോ
മിണ്ടുവാനും വശമല്ലാതെ വന്നിടും.
വിങ്ങി നിന്നീടുന്ന ശ്വാസബന്ധത്തിനാ-
ലങ്ങടനാൎത്തനായ് വീണുഴയ്ക്കും വിധൌ
ബന്ധുവായുള്ള ജനങ്ങളും വന്നു നി-
ന്നന്തികേ കേഴുന്നതും കണ്ടു സംഭ്രമാൽ
ഭീഷണരാം യമദൂതരവരുടെ
വേഷവും കണ്ടു ഭയം പൂണ്ടു മാനസേ
ആൎത്തരാം ബന്ധുക്കൾ നോക്കിയിരിക്കവേ
പേൎത്തു യമഭടന്മാരുമടുത്തുടൻ

---

* പറയും.   x യമദൂതർ.

* യാതനാദേഹത്തിലാക്കീട്ടു ജീവനെ
വേദന ചെയ്യുന്നതും പറയാവതോ?
പാശേന കെട്ടി വലിക്കും ചില വഴി
സൂചികൾ നാട്ടി നടത്തുവോരങ്ങതിൽ
നന്നായ് വറുത്ത മണലിലിഴയ്ക്കയു-
മുന്നതമാം ഗിരിമേൽ നിന്നുരുട്ടിയും
അങ്കുശഞ്ചോദരേ കുത്തി വലിച്ചിട്ടു
സങ്കടം ചെയ്യുന്നതെത്രയും ഭീഷണം.

ലോഹത്തിനാൽ പഴുപ്പിച്ചൊരു നാരിയെ
മോഹേന ചേർത്തു തഴുകിപ്പുരേററവും.
ശ്വാക്കളെക്കൊണ്ടു കടിപ്പിക്കയും പുന-
രാക്കമേറും സർപ്പജാലങ്ങൾ ചുററിയും
പക്ഷിജാലം നയനങ്ങളിൽ കൊത്തിയും
കുക്ഷിയിൽ മുൽഗരംകൊണ്ടു താഡിക്കയും.
ആയുധജാലത്തിനാലുടലെങ്ങുമേ
കായത്തെ വെട്ടിപ്പിളർന്നുകൊണ്ടങ്ങനെ
ഉപ്പും മുളകും കലക്കിച്ചമപ്പുടൻ
തപ്പാതെ മെയ്യിലെല്ലാം ചൊരിഞ്ഞീടുവോർ

വൈതരണീനദിതന്നിൽ നീന്തിക്കയും,
ദൂതർ കൊടിലുകൾ ചുട്ടു വലിക്കയും,
കല്ലു ചുമത്തിയും ചക്കിലിട്ടാട്ടിയും
തല്ലിയും പാറമേൽ കൊണ്ടേയുരുട്ടിയും,
ചെമ്പുകിടാരത്തിലിട്ടു വറുക്കയും,
വമ്പോടു കാലസൂത്രത്തിൽ കിടത്തിയും,

---

* മരണാനന്തരം ദുഃഖാനുഭവത്തിനായുള്ള ദേഹം

തൈലപാത്രത്തിലിട്ടങ്ങു കാച്ചൂതിയും,
ശൂലത്തിലാമ്മാറു കുത്തിക്കിടത്തിയും
ചിത്രമിതിൽപരമുണ്ടു നരകങ്ങ-
ളിത്രയെന്തിന്നു പറയുന്നു ബാലരേ!

ഘോരമായിട്ടിരുപത്തെട്ടു കോടി പോൽ
നാരകമെല്ലാമനുഭവിച്ചേററവും
കമ്മശേഷത്തിനു തക്കവണ്ണം വന്നു
ചെമ്മേ ജനിക്കുമജ്ജീവനും ഭൂമിയിൽ.
ഇത്ര ദുഃഖത്തിനു പാത്രമാം ജീവനു
നിദ്രയിലും സുഖമെന്നു ചൊല്ലാവതോ?
ദാനവപുത്രരേ! കേൾപ്പിനിന്നും നിങ്ങൾ
മാനവന്മാരുടെ ദുഃഖമെപ്പേരുമേ.
ധാത്രിയിങ്കൽ ദ്രവ്യസമ്പന്നരെങ്കിലോ
പുത്രരില്ലാഞ്ഞു ദുഃഖം പുനരേററവും.

സന്താനമുണ്ടെന്നിരിക്കിലോ കേവലം
ഹന്ത! ദ്രവിണമില്ലാഞ്ഞതിസങ്കടം.
കാമികളായ് വിരഹേണ ദുഃഖം ചില-
ക്കാമയംകൊണ്ടു വലഞ്ഞതിസങ്കടം.
കെല്പോടു സംസാരസാഗരം താനിതു-
മൾപ്പൂവിലില്ലാഞ്ഞുപായങ്ങളൊന്നുമേ
പ്രാണനെക്കൂടെ ത്യജിക്കുന്നിതു ചിലർ
കാണുമാറില്ലയോ ദൈത്യകുമാരരേ!
കാലു രണ്ടുള്ളവക്കിത്ര ദുഃഖം പാരിൽ
നാലു കാലായവററിന്നു ചൊല്ലാവതോ!

പക്ഷികൾക്കുള്ള ദുഃഖം ഘോരമെത്രയും
വൃക്ഷത്തിനുള്ളഴൽ ചൊല്ലുന്നതാരഹോ!

ഭ്രാന്തിനാൽ സംസാരസാഗരേ വീണിട്ടു
നീന്തുന്നിതു മഹാംബുധിമാനെങ്കിലും.
മററൊരാലംബമില്ലായ്കിൽ ഭവാംബുധൌ
തെററന്നു വീഴ്വതു കുററമല്ലോട്ടുമേ.
മല്ലാരിതൻ ചരണാംബുജമാകിയ
നല്ലോരു കല്പകശാഖിയിരിക്കവേ
കാദളം നൽക്കനിയുണ്ടെന്നിരിക്കിലും
മോദേന *നൈംബം ഭുജിക്കും കണക്കിനെ

ബ്രഹ്മമാമാനന്ദമുണ്ടായിരിക്കവേ
നന്മയിൽ മററൊരാനന്ദമുണ്ടോ ഭുവി?
ലോകമിദം ഹരിതന്മയമാകയാൽ
ലോകത്തിലുള്ളവരെബ്ഭജിച്ചീടിലേ
നൂലും പുടവയുമെന്ന കണക്കിനെ
നാളീകനാഭനും ലോകവുമായിടും.
സംശയമെല്ലാം കളഞ്ഞിട്ടു നിങ്ങളും
ക്ലസാതെ ചിന്തനം ചെയ്യു മുകുന്ദനെ.
തന്നിലിണങ്ങാത കന്നിനെക്കൊണ്ടുപോയ്
പിന്നെയൊരന്നോടണച്ചീടും കണക്കിനെ

ഓരോ വിഷയേ കളിക്കും മനസ്സിനെ
നാരായണചരണത്തിലാക്കീടുവിൻ.
സത്തുക്കളോടു ചേൎന്നു വസിച്ചീടുവിൻ
സക്ത്യാ ഭഗവൽകഥകൾ കേട്ടീടുവിൻ.
കീൎത്തിച്ചുകൊള്ളുവിൻ നാമങ്ങളാദരാ-
ലോൎത്തീടുവിൻ ഹരിതൻ ചരണത്തെയും

* നൈംബം = വേപ്പിൻ പഴം

എന്നുടെ താതാജ്ഞയാലുള്ള ബാധകൾ
പന്നഗശായി താനല്ലയോ കാത്തതും?
കാത്തുകൊണ്ടീടുവാനോർത്തു കണ്ടീടുവിൻ
ഭക്തവാത്സല്യമീവണ്ണമില്ലാർക്കുമേ."

ഇത്തരം വാക്കു കേട്ടോരു സഖികളും
ചിത്തമോദേന ചോദിച്ചിതു പിന്നെയും:-
"സത്സംഗഹീനനസുരനരപതി
മത്സരം വിഷ്ണുവോടുള്ള രാജ്യമിതിൽ
ഇഷ്ടനായിത്തവ ഭക്തിമാർഗ്ഗത്തിനെ-
പ്പെട്ടന്നറിയിച്ചതാരെടോ സാദരം?
ചൊല്ലേണമെങ്ങളോടുള്ള വണ്ണമിദം
കല്യാണസിന്ധോ! സഖേ! കനിഞ്ഞേറവും"
കല്യമോദമവർ ചോദിച്ചു നേരത്തു
മല്ലാരിദാസനും ചൊല്ലിനാനപ്പോഴേ:-

"മൽപിതാവു തപം ചെയ്തതിന്നായ് പുരാ
കെല്പോടു പോയോരു നാളിലമരരും
ദൈതേയവീരനേയും ജയിച്ചെന്നുടെ
മാതാവുതന്നെയും കൊണ്ടുപോകും വിധൌ
വീണാധരമുനി കണ്ടു വഴിയിന്നു
പാണികൾകൊണ്ടങ്ങു വീണ്ടിട്ടു പോന്നുടൻ
തന്നുടെ പർണ്ണശാലയ്ക്കൽ വെച്ചങ്ങനെ
ഖിന്നത തീർത്തു പാലിച്ചുകൊണ്ടീടിനാൻ.
എന്നുടെ മാതാവിനുള്ളഴൽ പോക്കുവാ-
നന്നു തത്വോപദേശം ചെയ്തു മാമുനി.

അമ്മയും തത്വോപദേശത്തെയൊക്കയും
ചെമ്മേ മറന്നിതു രാജഭോഗത്തിനാൽ.

ഗർഭസ്ഥനായന്നു കേട്ടിരുന്നീടിനേ-
നെപ്പേരും മാമുനി ചൊല്ലും മൊഴികളെ.
ഞാനവയൊന്നും മറന്നതില്ലൊട്ടുമേ
നൂനം മുനികൃപയാലറിഞ്ഞീടുവിൻ.
ഉള്ളതത്രേ നിങ്ങളോടു പറഞ്ഞതു
കള്ളമകന്നു ദൈതേയതനയരേ!!"
എന്നു വേദപ്പൊരുളാം ബ്രഹ്മമൂർത്തിയെ
നന്നായ് പ്രകാശിച്ചു ചൊല്ലും ദശാന്തരേ

സമ്മതി വന്നു ദനുജകുമാരരും
നിർമ്മലൻ പ്രഹ്ലാദനെത്തൊഴുതീടിനാർ.
"നിന്നുടെ സംഗമുണ്ടായതു കാരണം
ധന്യരായ് ശുദ്ധരായ് വന്നുകൂടീ വയം.
അജ്ഞാനമെല്ലാമകന്നിതു ദൂരവേ
പ്രാജ്ഞനാം നിന്നോടു ചേരുകയാലെടോ!
കോപങ്ങളെല്ലാമകലെ നീങ്ങീ തുലോം
താപവുമില്ല നിൻവാക്കുകൾ കേൾക്കയാൽ"
എന്നുരചെയ്തവരൊന്നിച്ചിരുന്നിട്ടു
നന്നായ് പരബ്രഹ്മരൂപമുറപ്പിച്ചു

നിശ്ചലരായ് തിരുനാമത്തെയും പുന-
രുച്ചരിച്ചിട്ടിരുന്നാരവനീപതേ!
ആഗമിച്ചീടിനാൻ ഭാർഗ്ഗവനും തത്ര
വേഗേന കണ്ടിതു ബാലകന്മാരെയും.
തിണ്ണമായുള്ളോരു ഭക്തിയെപ്പൂണ്ടിട്ടു
കണ്ണുമടച്ചു ചിന്തിച്ചുകൊണ്ടങ്ങനെ
ബാലരെക്കണ്ടിട്ടു കാവ്യനും ചിന്തയാ
നാലു ഭാഗത്തുമാലോക്യ നിന്നീടിനാൻ.

മാനസേ വേവുററു ദീനനായ് കേവല-
മാനനം താഴ്ത്തി നിരൂപിച്ചിതിങ്ങനെ:—

"നമ്മെയറിയാതെ വന്നിവരോടിഹ
സന്മാൎഗ്ഗമെല്ലാമറിയിച്ചതാരഹോ!
ദുഷ്ടനാം പ്രഹ്ലാദവാക്യമോ കേവലം
പെട്ടന്നു കഷ്ടരായ്‌വന്നാരിവർകളും.
ഒന്നുകൊണ്ടും നമുക്കിങ്ങു വസിപ്പതു
നന്നാകയില്ലെ"ന്നുറച്ചു ഭൃഗുസുതൻ
ഇണ്ടലും പൂണ്ടു വിറച്ചുകൊണ്ടങ്ങനെ
മണ്ടിനാൻ ദൈത്യരാജേന്ദ്രസ്യ സന്നിധൌ.
"ദൈത്യേന്ദ്ര! കേൾക്ക വാക്യം മദീയം ഭവാൻ
മാദ്ധ്യംദിനം കൎമ്മകാരിതും(?)പോയി ഞാൻ

കാലവിളംബനമെന്നിയേ വീണ്ടിങ്ങു
ബാലകന്മാരുടെ ചാരത്തു ചെന്നതേ.
പൂണ്ടുകൊണ്ടാർ പരബ്രഹ്മഭാവത്തിനെ
വീണ്ടുവരുവതിൻമുമ്പേയവർകളും"
എന്നു പറയുന്ന നേരത്തു ബാലരിൽ
പിന്നെയൊരുവനും വന്നു ചൊല്ലീടിനാൻ:
"മോക്ഷമെന്നും ഭക്തിയെന്നും ബഹുവിധം
ശിക്ഷയാ ബോധം വരുത്തിയിട്ടെങ്ങടെ
മാനസമെല്ലാമിളക്കിച്ചമച്ചതു
ദാനവേന്ദ്ര! തവ ബാലകനെന്നറി"

എന്നു ചൊല്ലുന്ന നേരത്തു ദൈത്യേന്ദ്രനും
വന്നൊരു കോപം പൊറുത്തുകൂടായ്കയാൽ
പാചകൻതന്നെ വിളിച്ചു ചൊല്ലീടിനാൻ
"കൂസാതെ കൊല്ലുക നീ മമ ബാലനെ.

ഭോജനംതന്നിൽ കൊട്ടക്ക വിഷമിന്നു
ഖേദം വളക്കും തനയനെക്കൊല്ലുവാൻ"
ഭോജനംതന്നിൽ വിഷത്തെയും നല്കിനാൻ
വ്യാജേന പാചകന്മം പുനരാദരാൽ.
ഒന്നുമറിഞ്ഞീല ബാലകനെങ്കിലും
പന്നഗശായിതാൻ കാത്തുകൊണ്ടീടിനാൻ.

എന്നതുമേലാഞ്ഞ നേരത്തു ദാനവ-
നന്നോരമാരണരോടു നിയോഗിച്ചു:
"മാരണകർമ്മണാ കൊല്ലുവിനെന്നുടെ
ദാരകൻതന്നെ വിരവോടു നിങ്ങളും"
അങ്ങനെയാമെന്നു ചൊല്ലീട്ടവർകളും
മങ്ങാതെ ബാലനരികിലാമ്മാറു പോയ്
ഭക്തപ്രവരനെ നോക്കിത്തെളിവിനോ-
ടുക്തികളിങ്ങനെ നിന്നു ചൊല്ലീടിനാർ:
"നിന്നുടെ താതാജ്ഞയാ വന്നിതെങ്ങളും
നന്ദന! നിന്നെ വധിപ്പതിനെന്നറി.

വിപ്രരാലെന്നിയേ മൽസുതൻതന്നെയും
ക്ഷിപ്രം വധിക്കാവതല്ല മററാക്കുമേ
എന്നു നിയോഗിച്ചയച്ചിതു ദാനവ-
നെന്നതിനാലിഹ വന്നിതു ഞങ്ങളും.
കണ്ടിതോ കാലദോഷം മാമകമിദം
വിണ്ടലർവൈരി ചൊല്ലീടിനാനിങ്ങനെ
എന്തിനു നീ വൃഥാ ചാകുന്നിതിങ്ങനെ
സന്തതം വിഷ്ണുഭക്തിം ത്യജിച്ചീടെടോ!
ഇപ്പൊഴുതേ ഭക്തി വേണമോ ബാലക!
കെല്പോടു വേണമെന്നാലുണ്ടുപായവും

മാനസേ ചിന്തിച്ചുകൊൾക മുകുന്ദനെ
ദാനവർ ചൊല്ലുന്നതും കേട്ടുകൊൾക നീ
ലംഘിക്കവേണ്ട ജനകവാക്യത്തെയും
പങ്കജനാഭസ്മരണയുമാമെടോ!”
ആരണരേവം പറയുന്ന നേരത്തു
ചാരുശീലനസുരാത്മജൻ ചൊല്ലിനാൻ:
“പന്നഗശായിതന്നെബ്ഭജിച്ചീടുവാ-
നിന്നു നാളെന്നുമുണ്ടോ പറഞ്ഞീടുവിൻ?
നാരായണന്നുടെ നാമമോതീടുകി-
ലാരെയെന്നാകിലും പേടിക്ക വേണമോ?

ഉല്പലനേത്രനെസ്സേവിച്ചുകൊള്ളുവാൻ
കല്പനയിങ്ങനെയെന്തു വന്നീടുമോ?
എന്തു പറകിലുമെന്നുടെ ദേവനെ-
യന്തണരേ! വെടിഞ്ഞീടുകില്ലേതുമേ”
എന്നുള്ള വാക്യം നിശമ്യ ഭൂദേവരും
വന്നോരു കോപേന ചൊല്ലിനാരിങ്ങനെ:
“അന്തകന്റെ വശമായിട്ടിരിപ്പവ-
നന്തരവാക്കുകൾ ചിന്തയിൽ കൊൾവതോ?”
എന്നുരചെയ്തു കുണ്ഡമതിലഗ്നിയെ
നന്നായ് വളൎത്തി ഹോമം തുടങ്ങീടിനാർ.

ആഭിചാരക്രിയ ചെയ്യും ദശാന്തരേ
ഭാഭിയ്യുതമൊരു ഭൂതവും ജാതമായ്.
ഘോരമായുള്ളൊരു കൺമിഴിതന്നിന്നു
പാരം ചിതറുന്ന തീപ്പൊരിയേററവും.
ഹുങ്കാരനാദേന ലോകങ്ങളൊക്കയും
സങ്കുലം പൂണ്ടു മറഞ്ഞിതു മേൽക്കുമേൽ.

ശൂലം കപാലവും കൈയിലേന്തി ധൃത-
മാലോകനേന ദഹിപ്പിച്ചു ദിക്കുകൾ
* അഷ്ടാദശഭുജൈരായുധമോരോന്നു
പെട്ടന്നിളക്കി ജ്വലിച്ചതിഭീമമായ്.

പാദചാരേണ കലുങ്ങിച്ചമഞ്ഞിതു
മേദിനിയും കടലേഴും കലങ്ങിതായ്.
ഭീതിയോടും നഗര്യാം വസിക്കും ജനം
വാതിലുമെല്ലാമടച്ചുകൊണ്ടീടിനാർ.
ഘോരമാകുന്നോരു മാരണദേവത
ദാരകൻതന്നോടണഞ്ഞു സംക്രുദ്ധനായ്
കൂർത്ത ശൂലത്തിനാലാഹനിച്ചീടിനാൻ
പേർത്തും സുകുമാരമേനിമേലേററവും.
കൃഷ്ണ കൃഷ്ണേതി ജപ്ത്വാ മനതാരതിൽ
വിഷ്ണും പുരാണമൂർത്തിം സ്മരിച്ചങ്ങനെ

ഭക്തിയായുള്ളോരു ചട്ടയും പൂണ്ടിട്ടു
ഭക്തപ്രവരനിരുന്നുകൊണ്ടീടിനാൻ.
ആകും പണിപ്പെട്ടു മാരണനും പുന-
രാകുലം ബാലനില്ലാഞ്ഞതു കാൺകയാൽ
ധാത്രീസുരരോടണയുന്ന നേരത്തു
ശ്രോത്രിയരും ഗമിച്ചീടിനാരാർത്തരായ്.
അഞ്ഞൂരായുള്ളോരു ഭൂസുരർ തങ്ങടെ
യജ്ഞോപവീതവും പോയതറിയാതെ
എങ്ങുമേ പാഞ്ഞു പൊറുത്തുകൂടാഞ്ഞിട്ടു
ശാർങ്ഗിപ്രിയനരികേ വന്നു ചൊല്ലിനാർ:

---

* പതിനെട്ടു കൈകളാൽ

“കല്യാണവാരിധേ! പ്രഹ്ലാദ! മാമക-
മല്ലൽ കളഞ്ഞു പാലിച്ചു കൊള്ളേണമേ”
എന്നു പറയുന്ന ബ്രാഹ്മണർ തന്നെയും
ധന്യനാം കണ്ടു കൃപ പൂണ്ടിതാദരാൽ
ദുഃഖം പരേഷാം നിരീക്ഷിതുമൊട്ടുമേ
ഉൾക്കാമ്പിലില്ലിനിധൈര്യമഹമെടോ!
അന്തണൎക്കുള്ളഴൽ പോക്കുവാനായിട്ടു
ചിന്തിച്ചു കേശവൻതന്നോടു ചൊല്ലിനാൻ:
“ശ്രീപതേ! ഞാൻ തവ ദാസനെന്നാകിലോ
താപം ദ്വിജാനാമകററീടവേണമേ”

ശാർങ്ഗിയോടിങ്ങനെ ചൊന്നോരു നേരത്തു
മങ്ങി മറഞ്ഞു മഹാത്ഭുതമപ്പൊഴേ
ആധി വേറിട്ടു ഭൂദേവരുമെത്രയും
പ്രീതരായാശിയും ചൊല്ലി നടന്നുടൻ
നിൎജ്ജരവൈരിതൻ ചാരത്തു ചെന്നിട്ടു
ലജ്ജയും പൂണ്ടു നിന്നീടിനാർ മെല്ലവേ.
കൊമ്പു മുറിഞ്ഞ വൃഷഭം കണക്കിനെ
വമ്പുകളെല്ലാം കളഞ്ഞു ചൊല്ലീടിനാർ:
“ബാലനെക്കൊൽവാൻ തവാജ്ഞയാ ഞങ്ങളും
കാലേ നിനച്ചു ചെയ്തുള്ള കൎമ്മത്തിനാൽ

മങ്ങാത ബാലൻകരുണയില്ലെങ്കിലി-
ന്നെങ്ങളും ജീവിച്ചു പോരികയില്ലെടോ!”
ഇങ്ങനെ ചൊല്ലീട്ടു ഭൂദേവരൊക്കയും
തങ്ങൾ ഗേഹം പ്രവേശിച്ചു വാണീടിനാർ.
അന്തണർ പോയോരു നേരമനന്തരം
ചിന്തയാ തന്മകനോടു ചൊല്ലീടിനാൻ:

“ഇത്ര സാമത്ഥ്യമെവിടെ നിന്നിങ്ങനെ
പുത്ര! ഭവിച്ചതുമെത്രയുമത്ഭുതം
ശംബരന്നേക്കാളധികമായ് വന്നതേ
നിന്മഹാമായകളോൎത്തു കാണുംവിധൌ

വേദിയരാലുത്ഭവിച്ച ഭൂതത്തെയും
മോദേന നിന്നു ജയിച്ചതുമത്ഭുതം!
ഇന്നല്ലയോ മമ നന്ദനനെന്നതും
നന്നായറിഞ്ഞുകൊണ്ടേനഹമാദരാൽ
വാസുദേവൻ മുതലായുള്ളമരരും
ഭൂസുരരും മുനിമാരിവരൊക്കയും
ഓൎത്തു കാണുമ്പോളഭേദ്യമാം നമ്മുടെ
ദൈത്യബലത്തിനു തുല്യമല്ലെന്നറി”
വീരനാം ദൈത്യനേവമുരയ്ക്കുംവിധൌ
ദാരകൻ കൈതൊഴുതിട്ടു ചൊല്ലീടിനാൻ:

“സാരസസംഭവപുത്രനായ് വന്നിട്ടു
നേരേ പിറന്നവനല്ലോ പിതാവിഹ;
ജ്ഞാനമോ നിന്നോളമില്ല മററാൎക്കുമേ
ദാനവേന്ദ്ര! ഞാനറിവതുമെന്തഹോ!
അച്യുതൻ തങ്കലുള്ളോരു വിശ്വാസവും
നിശ്ചലഭക്തിയിവണ്ണമില്ലാൎക്കുമേ
എന്നെ നന്നായ് പരീക്ഷിപ്പതിനല്ലയോ
പിന്നെയും പീഡ ചേൎക്കുന്നതു നീ വൃഥാ?
ഭക്തനൊരു ഭയമെത്തുകില്ലെന്നതും
ചിത്തേ ധരിച്ചല്ലയോ വിഷം തന്നതും

കാത്തുകൊള്ളും ഹരിയെന്ന ഭാവം മമ
ചിത്തേ ദൃഢമായ് ഭവിച്ചതുകൊണ്ടിനി

കൈവെടിഞ്ഞീടുകയില്ല ഞാനെന്നുമേ
ദേവാധിദേവനെയെന്നറിയേണമേ
നാളീകനാഭൻമഹിമകളൊക്കയു-
മാലോകനം ചെയ്തിരിക്കുന്നിതു ഭവാൻ
വാക്കിനാലൊന്നു മനസ്സിൽ മററൊന്നു താൻ
വാക്കുകളെന്നോടു ചൊൽവതെന്തിങ്ങനെ?"
എന്നവൻ ചൊല്ലുന്ന വാക്കുകൾ ദാനവൻ-
തന്നുടെ ചിത്തത്തിലേററതില്ലൊട്ടുമേ

ബാലകവാക്യമാം പാലു കുടിച്ചിട്ടു
നീലോരഗം പോലെ കോപിച്ചു ദാനവൻ
കിങ്കരന്മാരോടു ചൊന്നാൻ "തനയനെ-
ശ്ശങ്കാവിഹീനം പിടിച്ചു ബന്ധിച്ചിനി
തുംഗമായുള്ള ഗിരിതന്മുകളീന്നു
തങ്ങാതെ ഭൂമിയിൽ തള്ളുവിനഞ്ജസാ."
ചൊന്നവണ്ണംതന്നെ ചെയ്താരവർകളും,
കുന്നിന്മുകളീന്നു വീഴും ദശാന്തരേ
നാരായണം നരകാന്തകം മാനസേ
പാരമുറപ്പിച്ചു വീണിതു ബാലനും.

കണ്ടു നിന്നീടുന്ന മാരുതദേവനും
രണ്ടു കരത്തിനാലും താങ്ങി മെല്ലവേ
ഭൂതലേ വെച്ചു പുണർന്നുകൊണ്ടെത്രയും
പ്രീതനായങ്ങനെ പോയ് മറഞ്ഞീടിനാൻ.
അന്തം തനയനു വാരാഞ്ഞതു കണ്ടു
ചിന്തയാ ശംബരനോടു ചൊല്ലീടിനാൻ:
"കൊല്ലുക മായയെക്കൊണ്ടെൻ മകനെ നീ
നല്ല കനലുകളാകുന്ന മാരിയാൽ"

എന്നാവനോടു നിയോഗിച്ചതു കേട്ടു
ചെന്നു വരിഷം തുടങ്ങിനാൻ മായയാ

ഘോരമായുള്ള കനൽക്കട്ടകൾ വന്നു
ദാരകൻ മേനിമേൽ വീഴുന്ന നേരത്തു
ചക്രധരം ചാരുകോമളം ശ്യാമളം
നക്രേശമർദ്ദനം ചിന്തയായ് മേവിനാൻ.
ശൌരിയുടെ മായ ശംബരമായയെ
നേരേ മറിച്ചങ്ങയച്ചു വിട്ടീടിനാൾ.
മോചിതമംഗാരജാലം നിജമെയ്യി-
ലേശുന്നതു കണ്ടു സംഭ്രമാൽ ശംബരൻ
ആർത്തനായ് ദൈത്യേന്ദ്രചാരത്തു ചെന്നിട്ടു
ധാത്രി തന്നിൽ മറഞ്ഞീടിനാൻ മെല്ലവേ.

പുത്രനെക്കൊല്ലുവാനുള്ള തൊഴിലുക-
ളിത്രയല്ലിന്നുമുണ്ടിന്നവയൊക്കയും
മുററും പറഞ്ഞുതുടങ്ങുകിൽ കാലവും
മറെറാന്നിനില്ലെന്നറിക ധാത്രീപതേ!
അന്തം തനയനില്ലാഞ്ഞസുരൻ പുന-
രന്തേ നിജഭടന്മാരോടു ചൊല്ലിനാൻ:
"ഏതു ചെയ്തും വധിയായ്കിൽ നമുക്കിവ-
നാധിപേക്ഷമതിനില്ലൊരു സംശയം.
ഇന്നു സമുദ്രേയമുഴത്തീട്ടു ബാലനെ-
യുന്നതമായുള്ള പാറയുമേററുവിൻ

ആഹാരമാക്കണം മൂഢനിവനുടൽ
* ഗ്രാഹത്തി"നെന്നു പറഞ്ഞോരനന്തരം

* ഗ്രാഹം=മുതല

ഭദ്രനാം ബാലനെപ്പാശത്തിനാലവർ
നിദ്രയിൽ ബന്ധിച്ചു പയ്യവേ കൊണ്ടുപോയ്
അംബുധി തന്നിലമൎത്തി വിരവോടു
വന്മലതന്നെയുമേററി വന്നിട്ടവർ
ദാനവനോടറിയിച്ചതു കേട്ടുടൻ
ദീനതയും കളഞ്ഞു മരുവീടിനാൻ.
ആനന്ദവാരിയിൽ താണുകിടക്കുമി-
സ്സൂനവും മുങ്ങിക്കിടക്കും ദശാന്തരേ
ഉഗ്രമായുള്ള ബാഡവാഗ്നിയെന്നോൎത്തു
നിൎഗ്ഗമിച്ചു ദൂരവേ *ജലജങ്ങളും
എന്നതുകണ്ടു വരുണനും വന്നിട്ടു
തന്നുടെ കയ്യിനാൽ പാൎവ്വതം തന്നെയും
തട്ടിക്കളഞ്ഞു പ്രഹ്ലാദനെ മെല്ലവേ
കെട്ടുമഴിച്ചുടനാലിംഗനം ചെയ്തു
തീരത്തിലാമ്മാറു ചേൎത്തിട്ടനന്തരം
വാരിധിനാഥനും പ്രീതനായ് ചൊല്ലിനാൻ
"പുണ്യവാനേവ ഞാൻ നിന്നുടെ മേനിയെ-
ക്കണ്ണിനാൽ കാണ്കയാൽ; ധന്യനായ് വന്നു ഞാൻ;
സ്വൎന്നദിയാദിയാം തീൎത്ഥങ്ങളെക്കൊണ്ടു
മുന്നമേ തന്നെ പരിശുദ്ധനെങ്കിലും
മംഗലനായ നിൻ സംഗത്തിനാലിന്നു
പൊങ്ങിന പുണ്യവാനായ് ചമഞ്ഞീടിനേൻ
ഒന്നിനുമാശയില്ല നിനക്കെങ്കിലു-
മിന്നു ഞാൻ നല്കുന്ന രത്നങ്ങളാദരാൽ

---

* ജലജങ്ങൾ=ജലജീവികൾ (?)

നേരേ പരിഗ്രഹിക്കെ"ന്നു ചൊല്ലിട്ടട-
നാരാദ്ധ്യ * പ്രാശിയും പോയ് മറഞ്ഞീടിനാൻ.
അപ്പതി പോയൊരു നേരത്തു ബാലനു-
മുൾപ്പൂവിലിങ്ങനെ ചിന്തിച്ചിതാദരാൽ:-
"എപ്പോഴുമുള്ളിലിരിക്കുന്ന നാഥനെ-
യിപ്പോഴെനിക്കു കാണ്മാൻ കഴിവെത്തുമോ?
അർണ്ണവം തന്നുടെ തീരത്തിരുന്നവ-
നർണ്ണോജനേത്രനെയോർക്കും ദശാന്തരേ
സേവകനുള്ളുഴൽ പോക്കുവനെന്നോർത്തു
ദേവനും വൈനതേയോപരി പൊങ്ങിനാൻ
രണ്ടു പാടും ചാമരങ്ങൾ വീയീടവേ,
വിണ്ടലർ പൂമലർകൊണ്ടു പൊഴിക്കവേ,
കോടിചന്ദ്രാഭ തേടും കുട പൊങ്ങവേ,
പാടി നാകസ്ത്രീകളാടിക്കളിക്കവേ,
ശംഖനാദം പല വാദ്യം മുഴങ്ങവേ
പങ്കജനാഭനമ്പോടെഴുന്നള്ളിനാൻ.
വാരിജലോചനൻ തന്നെക്കനിവോടു
ചാരത്തു കണ്ടു യോഗീന്ദ്രപ്രവരനും.
ശ്യാമളകാന്ത്യാ വിളങ്ങിച്ചു ദിക്കുകൾ
പൂമകൾകാന്തൻ പുരുഷോത്തമൻ പരൻ.
ദേവദേവനുടെ പൂമേനി വാഴ്ത്തുവാൻ
നാവിനു വൈഭവമില്ല നമുക്കെടോ!
പൊന്നിൻകിരീടപ്രഭകൊണ്ടു മാനസേ
ഖിന്നത ചേർക്കും നവകോടി സൂര്യനും

---

* ആരാധ്യ=പൂജിച്ചിട്ടു്

വണ്ടിൻനിരകളും കൊണ്ടലുമിണ്ടലായ്
മണ്ടുമേ കുന്തളകാന്തി കാണുംവിധൌ.
പാരിജാതകുസുമമണിഞ്ഞങ്ങനെ
താരങ്ങൾ മേലേ വിളങ്ങും കണക്കിനെ
പഞ്ചമിച്ചന്ദ്രനു നെഞ്ചകത്തെപ്പൊഴും
ചഞ്ചലം നല്കും നിടിലത്തിലാമ്മാറു
*മാലയത്താലൂർദ്ധ്വപുണ്ഡ്രമതിന്നുള്ളിൽ
മേളം കലരും തിലകവും മോഹനം.
മല്ലുബാണനുടെ വില്ലിനെപ്പോർ ചെയ്തു
വെല്ലുന്ന ചില്ലിക്കൊടിയിണ ഭംഗിയും

വാരിജം തന്നിതൾ നേരല്ല ചൊല്ലുകിൽ
ചാരു മിഴിയിണ കാണുന്നതാകിലോ
പോററും ജനത്തിനുള്ളോരഴൽ പോക്കുവാ-
നേററം കരുണ കലന്ന കടാക്ഷവും,
കണ്ണാടിയോടു തിറ കൊണ്ടു പോരുന്ന
ഗണ്ഡത്തിൽ മിന്നുന്ന കുണ്ഡലകാന്തിയും,
എൾപ്പൂവിനുമഴലുള്ളിലുണ്ടപ്പൊഴും
കെല്പോടു നാസികയ്ക്കൊപ്പം വരായ്കയാൽ.
ചെമ്പല്ലവാധരം കണ്ടു കുമ്പിട്ടു പോയ്
ചെമ്പരത്തിമലരെന്തിഹ ചൊൽവതും;

ചിന്തയുണ്ടാകുന്നു മുത്തിനു മാനസേ
ദന്തത്തിനോടു സമാനമല്ലായ്കയാൽ;
സുന്ദരമാം മുഖകാന്തിയെക്കണ്ടു തോ-
ററിന്ദുവും പത്മവും കുമ്പിട്ടു കൂപ്പിനാർ.

* മാലയം=ചന്ദനം

കംബുതാൻ കണ്ഠത്തിനോടുടൻ തോററല്ലോ
അംബുധി തന്നിൽ നിന്നീടുവാൻ കാരണം.
നാരായണ്ണോരസി മേവുന്ന ഹാരങ്ങൾ
താരകളേക്കാൾ പ്രകാശമുണ്ടേററവും.
കൌസ്തുഭവും വനമാല തുളസിയും
കസ്തൂരിലേപവും ശ്രീവത്സകാന്തിയും
ഇന്ദിരാദേവി കുടികൊണ്ടരുളുന്ന
സുന്ദരമാം തിരുമാറും മനോഹരം.
ചെമ്പൊൽക്കരങ്ങളോ തുമ്പിക്കരത്തിനു
കമ്പം വരുത്തി മേവീടുന്നിതേററവും.
എത്രയും ദിവ്യമായുള്ള രത്നംകൊണ്ടു
ചിത്രം വിളങ്ങും കടകാംഗദങ്ങളാൽ
മേളം കലൎന്നു മേവീടുന്ന തൃക്കരം
നാലിലും ശംഖു ചക്രം ഗദ പത്മവും
ബ്രഹ്മാണ്ഡമെല്ലാമടങ്ങുന്ന കുക്ഷിയിൽ
നിൎമ്മലമായുള്ള നാഭീനളിനവും
മങ്ങാത പീതാംബരം പൂണ്ട മദ്ധ്യവും
തൊങ്ങൽ പലതരം ഭംഗി പൂണ്ടിങ്ങനെ
ഉന്നിദ്രകാന്തി കലൎന്ന രത്നങ്ങളാൽ
മിന്നുന്ന കാഞ്ചിയും മേളവുമങ്ങനെ
കാർമുകിൽ വൎണ്ണവും പീതാംബരാഭയും
കാർമേഘവും മിന്നലെന്ന കണക്കിനെ
മത്തേഭകുംഭത്തെ വെന്ന ജഘനവും
പൊൽത്തൂണുപോലെ വിലസും തുടകളും
ചെപ്പിനു ശില്പം പഠിപ്പിച്ചുമേവിടു-
മുല്പലലോചനൻചാരുമുഴങ്കഴൽ

കേതകിമൊട്ടിനും കേകികണ്ഠത്തിനും
ഖേദമുണ്ടാക്കുന്ന ജാനുദ്വയങ്ങളും
പൊന്നുംചിലമ്പും മണികളാലേററവും
മിന്നും നെരിയാണിയുമതിമോഹനം
തുമ്പപ്പൂത്തൂമലക്ക്മ്പെത്തു കുററമു-
ണ്ടമ്പിൽ പുറവടി കാണുന്നതാകിലോ
ശില്പമായുള്ള വിരലും നഖങ്ങളും
പത്മരാഗേ ചേർന്ന വജ്രം കണക്കിനെ
പങ്കജം തന്നിതളോടു തുല്യം വിരൽ
തിങ്കൾശകലമല്ലോ നഖപംക്തിയും.

ഭക്തനുള്ളോരഴൽ പോക്കേണമെന്നോർത്തു
മുക്തിദൻ പ്രത്യക്ഷനായി നിന്നീടിനാൻ.
അഗ്രേ വിളങ്ങുന്ന നാഥനെക്കണ്ടുടൻ
വ്യഗ്രമകന്നു പ്രഹ്ലാദനുമാദരാൽ
മാനമില്ലാതൊരു ഭക്തിയുണ്ടാകയാ-
ലാനന്ദബാഷ്പനദിയിൽ മുഴുകീട്ടു
പൂമകൾകാന്തനെക്കണ്ടു സന്തോഷേണ
കോൾമയിർക്കൊണ്ടു പരിഭ്രമിച്ചേററവും
നാഥൻ തിരുമുഖം നോക്കിനോക്കിദ്രുതം
ബോധം മറന്നു വീണാൻ ധരണീതലേ.

ദൃഷ്ട്വാ ഹരി നിജദാസം കരുണയാ
പെട്ടെന്നെടുത്തു തഴുകീട്ടു മെല്ലവേ
അങ്കേ കിടത്തി മുകുന്ദൻ തിരുവടി
തങ്കരംകൊണ്ടു പൊടികളഞ്ഞാദരാൽ
ബാല! കളക മോഹഭ്രമമെന്നാത്തു
പാലൊത്ത തൂമൊഴി കേൾക്കയാൽ മെല്ലവേ

കണ്ണുമടച്ചു ശീഘ്രമെഴുന്നേററവൻ
ദണ്ഡായമാനം നമസ്കരിച്ചാദരാൽ
അഞ്ജലി പൂണ്ടു സഗൽഗദവാക്കിനാൽ
കഞ്ജവിലോചനനോടു ചൊല്ലീടിനാൻ:—

"തെററന്നു ഞാൻ ചെയ്ത കുററങ്ങളൊക്കെയും
പോററി! പൊറുത്തരുളേണം കൃപാനിധേ!
നിൻമടിയിലിരുന്നോനടിയനതു
നന്മയല്ലൊട്ടുമേ പാർത്തുകണ്ടോളവും"
എന്നുരചെയ്തു വണങ്ങുന്നവനോടു
മന്ദസ്മിതം ചെയ്തരുളി മുകുന്ദനും:
"മാതരം പൈതൽ ചവിട്ടുമാറില്ലയോ
ചേതസി നീ പിഴയെന്നു ചിന്തിക്കൊലാ
ഉന്നതഭക്തി പൂണ്ടീടും ജനങ്ങളു-
മെന്നുടെ ജീവനേക്കാളും വലുതെന്നറി.

ഭക്തിയാകുന്ന പാശേന ബന്ധം തനി-
ക്കത്തലായുള്ള പാശക്ഷയമായ്‌വരും
ഒന്നിലുമാശയില്ലാ നിനക്കെങ്കിലു-
മിന്നു വേണ്ടും വരം നല്കുന്നതുണ്ടു ഞാൻ"
എന്നരുൾചെയ്തതു കേട്ടു പ്രഹ്ലാദനു-
മന്നേരമേ ഭഗവാനോടു ചൊല്ലിനാൻ:
"പങ്കജലോചന! നിന്നുടെ ദർശന-
വൻകടൽ തന്നിൽ നീന്തിക്കളിച്ചീടുവാൻ
സന്തതമെത്തുകിലിന്നടിയനു മ-
ററെന്തു വരം വേണ്ടതു കരുണാനിധേ!

വേധാവു മുമ്പായ വാനവരൊക്കെയും
നാഥ! ഭവന്തമീക്ഷിച്ചുകൊണ്ടീടുവാൻ

സേവ ചെയ്യുന്നിതു കേവലമാശയാ
ജീവപൎയ്യന്തവുമെപ്പൊഴും മാധവ!
അങ്ങനെയുള്ള നിന്നെക്കണ്ടുകിട്ടുകി-
ലെങ്ങനെ തൃപ്തി വരുന്നിതു മാനസേ?
ഞാനിഹ കണ്ടുള്ള സൌന്ദൎയ്യമോൎത്തീടിനേൻ
ധ്യാനം ദശാംശവുമില്ല ജഗൽപതേ!
വാസനയാക്കും തടുക്കരുതെങ്കിലും
ദാസനാമെന്നിൽ കരുണയുണ്ടാകണം.

ഉള്ളിലടക്കിയിട്ടിന്ദ്രിയമൊക്കവേ
വെള്ളത്തിൽ മുങ്ങിയും കായ്കനി തിന്നിട്ടു
പഞ്ചാഗ്നിമദ്ധ്യത്തിൽനിന്നും വിവിധമായ്
ചെഞ്ചമ്മെയോരോ തപസ്സുകൾ ചെയ്വതും
നിൻമറിമായമറിഞ്ഞുകൂടായ്കയാൽ
കൎമ്മങ്ങൾ പൂണ്ടു കളിക്കുന്നിതേററവും.
ബന്ധവും മോക്ഷവും ദേഹവും ദേഹിയും
ചിന്തിക്കിലോ തവ മായയത്രേയതും
നിൎമ്മലമാനസം തന്നെ നിലയനം
നന്മ തേടും മഹതാം മതമായതും

കാരുണ്യവാരിധേ! ത്വച്ചരണാംബുജം
നേരേ മനതാരിൽ വെച്ചുകൊണ്ടീടുന്ന
സമ്മതനായുള്ള ഭക്തൻെറ മാനസം
നിൎമ്മലമെത്രയുമെന്നു ചൊല്ലുന്നതേ.
എന്നതിനാൽ മമ ജന്മജന്മങ്ങളി-
ലുന്നതഭക്തി വന്നീടുവാൻ നൽവരം
വേണമിതെന്നിയേ ഭക്തി മറെറാന്നുമേ
കാണിപോലും കൊതിയില്ല ജഗൽപതേ!”

എന്നാവൻ ചൊന്നതു കേട്ടു മുകുന്ദനും
വെണ്ണിലാവഞ്ചിച്ചിരിച്ചുരുളീടിനാൻ:
"ദേവകളെക്കണ്ടുകൊള്ളേണമെങ്കിലു-
മാവോളവുമെളുതല്ലെന്നറികെടോ!
മാമപി കണ്ടുകൊൾവാനതിലും പണി
മാമുനിമാർക്കുമസാദ്ധ്യമിതെന്നറി.
മുക്തി നിനക്കു നല്കേണമെന്നിട്ടിഹ
വ്യക്തമായ് മൂർത്തിം ധരിച്ചു വന്നേനഹം
മങ്ങാതെ ഭക്തിയത്രേയപേക്ഷിച്ചു നീ-
യങ്ങനെയാമതാരല്ലെന്നു ചൊന്നതും?"
പൂമകൾകാന്തനരുളും മൊഴി കേട്ടു
കോമളബാലനും ചൊല്ലിനാനപ്പോഴേ:-
"ഭക്തി വർദ്ധിച്ചുള്ള സജ്ജനത്തിന്നു നീ
മുക്തി കൊടുപ്പതുമത്ഭുതമല്ലഹോ!
താപത്രയമായ നല്ലോരിരുട്ടിന്നു
ദീപമായുള്ളതു ഭക്തിയത്രേ ദൃഢം.
* അഷ്ടാംഗയോഗമുണ്ടാകിലെല്ലാർക്കുമേ
പെട്ടെന്നു മോക്ഷം കൊടുക്കുമല്ലോ ഭവാൻ
സ്വച്ഛമായുള്ള തിരുനാമമൊന്നിനോ-
ടച്യുത! നീയുമെതിരല്ല പാർക്കിലോ.
ഭക്തിയത്രേ നിന്നിലും വലുതായതു
ഭക്തബന്ധോ! നിരൂപിച്ചു കണ്ടോളവും
തന്നീടുക മഹാഭക്തിതന്നേ ഭവാ-
നിന്ദിരാമാറു ചേരുന്ന പുണ്യാംബുധേ!"

---

* യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി.

നിശ്ചലഭക്തിയെത്തന്നെയുറച്ചേവ-
മച്യുതനോടു ചൊല്ലീടും ദശാന്തരേ
കണ്ടിതു പ്രഹ്ലാദനുണ്ടായ ഭക്തി വൈ-
കുണ്ഠനും പ്രീതിയോടേവമരുളിനാൻ:-
"എന്തു നിൻ ചിന്തയിലിച്ഛയതൊക്കയും
ചന്തമായ് തന്നേനിതെന്നറിഞ്ഞീടു നീ.
ഞാനിനിപ്പോകുന്നു വൈകുണ്ഠലോകത്തു
ദീനനായീടൊലാ പോയെന്നു മാനസേ.

'മാർത്താണ്ഡബിംബത്തിലും പാൽക്കടലിലും
പേർത്തു വൈകുണ്ഠത്തിലുമിരിക്കും ഹരി.'
മൂഢരായുള്ളവരിങ്ങനെ ചൊല്ലുവോ-
രൂഢമോദം ഭക്തരുള്ളിലിരിപ്പു ഞാൻ.
തന്നുടെ ഗേഹത്തിലഗ്നി പിടിക്കിലോ
മന്നിലാരെങ്കിലും നോക്കിയിരിക്കുമോ?
എന്നതുപോലെ മൽഭക്തനു സങ്കടം
വന്നാലതു കണ്ടിരിക്കയില്ലേഷ ഞാൻ.
ദുഷ്ടനെക്കൊല്ലുവാനായിട്ടിനി മേലി-
ലെട്ടുനാളുള്ളിൽ വരുന്നതുമുണ്ടെടോ?

പെട്ടന്നു തൂണിൽ നരസിംഹമായ് ജനി-
ച്ചിഷ്ടമായന്നു കാണാം നിനക്കിന്നിയും."
മേൽ വരും കാര്യമരുൾചെയ്തു മെല്ലവേ
ദേവനും തത്ര മറഞ്ഞരുളീടിനാൻ.
മാധവൻ മന്ദം മറഞ്ഞതു കണ്ടുള്ളി-
ലാധി പൂണ്ടേററവും കേണു കുമാരനും,
ഒട്ടു നാൾ വേല ചെയ്തിട്ടു യത്നംകൊണ്ടു
കിട്ടിയോരർത്ഥം കളഞ്ഞവനെപ്പോലെ

ദേഹസ്മരണയുമെന്നിയേ ശോകിച്ചു
മോഹവും നീക്കിയിരുന്നാനനന്തരം.

മൂന്നു ലോകത്തെയും മുന്നാമളന്നോരു
ദേവനും പ്രത്യക്ഷനായിക്കരുണയാ
താങ്ങിയെടുത്തു തഴുകി നിന്നീടുന്ന
മംഗലയോഗിയെ വീക്ഷിത്തുമാശയാ
വന്ന കണക്കെത്തരണി പൂർവ്വാദ്രിമേൽ
നന്നായുദിച്ചു തെളിഞ്ഞു വിളങ്ങിനാൻ.
ഭാനുവിനെക്കണ്ടു പ്രഹ്ലാദനും തദാ
മാനിച്ചുകൊണ്ടിരുന്നീടിനാനാദരാൽ;
ഉത്തമന്മാർ പരബ്രഹ്മമറിഞ്ഞിട്ടു
ചിത്തപത്മേ കണ്ടിരിക്കും കണക്കിനെ.

അർക്കൻ പ്രകാശിച്ച നേരം തമസ്സക-
ളൊക്കയും നീങ്ങി മറഞ്ഞിതു ദൂരവേ;
മാനസത്തിങ്കലുള്ളന്ധകാരങ്ങളും
ജ്ഞാനേന മാഞ്ഞു പോയീടും കണക്കിനെ;
വാരിജമെല്ലാം വിരിഞ്ഞു ശോഭിച്ചതേ
ശൌരികഥ കേട്ട ചിത്തം കണക്കിനെ;
അർക്കനെക്കണ്ടു വന്ദിച്ചു യോഗീന്ദ്രനും
തൽക്ഷണം തന്നുടെ രാജ്യമകംപുക്കാൻ,
കാരണപൂരുഷനെക്കണ്ട തോഷേണ
പാരം തെളിഞ്ഞു പുണർന്നുകൊണ്ടങ്ങനെ.

“നാരായണാഖിലാധാര! ജഗന്നാഥ!
കാരണപൂരുഷ! ചിന്മയ! സന്മയ!
ദാശരഥേ! രഘുരാമ! ദയാനിധേ!
ആശരാരേ! ഹരേ! കേശവ! മാധവ!

വിഷ്ണോ! മുകുന്ദ! ഗോവിന്ദ! മുരാന്തക!
കൃഷ്ണ! കരുണാകര! കമലാപതേ!
നന്ദതനൂജ! വൃന്ദാരകവന്ദിത!
വൃന്ദാവനേ പശുവൃന്ദരക്ഷാകര!
മീനായി വേദങ്ങൾ വീണ്ടുകൊൾവാൻ പുരാ
ദാനവനെക്കൊലചെയ്ത ദാമോദര!

വിണ്ടലർ പണ്ടു പാലാഴി കടഞ്ഞ നാൾ
തിണ്ണന്നു മുങ്ങും മലയുയർത്തീടുവാൻ
വണ്ണം തിരണ്ടോരു കൂർമ്മാകൃതി പൂണ്ടു
തിണ്ണം മലയെച്ചുമക്കും മധുരിപോ!
ഇമ്മഹിതന്നെ ഹിരണ്യാക്ഷദാനവ-
നംബുവിൽ കൊണ്ടുപോയ് താഴ്ത്തും ദശാന്തരേ
* പോത്രിയായ് ദാനവൻതന്നെയും കൊന്നിട്ടു
ധാത്രിയെ വീണ്ടോരു ധാത്രീധരപതേ!
ഈരേഴുലോകമളക്കേണമെന്നിട്ടു
നേരോടു വാമനനായിപ്പിറന്നിട്ടു

ഈരടിയായിട്ടളന്നുകൊണ്ടീടിന
നാരായണ! സരസീരുഹലോചന!
ഉഗ്രരായുള്ളോരസുരരാജാക്കളെ
നിഗ്രഹിച്ചീടുവാൻ ഭാർഗ്ഗവരാമനായ്
വിക്രമം പൂണ്ടു മുവ്വേഴുവട്ടം കൊന്ന
ചക്രപാണേ! ഗോപതേ! മധുസൂദന.!
മിത്രവംശത്തിൽ ദശരഥപുത്രനായ്
ചിത്രമായ്‌വന്നു പിറന്നിട്ടു സംഗരേ

---

* പോത്രി=പന്നി

പത്രികൾകൊണ്ടു രാത്രിഞ്ചരവീരരെ
മിത്രാത്മജാലയേ ചേർത്ത രാമ! ഹരേ!

രോഹിണിക്കേറ്റവും നല്ല കുമാരനായ്
നീ ഹലരാമനായ് വന്നു ജനിച്ചുടൻ
ആഹവേ ദുഷ്ടരെസ്സംഹരിച്ചീടുന്ന
മേഘവർണ്ണ! കടൽവർണ്ണ! ജഗൽപതേ!
ഭൂഭാരമെല്ലാമകറേറണമെന്നിട്ടു
ശോഭയോടമ്പാടി തന്നിൽ വളർന്നു നീ.
വൈഭവം കാട്ടിക്കളിച്ചുകൊള്ളും പത്മ-
നാഭ! നരകരിപോ! നളിനേക്ഷണ!
ആക്കമോടേ കലികാലത്തു വന്നു നീ
മൂർഖരെയൊക്കയും സംഹരിച്ചീടുമേ

ഇന്നു നരസിംഹരൂപമായ് കേവലം
വന്നു ദൈത്യേന്ദ്രനെസ്സംഹരിച്ചിട്ടുടൻ
ഖിന്നത ലോകത്തിനുള്ളതു പോക്കുന്ന
പന്നാഗശായിൻ! പുരുഷോത്തമ! ഹരേ!
കാരുണ്യഭാജന! ശാശ്വതപൂരണ!
പുണ്യപുരാണധാമപ്രഭോ! ഗോവിന്ദ!
സാനന്ദമെൻ നന്ദനന്ദന! മാം വിന്ദ*
മാം വിന്ദ ഗോവൃന്ദലാളനതൽപര!
എത്ര നാളിങ്ങനെ സംസാരസാഗരേ
അത്ര പതിച്ചു കിടന്നു വിവശനായ്

സംസാരവങ്കടൽ തന്നിലുള്ളോരഴൽ
കംസരിപോ! ഭവാൻ താൻ കളയേണമേ."

---

* മാം വിന്ദ=എന്നെ പരിഗ്രഹിച്ചാലും

എന്നിവണ്ണമുയരെപ്പറയുന്നതു
നിന്നാ മഹാജനം കേൾക്കും ദശാന്തരേ
നന്നുനന്നെത്രയുമെന്നു ചൊല്ലിദ്രുതം
ചെന്നു വണങ്ങി സ്തുതിച്ചു ഭക്ത്യാ ചിലർ,
ഭ്രാന്തിയത്രേയിതു ചൊന്നാരിതി ചിലർ.
എന്തെടോ മുന്നമേയുണ്ടിതെന്നാർ ചിലർ,
ശാന്തനാകുന്നോരു പ്രഹ്ലാദനിങ്ങനെ
ഭ്രാന്തനെപ്പോലെ പറഞ്ഞു വീഥികളിൽ
നേരേ വരുന്നതു കണ്ടോരസുരകൾ
പാരാതെ ദാനവനോടു ചൊല്ലീടിനാർ.
“നിന്നുടെപുത്രനെസ്സാഗരേ കൊണ്ടുപോയ്
നന്നായമുഴ്ത്തിക്കളഞ്ഞാരസുരകൾ
എന്ന വിശേഷമോ കേട്ടതല്ലോ പുന-
രിന്നവൻ ജീവിച്ചുയന്നുകൊണ്ടീടിനാൻ”
എന്നവർ ചൊല്ലുന്ന നേരമസുരനും
വന്നോരു കോപാൽ ചുവന്നിതു കണ്ണുകൾ
“ദുഷ്ടനെക്കൊല്ലുവാൻ സാഗരമദ്ധ്യത്തി-
ലിട്ടു മലയേററിക്കൊന്നുവെന്നോൎത്തു ഞാൻ
കഷ്ടമേ ജീവിച്ചുപോന്നാകിലിന്നിനി-
ത്തുഷ്ട്യാ പിടിച്ചുകൊണ്ടിങ്ങു വന്നീടുവിൻ”
എന്നു പറഞ്ഞതു കേട്ടവരപ്പൊഴേ
ചെന്നു കുമാരനെക്കൊണ്ടുവന്നീടിനാർ.
വന്ദനം ചെയ്തു പിതാവിനെക്കണ്ടിട്ടു
നിന്നിതു ബാലനാമന്നേരമാദരാൽ.
പുത്രനെ നോക്കിയസുരനുമപ്പൊഴേ
മൃത്യുവെന്നോൎത്തു കരവാളുമായ് ദ്രുതം

ചൊല്ലിനാൻ മല്ലാരിതൻപ്രിയൻ തന്നോടു
“കൊല്ലുവൻ നിന്നെ ഞാനില്ല കില്ലേതുമേ.
ദുഷ്ടബുദ്ധേ! ഹരിതന്നെ വെടികയോ
വെട്ടുകൊണ്ടന്തകൻവീട്ടിന്നു പോകയോ
രണ്ടിലൊന്നിന്നു വരുത്തുന്നതുണ്ടു ഞാൻ
കുണ്ഠബുദ്ധേ! രണ്ടിലേതെന്നു ചൊല്ക നീ.
എല്ലാം നിനച്ചിന്നു ചൊല്ലുകിലെന്നോടു
കൊല്ലുവൻ നിന്നെ ഞാനില്ല കില്ലേതുമേ.
വല്ലാത്ത വാക്കു പറയരുതിന്നിമേൽ
....”
* സന്ധി രണ്ടിങ്ങനെ ദാനവൻ ചൊന്നതു
മന്ത്രികൾ കേട്ടു പരിഭ്രമിച്ചഞ്ജസാ
എന്തിവനത്തരം ചൊല്ലുന്നതെന്നുള്ള
ചിന്തയാ ബാലനെ നോക്കിനിന്നീടിനാർ.
അപ്പോൾ ഹിരണ്യനോടായിക്കൃപാനിധി
കെല്പോടു ചൊന്നതു കേൾക്കെടോ ഭൂപതേ!
“എങ്ങും നിറഞ്ഞിരുന്നീടുന്ന ദേവനെ-
യെങ്ങനെ കൈവെടിയുന്നു ഞാനോർക്കിലോ?”
അങ്ങനെ കേട്ടു ഹിരണ്യനതുനേര-
“മെങ്ങുമുണ്ടെങ്കിലിത്തൂണിലുണ്ടോ ഹരി?”
“തൂണിലുമുണ്ടു തുരുമ്പിലുമുണ്ടഹോ!
കാൺകിൽ നിന്നിലുമെന്നിലുമുണ്ടെടോ!”
സ്തംഭത്തിലുണ്ടെന്നു കേട്ടു കോപം പൂണ്ടു
വമ്പോടു സ്തംഭത്തിലൊന്നു തച്ചീടിനാൻ.

---

* സന്ധി=പക്ഷം

പാടവമോടവൻ താഡിച്ച നേരത്തു
കോടയിടിപോലെ നാദമുണ്ടായിതേ.
തെററന്നതു കേട്ടു ഞെട്ടിനാൻ ദാനവൻ
മററുള്ളവർകളും മണ്ടിനാർ ഭീതരായ്.
ഈരേഴ ലോകം പൊടിപെട്ടമാറുള്ള
ഘോരനാദം കേട്ട നേരത്തു ദാനവൻ
എട്ടു ദിക്കിങ്കലും നോക്കുന്ന നേരത്തു
പെട്ടെന്നു സ്തംഭത്തിൽനിന്നു പുറപ്പെട്ടു
ഘോരമാകും നരസിംഹാകൃതി പൂണ്ട
വാരിജനേത്രനെക്കണ്ടാനസുരനും.
വട്ടമായുള്ള മിഴിയിന്നു ചെങ്കനൽ-
ക്കട്ടകൾ പൊട്ടിച്ചിതറുമാറങ്ങനെ
പുഷ്ടശ്രീയാ മൊട്ടുവെല്ലുന്ന ദംഷ്ട്രങ്ങൾ
ദൃഷ്ട്വാ ഖലമനം പൊട്ടിത്തെറിക്കുന്നു.
കണ്ണ്ണങ്ങൾ കണ്ടിട്ടു ദണ്ഡമുണ്ടാകുന്നു
ചണ്ഡക്ക് മാനസേ..................
മന്ദരം തന്നുടെ കന്ദരം തന്നെയും
നിന്ദ ചെയ്യും മുഖകന്ദരം പാക്കിലോ
നീണ്ടുരുണ്ടുള്ള ഭുജങ്ങളെക്കണ്ടുള്ളി-
ലിണ്ടലായ് കണ്ടവരൊക്കെയും മണ്ടിനാർ.
ദാരുണപാദചാരേ ജനിച്ചുള്ളൊരു
മാരുതൻ മേരുവെക്കൂടെയിളക്കുന്നു.
സൂര്യകോടിപ്രഭാധാര്യമാണം ഹരിം
പൂജ്യമാണം വപുരാഢ്യരൂപം ഭജേ.
ഉഗ്രമാകും നരസിംഹത്തെയമ്പിനോ-
ടഗ്രേ നിരീക്ഷ്യ ചിന്തിച്ചിതു ദാനവൻ:

“ഇങ്ങനെയുള്ള മൃഗത്തെയൊരിക്കലു-
മെങ്ങുമേ പണ്ടു ഞാൻ കണ്ടിട്ടുമില്ലഹോ!

മെച്ചമായ് വന്നുകൊണ്ടീടിനാനിങ്ങനെ
നിശ്ചയമിന്നിതു വിഷ്ണുവെന്നുള്ളതും.
എത്രയും നന്നഹോ കണ്ടുകിട്ടിയതാ-
ശ്ശത്രുവെക്കൊല്ലുവ”നെന്നോർത്തു ദാനവൻ
വാളുമിളക്കിയടുക്കുന്നതു കണ്ടു
ബാലനും കാലു പിടിച്ചു ചൊല്ലീടിനാൻ:
“താത! നീ മൂഢരെപ്പോലെയെന്തിങ്ങനെ
നാഥ! തുടങ്ങരുതല്ലോ മഹാമതേ!
ഇന്നിവൻ പന്നഗശായി താനെന്നതു-
മൊന്നുമറിയാഞ്ഞതെന്തു ഭവാനഹോ?

എന്നതറിയാതെ ചെന്നെതിർത്തീടുകിൽ
കൊന്നീടുമേ ഹരിയെന്നതറിഞ്ഞുകൊൾ.
ഈരേഴുലകിന്നു വേരായ് മരുവുന്ന
നാരായണൻ നരസിംഹമായ് വന്നതും
പാവകനോടണയുന്ന തൃണംപോലെ
ദേവാധിനാഥനോടേല്ക്കരുതൊട്ടുമേ.
മല്ലാരിയെച്ചെന്നു കൈവണങ്ങീടുകിൽ
നല്ലതു വന്നുകൂടും ഭവാനേററവും
ഓരാതെ ചെന്നെതിർക്കുന്നിതെന്നാകിലോ
നേരേ മൃതനെന്നു നിർണ്ണയിച്ചീടു നീ”

ഏവം ബഹുവിധം പ്രഹ്ലാദവാക്യങ്ങൾ
ദേവാരി കേട്ടു കുപിതനായേററവും
തുള്ളുന്ന വാളുമായ് ബാലനെ വെട്ടുവാൻ
വല്ലഭമോടുമോങ്ങീടും ദശാന്തരേ

എന്നതു കണ്ടു നരസിംഹരൂപിയു-
മൊന്നു കുതിച്ചു പിടിച്ചുകൊണ്ടീടിനാൻ
കയ്യിലെ വാളും പറിച്ചങ്ങെറിഞ്ഞിട്ടു
പയ്യവേയൊന്നു തച്ചാനസുരേന്ദ്രനെ.
ദാനവൻവൻപടക്കൂട്ടങ്ങളൊക്കയും
ദീനരായ് മുന്നമേ പോയൊളിച്ചീടിനാർ.

തല്ലുകൊണ്ടപ്പോളസുരനും കോപിച്ചു
മല്ലുകൊണ്ടേററു മുകുന്ദനോടേററവും
യുദ്ധാവലോകായ നാകവാസികളും
സത്വരമന്തരീക്ഷേ നിരന്നീടിനാർ.
ദാനവനും ഹരിയും തമ്മിലുള്ള പോ-
രാനയും സിംഹവുമെന്ന കണക്കിനെ
ഒന്നുകൊണ്ടും ജയം വാരാഞ്ഞ നേരത്തു
തന്നെ മറന്നു കോപിച്ചു മല്ലാരിയും.
മാധവൻതന്നുടെ കോപം വിലോകിത്തും
ഭീതിയുണ്ടാകയാലെന്ന കണക്കിനെ

ആയോധനം കണ്ടു നിന്ന തരണിയും
പോയ്മറഞ്ഞീടിനാനംബുധി തന്നിലും.
പോരും പൊരുതതെന്നോത്തു മുകുന്ദനും
വീറോടു ചെന്നു പിടിച്ചു ഗതശ്രമം
പാരം ചുഴററിപ്പിടിച്ചു വേഗത്തോടു
വാരത്തിലാമ്മാറു വെച്ചിട്ടു തന്നുടെ
ക്രൂത്ത നഖങ്ങളാൽ മാറു പിളന്നിട്ടു
ചീത്ത കോപാൽ കുടർമാലയും ചൂടിനാൻ.
നാഥൻ നഖംകൊണ്ടു മാറു പിളക്കുമ്പൊ-
ളാതുരനായ്‌വന്നു ദാനവവീരനും

ഘോരനാദേന മുകുന്ദനെ നോക്കീട്ടു
പാരാതെ ചൊല്ലിനാനേവം വിവശനായ്:
"ആന കുതിരകൾ തേരുകളെത്രയു-
മാനത്തലവരായുള്ള പടകളും
അററമില്ലാതോളമുള്ള ശസ്ത്രങ്ങളും
മററും പലവകയുണ്ടായിരിക്കവേ
ആയുധഹീനനാമെന്നെയെന്തിങ്ങനെ
മായയാ കൊൽവതു ധൎമ്മമല്ലോട്ടുമേ
ആയോധനേ ശൂരരായവരൊക്കയു-
മായുധഹീനനെക്കൊല്ലുമാറില്ലല്ലോ."

എന്നവൻ തന്നോടരുളി മുകുന്ദനും
"മുന്നം വരത്തെ നിരൂപിച്ചുകൊൾക നീ
ഇന്നിദ്ദശഗ്രീവനായിപ്പിറക്കെടോ!
നന്നായിരുപതു കൈകളോടും മുദാ
അന്നു ഞാൻ മാനുഷനായിപ്പിറന്നിട്ടു
ജന്യേ സസൈന്യം വധിക്കുന്നതുണ്ടല്ലോ."
ഏവമരുൾചെയ്ത നേരത്തു ദേവാരി-
ജീവനും ദേവലോകേ ഗമിച്ചു തദാ.
ദൈത്യേന്ദ്രജീവിതം പോയോരു നേരത്തു
പ്രീത്യാ നറുമലർ പെയ്താരമരകൾ.

ദുന്ദുഭിവാദ്യം മുഴങ്ങിച്ചു ദേവകൾ
നന്ദി കലൎന്നു പുകണ്ണു തുടങ്ങിനാർ:—
"മാധവായ മധുസൂദനായ നമോ
നാഥ! കരുണാകരായ തസ്മൈ നമഃ
സാധുജനപരിപാലായ തേ നമഃ
ശ്രീധര! ഭൂമിധരായ തസ്മൈ നമഃ

തത്വായ സത്യസ്വരൂപായ തേ നമഃ
സത്യാത്മകായ സൌമ്യായ തസ്മൈ നമഃ
ഉത്തമായ പുരുഷോത്തമായ നമോ
മുക്തിദാനായ മുകുന്ദ തസ്മൈ നമഃ

കാരണായ കരിമോക്ഷദായ നമോ
നാരായണായ നരാഹരയേ നമഃ
പങ്കജലോചന! നിൻകൃപയെന്നിയേ
സങ്കടവൻകടലെക്കടക്കാവതോ?
അന്നന്നു വന്നുള്ള സങ്കടമൊക്കയും
മുന്നമേ തീൎത്തു പാലിക്കുന്നതാകിലും
ഇന്നു ഹിരണ്യനെക്കൊന്നു പാലിക്കയാൽ
നന്നായ് സുഖിച്ചു വാണീടാം ചിരം വിഭോ!"
ആദിതേയന്മാർ പുകഴ്ന്നു പലതരം
മോദേന പൂമലർ തൂകിനിന്നേററവും

നാരസിംഹാകൃതി പൂണ്ട മുകുന്ദന്റെ
ദാരുണകോപമകററുവാൻ മാനസേ
കെല്പില്ലയാഞ്ഞമരന്മാരുമപ്പൊഴേ
ഉല്പലമാതുതന്നോടു ചൊല്ലീടിനാർ:
"ചെന്താരിൽമാതേ! ഹരിപ്രിയേ! നിന്നുടെ
കാന്തസ്യ രോഷം കളക നിൻ വാക്കിനാൽ
മല്ലാരികോപമകററുവാൻ മാനസേ
വല്ലഭമാൎക്കുമില്ല നിനക്കെന്നിയേ.
നാഥൻ ജഗന്മയനെന്നു വരികിലും
പാതിമെയ് നീയല്ലയോ ജഗന്മോഹനേ!"

വൃന്ദാരകന്മാർ പറഞ്ഞതു കേട്ടട-
നിന്ദിരാദേവിയരുൾചെയ്തിതാദരാൽ

"പന്നഗശായിതൻ കോപത്തെ ഞാനഹോ
മുന്നമൊരുനാളും കണ്ടതില്ലിങ്ങനെ
പാരം ഭയമുണ്ടു കാണുകിൽ മാനസേ
ചാരത്തു ചെന്നുകൂടാ കേവലം മമ"
ദേവിതാനേവം പറയുന്നനേരത്തു
ദേവകൾ പ്രഹ്ലാദനോടു ചൊല്ലീടിനാർ:
"ബാല! സഖേ! നരസിംഹരൂപമിദ-
മാലോകിതും ധൈര്യമില്ല ഞങ്ങൾക്കഹോ!
നീയങ്ങരികത്തു ചെന്നു വന്ദിക്കിലോ
നായകനേററം കരുണയുണ്ടായ് വരും
ഞങ്ങൾക്കു വേണ്ടിയൊരു കാര്യമാദരാൽ
ഇങ്ങനെ ചെയ്യണ"മെന്നു ചൊല്ലീടിനാർ.
ഇത്തരം ദേവകൾ ചൊല്ലുന്നനേരത്തു
ഭക്തനും ചെന്നു ഹരിയെ വണങ്ങിനാൻ
പാരമായുള്ളൊരു കോപവും ഭക്തനെ-
ച്ചാരത്തു കണ്ടു കളഞ്ഞു മുകുന്ദനും
സിംഹം മൃഗാണാം ഭയാനകമെങ്കിലും
സ്നേഹമുണ്ടാം നിജപൈതലിലെപ്പോലെ.
എത്രയും ക്രുദ്ധനായുള്ള സർപ്പത്തിന്നു
ചിത്രമാമൌഷധം കണ്ടകണക്കിനെ
ഭോഗേന്ദ്രശായിപദേ വണങ്ങീടിനാൻ
യോഗീന്ദ്രനായുള്ള പ്രഹ്ലാദനാദരാൽ
ഉത്തമശ്ലോകനെ വാഴ്ത്തിനിന്നീടിനാൻ
ഭക്തിപരവശനായി നിന്നേററവും
"ശ്രീപതേ! ദേവാദികളും ഭവാനുടെ
രൂപത്തെ മാനസേ ചിന്തിച്ചുകൊള്ളുവാൻ

എങ്ങനെയെന്നറിയാഞ്ഞുഴലുന്നിതു
മംഗലദേവത തങ്ങുന്ന ദൈവമേ!

ഗൂഢസ്ഥനായുള്ള നിന്നെയിന്നെങ്ങനെ
മൂഢനാം ബാലനടിയനറിയുമോ?
ഗംഗാധരനു പോലുമെളുതാകുമോ
കംബുധര! തവ പ്രീതിവരുത്തുവാൻ?
ഭക്തികൊണ്ടല്ലയോ വാരണവീരനു
മുക്തിപദത്തെക്കൊടുത്തു ദയാനിധേ!
ബുദ്ധിയും വിദ്യയുമേറെയുണ്ടെങ്കിലും
ഭക്തിയില്ലായ്കിൽ പ്രയോജനമെന്തഹോ!
കണ്ടാൽ വിടനെങ്കിലും ഭഗവൽസ്മൃതി-
യുണ്ടെന്നിരിക്കിൽ വിശുദ്ധനത്രേയവൻ

ആനന്ദരത്നാകര! നിന്നെയിങ്ങനെ-
യാരെന്നറിഞ്ഞു പുകഴുന്നിതു ഹരേ!
ശില്പമായാനനം കണ്ടുകിട്ടീടുവാൻ
ദർപ്പണം തന്നിൽ നോക്കീടും കണക്കിനെ
നിന്നെ സ്തുതിപ്പാൻ തുനിയുന്നതൊക്കയും
തന്നെസ്തുതിക്കുന്നതായ്‌വരുമോർക്കിലോ.
എന്നതുകൊണ്ടിനി ഞാൻ പുകഴുന്നതി-
നിന്നു തിരുവുള്ളമാകേണമേററവും.
ആദികാലേ ശിശു പേശും മൊഴി കേട്ടു
മോദിച്ചുകൊള്ളുന്ന മാനുഷരെപ്പോലെ

ഇങ്ങനെ ഞാൻ പുകഴുന്നതിന്നേററവു-
മങ്ങു തിരുവുള്ളമായ്‌ഭവിക്കേണമേ.
ദുഷ്ടരെക്കൊല്ലേണമെങ്കിലോ മാനസേ
പെട്ടെന്നു ചിന്തിച്ചുകൊൾകിൽ മതിവരും

എന്നെ രക്ഷിപ്പതിന്നായ് നിനച്ചല്ലയോ
ഇന്നു നരസിംഹരൂപമായ് വന്നതും?
ഇങ്ങനെ നിൻ ഹരിരൂപമോൎത്തീടുകിൽ
പൊങ്ങിന ഭീതികളെല്ലാമകന്നു പോം.
നാഥ! വദനമേററം നീ പിളൎക്കിലും
ചേതസി ഭീതിയെനിക്കില്ല നിൎണ്ണയം.
ശ്രീപതേ! പാലിച്ചുകൊള്ളേണമെപ്പൊഴും
താപത്രയാംബുവിൽ വീണുകൊള്ളാതെ മാം.
ത്വൽകടാക്ഷം ചെറുതുമില്ലായ്കിലോ പുന-
രിക്കണ്ട ലോകവുമില്ലെന്നു നിൎണ്ണയം.
കൎമ്മങ്ങൾകൊണ്ടു ഫലമില്ല കാണുകിൽ
ബ്രഹ്മനും കൎമ്മണാ ബദ്ധനല്ലോ വിഭോ!
പിച്ചയാ സ്വൎഗ്ഗത്തിലുള്ള ഭോഗങ്ങളും
തുച്ഛമത്രേ നിരൂപിച്ചു കണ്ടോളവും.
കൎമ്മഫലമറിയാതെയനുദിനം
കൎമ്മങ്ങളോരോന്നു ചെയ്തു മോഹത്തിനാൽ
നിൎമ്മലാം നിന്മേനി ചിന്തിയാതേ സദാ
ജന്മങ്ങളെല്ലാം കഴിയുന്നിതേ വൃഥാ.
ഒന്നിനുമുള്ളിൽ വിരക്തി വന്നീടാതെ
നന്നു നിന്മായതൻ വൈഭവമെത്രയും
എന്നതോൎത്താലഹം ദാനവനെങ്കിലും
നിന്നെ നിരീക്ഷിതും ഭാഗ്യമുണ്ടായി മേ
ധന്യനാം നാരദസംഗമെന്നുണ്ടായി-
തന്നുതന്നേ പരിശുദ്ധനായ് വന്നു ഞാൻ

ഭക്തരെ രക്ഷിച്ചു കൊള്ളുവാനല്ലയോ
മൂൎത്തിം ധരിച്ചു പോരുന്നു കൃപാനിധേ!

ദേഹമെന്നുള്ളൊരു മോഹേന മാനസേ
സ്നേഹേന നിന്നെ നിരൂപിക്കയില്ലഹോ!
നേത്രങ്ങൾ രൂപഗ്രഹണത്തിൽ ചലിക്കയും
ശ്രോത്രങ്ങൾ ശബ്ദത്തിലാമ്മാറിഴയ്ക്കയും
നാസിക നല്ല സുഗന്ധേ വലിക്കയും
വാസനയാൽ രസേ ചേൎക്കും രസനയും
സംഗേ വലിക്കുന്നു ഗാത്രം മനസ്സിനെ-
യങ്ങുമിങ്ങും വലയുന്നിതു മാനസം.
രണ്ടു ദാരം വേട്ട മാനുഷരെപ്പോലെ
കണ്ടുകൊണ്ടാലുമജ്ജീവനുള്ളോരഴൽ.

തുംഗകാരുണ്യാൽ ഭവാംബുധി തന്നീന്നു
താങ്ങിക്കര കടത്തേണം മധുരിപോ!
എന്നെ രക്ഷിപ്പാൻ പ്രയാസമില്ലേതുമേ
ഇന്ദിരാവല്ലഭ! ചിന്തിച്ചിതാകിലോ.
സ്വല്പം കടക്കണ്ണുകൊണ്ടൊന്നു നോക്കുകി-
ലപ്പൊഴുതേ ഗതി വന്നുകൂടും ദൃഢം.
വിഷ്ണോ! മുകുന്ദ! ഗോവിന്ദ! ജയ ജയ
വൃഷ്ണിപതേ! കൃഷ്ണ! രാമ! ഹരേ! ജയ
ഭക്തബന്ധോ! പരബ്രഹ്മമൂൎത്തേ! ജയ
ഭുക്തിമുക്തിപ്രദാനൈകമൂൎത്തേ! ജയ

വാരിധിയിൽ പള്ളികൊണ്ടവനേ! ജയ
നാരായണ! നരകാരേ! ജയ ജയ

അച്യുത! വൈകുണ്ഠ! ദാമോദര! ജയ
സച്ചിദാനന്ദമൂൎത്തേ! മാധവ! ജയ
വിശ്വമൂൎത്തേ! വിശ്വപാല! ജയ ജയ
ശാശ്വത! ശൌരേ! മുരാരേ! ജയ ജയ
ശംഖചക്രായുധപാണേ! ജയ ജയ
പങ്കജനാഭ! ഭഗവൻ! ജയ ജയ
വാസുദേവ! വസുധാധിപതേ! ജയ
വാസവസേവ്യ! വരദ! ജയ ജയ
ഇഷ്ടനായുള്ളോരു മൽപിതാവിന്നിഹ
പെട്ടന്നു മോക്ഷമേകേണം കൃപാംബുധേ!"
ഭക്തി പൂണ്ടിത്ഥം പുകഴ്ന്നതു കേട്ടു
ചിത്തം തെളിഞ്ഞരുൾചെയ്തു കൃപാനിധി:
"ചിത്തശുദ്ധ്യാ മമ നാമങ്ങളെപ്പൊഴും
കീൎത്തിച്ചു മന്വന്തരം ഭുവി വാഴ്ക നീ
ചൊവ്വോടു ദാനവരാജനായ് കേവല-
മുൎവ്വിയിൽ ധൎമ്മത്തെയും നടത്തീടുക.
മന്നവനായിട്ടു ലോകസുഖങ്ങളെ-
യൊന്നൊഴിയാതേ ഭുജിച്ചു ദിനംപ്രതി
സാരമായുള്ളോരു മൽപദംതന്നോടു
പാരാതെ ചേരാമൊടുക്കം നിനക്കെടോ!
എന്നോടരിശിപ്പവൎക്കു മോക്ഷപ്രാപ്തി
വന്നീടുവാൻ ദണ്ഡമില്ലതിനാലിനി
നിന്നുടെ താതനു മോക്ഷമതെന്നിയേ
പിന്നെ നരകാനുഭൂതിയുണ്ടാകുമോ?

എന്നു നിന്നെസ്സുതനായി ലഭിച്ചവ-
നന്നു തന്നെ മുക്തനായവനിന്നെടോ!
ചെയ്ക പരലോകകൎമ്മം ജനകനു
വൈകാതവണ്ണം വിധിപൂൎവ്വമായി നീ.

പട്ടാഭിഷേകവും ചെയ്തുകൊണ്ടെത്രയും
തുഷ്ട്യാ ഭരിച്ചുകൊണ്ടീടുക ഭൂമിയെ."
എന്നരുൾചെയ്തു വൃന്ദാരകന്മാരെയും
മന്ദം കടാക്ഷിച്ചനുജ്ഞയും നല്കിനാൻ
ഇന്ദിരാവല്ലഭൻതാനുമനന്തരം
മന്ദം മറഞ്ഞരുളീടിനാൻ ഭൂപതേ!
ഉത്തമശ്ലോകനരുളും മൊഴികളെ-
യുത്തമാംഗേ വഹിച്ചിട്ടു പ്രഹ്ലാദനും
താതനുള്ളോരു പരലോകകൎമ്മങ്ങൾ
ചേതസാ കൎത്തുമുദ്യുക്തനായീടിനാൻ.

ദൈത്യരമരകളോടും മുനികളും
ദൈത്യഗുരുവോടു വേദിയർ തന്നോടും
ഒന്നിച്ചു താതനരികത്തു ചെന്നിട്ടു
ഖിന്നനായ് കണ്ണുനീർ വാൎത്തുകൊണ്ടാദരാൽ
പട്ടിനാൽ മൂടിയലങ്കരിച്ചേററവും
കൊട്ടിച്ചു വാദ്യഘോഷത്തോടും കൂടവേ
ഗന്ധേധന സഞ്ചിതമായ ചിതയതിൽ
മന്ത്രേണ വെച്ചു തീയും ജ്വലിപ്പിച്ചുടൻ
സൂനു ജനകം ദഹിപ്പിച്ചു ഗംഗയിൽ
സ്നാനവും ചെയ്തുദകാദികൎമ്മങ്ങളും

സ്വൎണ്ണം മഹി വസു ഗോക്കളുമെന്നിവ-
യെണ്ണമില്ലാതവണ്ണം കൊടുത്തീടിനാൻ.
ഉത്തമന്മാർ പുകഴുന്നതു കേട്ടു തൻ-
പത്തനം പുക്കു നത്വാ ജനനീപദേ
അമ്മയ്ക്കു സങ്കടമുണ്ടായതൊക്കയും
നിൎമ്മലവാചാ കളഞ്ഞു കുമാരനും.
ശിഷ്യാവലോകായ നാരദമാമുനി
പുഷ്യന്മുദായെഴുന്നള്ളും ദശാന്തരേ
മാമുനീന്ദ്രനെഴുന്നള്ളുന്നതു കേട്ടു
ദാമോദരപ്രിയൻ തുഷ്ടനായേററവും
പാരാതെ ചെന്നെതിരേററു പാദങ്ങളെ
നേരേ പിടിച്ചു വണങ്ങിനിന്നാദരാൽ
പൊൻമയസിംഹാസനത്തിലിരുത്തീട്ടു
നന്മയാലൎഘ്യപാദ്യേന പൂജിച്ചുടൻ
കൃത്വാ പ്രദക്ഷിണം നത്വാ മുഹുൎമ്മുഹുഃ
സ്തുത്വാ ബഹുവിധം നിൽക്കുന്ന നേരത്തു
ചിത്തമോദം കലൎന്നേററം വിധിസുതൻ
ഭക്തനെ നോക്കിത്തെളിഞ്ഞു ചൊല്ലീടിനാൻ:
"സൂനോ! ഹരിപ്രിയ! ലീലാവതീസുത!
ജ്ഞാനം നിനക്കുപദേശിച്ചതാരെടോ?
പത്മനാഭനധികപ്രിയനായതു-
മത്ഭുതമത്ഭുതമോൎത്തുകണ്ടോളവും
താപസശ്രേഷ്ഠനെക്കുമ്പിട്ടു പയ്യവേ
താപം കളഞ്ഞു ചൊല്ലീടിനാൻ ബാലകൻ:

“ചിന്തയിലെല്ലാമറിഞ്ഞിരിക്കും ഭവാ-
നെന്തഹോ മാം പരീക്ഷിക്കേണമോ ബലാൽ?
നാരദൻതന്നുടെ ശിഷ്യനെന്നുള്ളതും
പാരിലെല്ലാവരും ചൊല്ലുന്നു സന്തതം.
ത്വൽകടാക്ഷത്താൽ ഭഗവൽസ്വരൂപത്തെ-
യിക്കണ്ണുകൊണ്ടു കാണ്മാൻ തരം വന്നതും
നന്ദിതനാകേണമെന്നെക്കുറിച്ചിനി-
യിന്നിയും നന്നായനുഗ്രഹിക്കേണമേ.
എന്നതു കേട്ടരുൾചെയ്തു മഹാമുനി
മന്ദസ്മിതം ചെയ്തു സുന്ദരവാക്കിനാൽ.
“നില്ക്കുമ്പൊഴുമിരിക്കുമ്പൊഴും പോകിലും
ദുഃഖസുഖാദികളുണ്ടാം പൊഴുതിലും
പേർത്തുമുയരെത്തിരുനാമമുച്ചരി-
ച്ചാസ്ഥയാ ശോകമെല്ലാം കളഞ്ഞീടെടോ!
നാരായണാജ്ഞയാ വേണ്ടും ഗുണങ്ങളും
പാരാതെ കൈവന്നുകൂടും ദശാന്തരേ
സ്ഥാനത്തുറയ്ക്കിലുമസ്ഥാനമെങ്കിലും
മാനസേ മേവുന്ന ദേവനെസ്സന്തതം
ഏകാഗ്രബുദ്ധ്യാ നിരൂപിച്ചു ശുദ്ധനാ-
യാകാംക്ഷയോടു വസിച്ചുകൊണ്ടീടു നീ”
എന്നരുൾചെയ്തു മുനിവരനും മുദാ
തന്നുടെ പർണ്ണശാലയ്ക്കെഴുന്നള്ളിനാൻ
താപസശ്രേഷ്ഠനും പോയോരനന്തരം
താപമകന്നുള്ള ദേവകളൊക്കെയും

ദൈത്യപ്രവരരോടും കലന്നങ്ങനെ
ദൈത്യഗുരുവോടും മാമുനിമാരൊടും
മാനിച്ചു പ്രഹ്ലാദനാകിയ ബാലനെ
മന്നവനാക്കി വാഴിച്ചു കൊണ്ടീടുവാൻ
പത്തനമെല്ലാമലങ്കരിച്ചെത്രയും
ചിത്തമോദത്തോടു നാനാജനങ്ങളും
എട്ടാശ പൊട്ടുമാറുള്ള വാദ്യത്തോടും
പട്ടാഭിഷേകവും ചെയ്തു കുമാരനെ.
ദാനവരാജനായോരു പ്രഹ്ലാദനും
ദീനതയെന്നിയേ മൂന്നു ലോകത്തെയും
പാലിക്കുമന്നാളിലുള്ള സൌഖ്യങ്ങളെ-
ച്ചാലേ പറയുന്നതെങ്ങു മഹീപതേ!
ധൎമ്മമല്ലാതെയധൎമ്മമില്ലെങ്ങുമേ
കൎമ്മങ്ങൾ വൎണ്ണത്തിനുള്ളതിങ്ങേവനും
സത്യമല്ലാതെയസത്യവുമില്ലഹോ
നിത്യം ഹരിസ്മൃതി ചെയ്യുമെല്ലാവനും
മിത്രമെന്യേ ശത്രുവില്ലതു കാലത്തു
ശാസ്ത്രവിധിയെന്നിയേ ചെയ്കയില്ലെടോ!
സൌഖ്യമെന്യേ ദുഃഖമില്ലൊരു ജീവനു-
മക്കാലമാധിയും വ്യാധിയെന്നുള്ളതും
ബാലമരണവും ചോരഭയങ്ങളും
പേലവമെന്നുള്ളതുമില്ല ഭൂപതേ!
കല്മഷനാശനമിക്കഥയൊക്കയും
ധൎമ്മജൻതന്നോടരുൾചെയ്തു നാരദൻ

ചിത്തം തെളിഞ്ഞിതു ചൊല്ലുന്ന മൎത്ത്യനും
ഭക്തിയോടിക്കഥ കേൾക്കും ജനത്തിനും
നല്ല കഥയിതു കേൾപ്പതിന്നാശയാ
ചൊല്ലുചൊല്ലെന്നു കേട്ടീടും ജനത്തിനും *
അല്ലലകന്നു വാണീടാമൊട്ടുക്കത്തു
നല്ലോരു ഭക്തിയും മോക്ഷവും കൈവരും.
നാരദൻ ധൎമ്മജനോടരുൾചെയ്തോരു
ചാരുകഥയിതു ശ്രീശുകമാമുനി

ഭൂപതിയാകിയ ശ്രീപരീക്ഷിത്തിനെ-
യാമോദമോടു കേൾപ്പിച്ചവയൊക്കയും
സൂതനും ശൌനകനോടറിയിച്ചിതു
സാദരം കേട്ടു പൂജിച്ചാരവർകളും.
എന്നുരചെയ്തു ഗോവിന്ദനെച്ചിന്തിച്ചു
നന്ദിച്ചിരുന്നാൾ കിളിമകളുമന്നു.

ഇതി ശ്രീമഹാഭാഗവതേ
പ്രഹ്ലാദോൽപത്തി സമാപ്തം.

* കേട്ടീടും ജനം=അപേക്ഷിക്കുന്ന ആൾ

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിററി വക

പുസ്തകങ്ങൾ.

1	ജപ്പാൻ (പുത്തേഴത്തു ഗോവിന്ദമേനോൻ)	ക.	0	10	0
2	ചന്ദ്രഹാസൻ (നാടകം)		0	10	0
3	കിമ്മീരവധം ആട്ടക്കഥ	(സവ്യാഖ്യാനം)	0	5	0
4	ഉത്തരാസ്വയംവരം ആട്ടക്കഥ	,,	0	4	0
5	ഭാഗവതം ഇരുപത്തിനാലുവൃത്തം	,,	0	10	0
6	ഗൌരീചരിതം ഭാഷാചമ്പു	,,	0	8	0
7	കാലകേയവധം തുള്ളൽ	,,	0	6	0
8	തോരണയുദ്ധം പാന		0	10	0
*9	രാമായണം 24 വൃത്തം		0	8	0
10	ചാണക്യസൂത്രം (കിളിപ്പാട്ട്)		0	12	0
11	വേതാളചരിതം (,,)		1	4	0
12	വിഷവൈദ്യം പാട്ട്		0	2	0
13	ജ്യോൽസ്നിക (വിഷവൈദ്യം)		0	8	0
14	പാർവ്വതീപരിണയം (കിളിപ്പാട്ട്)		0	8	0
15	മനുഷ്യാലയചന്ദ്രിക തച്ചുശാസ്ത്രം	(സവ്യാഖ്യാനം)	0	12	0
16	രാവണോത്ഭവം ഭാഷാചമ്പു	,,	0	8	0
17	വിച്ഛിന്നാഭിഷേകം ഭാഷാചമ്പു	,,	0	8	0
18	സുഗ്രീവസഖ്യം ഭാഷാചമ്പു	,,	0	8	0
19	അംഗുലീയാങ്കം ഭാഷാചമ്പു	,,	0	8	0
20	ഉദ്യാനപ്രവേശം ഭാഷാചമ്പു	,,	0	8	0
21	മണിമേഖല		1	0	0
22	ചിലപ്പതികാരം		1	8	0
23	ശ്രീരാമാശ്വമേധം (കിളിപ്പാട്ട്)		2	8	0

* തിന്റുപോയി.

24	സഹകരണപ്രസ്ഥാനം (കെ. എം)	1	0	0
25	സാഹിത്യദർപ്പണം 1-ാംഭാഗം	1	8	0
26	സമസ്തകേരളസാഹിത്യപരിഷത്തിന്റെ ദ്വിതീയസമ്മേളനറിപ്പോർട്ട്	2	8	0
27	ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം (ഡാക്ടർ എൽ. ഏ. രവിവർമ്മ)	1	12	0
28	ശ്രീകൃഷ്ണൻ (ഗദ്യം)	1	0	0
29	നമ്പ്യാരുടെ രത്നങ്ങൾ (കുഞ്ചൻനമ്പ്യാരുടെ കൃതികളിൽനിന്നു സംഗ്രഹിച്ചതു്)	1	0	0
30	എഴുത്തച്ഛന്റെ രത്നങ്ങൾ (എഴുത്തച്ഛന്റെ കൃതികളിൽനിന്നു സംഗ്രഹിച്ചതു്)	1	8	0
31	കൌടില്യന്റെ അർത്ഥശാസ്ത്രം	3	0	0
32	ടി. ടി പദാനുക്രമണിക	0	12	0
33	ത്രിപുരദഹനം ഭാഷാചമ്പു (സവ്യാഖ്യാനം)	0	8	0
34	ബകവധം ഭാഷാചമ്പു ,,	0	8	0
35	ദൂതവാക്യം നാടകം (ഭാഷാഗദ്യം)	0	8	0
36	കേശഗ്രഹണം ഭാഷാചമ്പു (സവ്യാഖ്യാനം)	0	8	0
37	ധനശാസ്ത്രതത്വം (പി. എൻ. മൂസ്സതു്)	2	8	0
38	തെങ്കൈലനാഥോദയം ഭാഷാചമ്പു (സവ്യാഖ്യാനം)	0	8	0
39	ഉത്തരരാമായണം (ഗദ്യം) 1-ാംഭാഗം	1	2	0
40	ടി (ടി.) 2-ാംഭാഗം	1	2	0
41	സാഹിത്യദർപ്പണം 2-ാംഭാഗം	2	0	0
42	സാധാരണരോഗങ്ങളും അവയുടെ നിവാരണമാർഗ്ഗങ്ങളും	0	12	0
43	പ്രഹ്ലാദചരിതം (കിളിപ്പാട്ടു്)	0	10	0

അപേക്ഷിക്കേണ്ടും മേൽവിലാസം:—

സിക്രട്ടറി, ഭാഷാപരിഷ്കരണക്കമ്മിററി,

എറണാകുളം.

Printed at The S. D. Printing Works Ltd. Ernakulam.

2.24

ശ്രീരാമവർമ്മഗ്രന്ഥാവലി, നമ്പർ 43

ശ്രീ

പ്രഹ്ലാദചരിതം.

(കിളിപ്പാട്ട്)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.